marggam
Digital Library of Christianity in India
www.marggam.com

# 'RASA'

# റാസാ

കൽദായ സുറിയാനിക്കർമ്മകാണ്ഡത്തിലെ
ശ്രേഷ്ഠപുരോഹിതപൂജ.

വൈദികാനുമതിയോടെ
എം. റ്റി. എസ്സ്. പ്രസ്സിൽ
മുദ്രാങ്കിതം.

Printer & Publisher
A. Joseph.
M. T. S. P. Puthenpally.
Verapoly.
30 11 1923

DHARMARAM COLLEGE LIBRARY
BANGALORE
9984

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

# അതി പൂജ്യനായ പിതാവെ!

നമ്മുടെ പള്ളികളിൽ റാസാ, കുർബ്ബാന, ഒപ്പീസ് മുതലായ പലെ തിരുകർമ്മങ്ങളും വൈദികർ അനുഷ്ഠിക്കയും ഞങ്ങൾ സന്നിഹിതരായി അവയിൽ പങ്കുകൊള്ളുകയും ചെയ്തുവരുന്നുണ്ടല്ലൊ. എന്നാൽ ഏവംവിധ ചടങ്ങുകളുടെ സാരാർത്ഥം ഗ്രഹിച്ച് അതേപ്പററി പര്യാലോചിച്ച് തങ്ങൾക്കു ആത്മീയ യോഗ്യതകളെ സമ്പാദിച്ചുകൊണ്ട്, വേണ്ടപോലെ അവയിൽ ഭാഗഭാക്കാകുന്നതിന് പ്രായേണ ജനസാമാന്യത്തിനു സാധിക്കാതിരിക്കുന്നതിനുള്ള പ്രതിബന്ധങ്ങളിലൊന്ന് അവ ദിവ്യ ഭാഷയായ കൽദായാ പേച്ചിൽ വർത്തിക്കപ്പെടുന്നുവെന്നതാണല്ലൊ. എന്നാൽ മാതൃഭാഷയിൽ നടത്തുന്നതിന് സത്യസഭ അനുവദിക്കാത്ത കാലത്തോളം ഇങ്ങിനെതന്നെ കഴിക്കയല്ലാതെ ഗത്യന്തരവുമില്ല.

ഇപ്രകാരമുള്ള വൈദിക കർമ്മങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതും ഒട്ടും അസാധാരണമല്ലാത്തതും ആയ 'റാസ'കുർബ്ബാനയുടെ രഹസ്യസാരം, എന്റെ ബലഹീനബുദ്ധിയിലെത്തപ്പെട്ടതുപോലെ രൂപവല്ക്കരിച്ച് വെളിക്കാക്കിയതു കണ്ടവരിൽ പലരും സാരംപോലെ സംഗതിയും തങ്ങൾക്കു കിട്ടണമെന്നാവശ്യപ്പെട്ടതിനാൽ, അതു നിറവേററി അവിടത്തെ പാദപങ്കജത്തിങ്കൽ വിനയപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

കൂടാതെയും റാസകുർബ്ബാനയിലും മററുള്ള കുർബ്ബാനകളിലും ഇതു ഉപയോഗപ്പെടുന്നതിനു വേണ്ടി കുർബ്ബാനയിലെ പ്രാർത്ഥനകൾ മുഴുവനും, അപ്രകാരംതന്നെ പാപസങ്കീർത്തനം മുതലായതിനുള്ള ജപങ്ങളുംകൂടി ചേർത്തുകൊള്ളുന്നു.

ഇതു് അച്ചിൽ പതിക്കുന്നതിനുള്ള അനുമതിയും ഐപൗ കാരിസ്സും ഉണ്ടാകുവാറാകണമെന്നു ഭക്തിബഹുമാനപുരസ്സരം അപേക്ഷിച്ചുകൊള്ളുന്നു,

പുത്തമ്പള്ളി
൧൯൨൯. മാൎച്ച ൩൦

വിധേയൻ
കള്ളപ്പുരക്കൽ അന്ത്രയോസു ക.

[illegible]
[illegible]

ഒപ. ബ. അച്ചാ!

നമ്മുടെ കൎമ്മകാണ്ഡത്തെ പരിപോഷിപ്പിക്കുന്നതിനായി നാനാമുഖേന അച്ചൻ ചെയ്തുവരുന്ന പ്രയത്നങ്ങളെ ഞാൻ കൃതജ്ഞതാസഹിതം സൂക്ഷിച്ചുകൊണ്ടിരിക്കയാണെന്നു വിശേഷ്യാ പ്രസ്താവിക്കേണമെന്നില്ലല്ലോ. നമ്മുടെ തിരുകൎമ്മങ്ങളിൽ സംബന്ധിക്കുന്നവൎക്ക്, അതുകൾ അനുഷ്ഠിക്കപ്പെടുന്നതായ ഭാഷാപരിജ്ഞാനക്കുറവുമൂലം നേരിടുന്ന നഷ്ട പരിഹാരത്തിന് അച്ചന്റെ ഇതും ഇപ്പോലെയുള്ള പുസ്തകങ്ങളും പൎയ്യാപ്തമാൎഗ്ഗങ്ങളായി ഭവിക്കട്ടെ! ഈ ശ്ലാഘ്യോദ്യമത്തെ ഹൃദയപൂൎവ്വം അഭിനന്ദിക്കയും, പ്രതീക്ഷിക്കപ്പെടുന്ന ഫലമുണ്ടാകുന്നതിനായി ഇവകൾ നമ്മുടെ ജനങ്ങളുടെ ഇടയിൽ പ്രചുരപ്രചാരമാശംസിക്കയും ചെയ്യുന്നു.

മൊൻസിഞ്ഞോർ ജെ. കല്ലറക്കൽ. വി. ജനറാൾ.

## A. M. D. G.

കാൎമ്മികനും പരികൎമ്മികളും തിരുവസ്ത്രങ്ങൾ ധരിക്കുമ്പോൾ, ഗായകർ പാടുന്നതു്:—

ദൈവമായ കൎത്താവേ ഞാൻ അങ്ങേ ഭവനത്തിൽ പ്രവേശിച്ച് എന്റെ അധരങ്ങൾ നേൎന്ന നേൎച്ചകളെ ദഹനബലികളാൽ ഞാൻ നിവൎത്തിക്കട്ടെ. ഞങ്ങളുടേയും ഞങ്ങളുടെ പിതാക്കന്മാരുടേയും തെറ്റുകളെ അവിടുന്ന് സ്മരിക്കല്ലേ. ഞങ്ങളുടെ തിന്മയ്ക്കു് പ്രതികാരം ചെയ്യരുതെ.

ഇവർ വിശുദ്ധ സ്ഥലത്തുചെല്ലുമ്പോൾ, കാൎമ്മികൻ ചൊല്ലുന്നതു്:—

ദൈവത്തിൻ പീഠത്തിങ്കലേയ്ക്കും എന്റെ ബാല്യപ്രായത്തെ പ്രമോദിപ്പിക്കുന്ന ദൈവത്തിന്റെ അടുക്കലേയ്ക്കും ഞാൻ വരട്ടെ.

ബലിപീഠത്തിങ്കൽ ആചാരം ചെയ്യുമ്പോൾ, കാൎമ്മികൻ ചൊല്ലേണ്ടതു്:—

ദയാപരനായ കൎത്താവേ! അങ്ങേ ആലയത്തിൽ ഞാൻ പ്രവേശിച്ച് അങ്ങേ സിംഹാസനത്തിൻമുമ്പാകെ സാഷ്ടാംഗംചെയ്യു. എന്റെ കടങ്ങളും പാപങ്ങളും എന്നോടു ക്ഷമിക്കണമെ.

marggam
Digital Library of Christianity in India
www.marggam.com



എല്ലാവരും കുരിശു വരച്ചുകൊണ്ട് ചൊല്ലേണ്ടതു്:—
ബാവായുടേയും പുത്രന്റേയും റൂഹാദ്ക്കുദ്ശായുടേയും നാമത്തിൽ. ആമ്മേൻ.

(ഏറമ്യാ 23. 24) താണ സ്വരത്തിൽ ചൊല്ലുന്നു:—
'ആകാശവും ഭൂമിയും എന്നാൽ നിറയപ്പെട്ടിരിക്കുന്നു'വെന്നു് കർത്താവ് അരുളിച്ചെയ്യുംവണ്ണം, അങ്ങേ മഹത്വത്താലും, ദൈവികത്വത്താലും, പ്രശസ്തമായ പ്രതാപ ശോഭയാലും, സ്വർഗ്ഗലോകവും ഭൂലോകവും നിറഞ്ഞിരിക്കുന്ന വല്ലഭൻ കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ. അങ്ങേക്കു സ്തുതി, അങ്ങേക്കുസ്തുതി, അങ്ങേക്കുസ്തുതി; പ്രശസ്തമായ അങ്ങേ ത്രിത്വത്തിന്നു സർവ്വദാ നിത്യസ്തുതി ഉണ്ടാകട്ടെ. ആമ്മേൻ. കർത്താവേ! ആശീർവ്വദിക്കേണമെ.

കാർമ്മികൻ ഉച്ചസ്വരത്തിൽ ചോദിക്കേണ്ടതു്:—
നിങ്ങളുടെ അനുമതി.

ഇതിന്റെ ഉത്തരം:—
മ്ശിഹായുടെ പ്രമാണം.

കാർമ്മികൻ ഉയർന്ന സ്വരത്തിൽ പാടുന്നതു്:—
ഉന്നതങ്ങളിൽ ദൈവത്തിനുസ്തുതി ✲ ആമ്മേൻ ✲

✲ ഇങ്ങിനെ മൂന്നു പ്രാവശ്യം ആവർത്തിക്കുന്നു.

കാർമ്മികനും മററുള്ളവരുംകൂടി പാടുന്നതു്:—
ഭൂമിമേൽ സമാധാനവും മനുഷ്യർക്ക് സദാക

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ലം നല്ല ആശയും ആമ്മേൻ. സ്വർഗ്ഗസ്ഥനായ
ഞങ്ങളുടെ പിതാവെ! നിന്റെ നാമം ശുദ്ധീക
രിക്കപ്പെടട്ടെ. നിന്റെ രാജ്യം വരട്ടെ. അങ്ങേമ
ഹിമപ്രതാപത്താൽ ആകാശവും ഭൂമിയും നിറ
ഞ്ഞിരിക്കുന്ന സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പി
താവേ! നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശു
ദ്ധൻ. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരി
ശുദ്ധൻ എന്നു് ദൈവദൂതന്മാരും മനുഷ്യരും
നിന്റെപക്കൽ ആർത്തു വിളിക്കുന്നു. സ്വർഗ്ഗസ്ഥ
നായ ഞങ്ങളുടെ പിതാവേ! നിന്റെ നാമം ശു
ദ്ധീകരിക്കപ്പെടട്ടെ. നിന്റെ രാജ്യംവരട്ടെ. നി
ന്റെ തിരുമനസ്സ് ആകാശത്തിലെപ്പോലെ ഭൂ
മിയിലുമാകട്ടെ. ഞങ്ങളുടെ ആവശ്യത്തിന്റെ
അപ്പം ഞങ്ങൾക്കിന്നു തരേണമെ! ഞങ്ങളു
ടെ കടക്കാരോടു ഞങ്ങൾ പൊറുത്തതുപോലെ,
ഞങ്ങളുടെ കടങ്ങളും, ഞങ്ങളുടെ പാപങ്ങളും
ഞങ്ങളോടു നീ പൊറുക്കണമെ; ഞങ്ങളെ പരീ
ക്ഷയിൽ ഉൾപ്പെടുത്തല്ലെ; മാത്രമല്ല തിന്മയിൽ
നിന്നു ഞങ്ങളെ രക്ഷിക്കുകയും ചെയ്യണമെ. എ
ന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹ
ത്വവും എന്നന്നേക്കും നിനക്കുള്ളതാകുന്നു.

കാർമ്മികൻ:—

ബാവായ്ക്കും പുത്രനും റൂഹാദ്കുദ്ശായ്ക്കും സ്തുതി.

marggam
Digital Library of Christianity in India
www.marggam.com



ശുശ്രൂഷികൾ:—

അനവരതം സാക്ഷാൽ അപ്രകാരമാകട്ടെ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

കാർമ്മികൻ:—

നിന്റെ തിരുനാമം ശുദ്ധീകരിക്കപ്പെടട്ടെ; നിന്റെ രാജ്യം വരട്ടെ; നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

ശുശ്രൂഷികൾ:—

നിന്റെ മഹിമപ്രതാപത്താൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്നു. നീ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്നു് ദൈവദൂതന്മാരും മനുഷ്യരും നിന്റെ പക്കൽ ആർത്തുവിളിക്കുന്നു.

ശുശ്രൂഷികൾ പറയുന്നതു്:—

നമുക്ക് പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

ഞായറാഴ്ചകളിലും തിരുനാളുകളിലും കാർമ്മികൻ കരങ്ങളെ വിടർത്തിപ്പിടിച്ചു പാടേണ്ട ജപം:—

ബാവാ പുത്രൻ റൂഹാദ്കുദ്ശാ ആയ നിത്യ സർവ്വേശ്വരാ! ഞങ്ങളുടെ കർത്താവും ദൈവവുമായുള്ളോവേ! അങ്ങേ വാത്സല്യ പുത്രന്റെ കൃപയാൽ ഞങ്ങളുടെ വർഗ്ഗത്തിന്റെ നവീകരണത്തിനും, ത്രാണത്തിനുമായി നൽകപ്പെട്ട ദിവ്യരഹസ്യങ്ങളെ അനുഷ്ഠിപ്പാൻ, ബലഹീനരായ ഞങ്ങളെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

അങ്ങെ അനുഗ്രഹത്താൽ, ശക്തന്മാരാക്കിത്തീൎക്കേണമെ ✡ ആമ്മേൻ.

ഞായറാഴ്ചയിലും തിരുനാളിലുമുള്ള സങ്കീൎത്തനങ്ങൾ. ൱൪൯-ാമത്തെ കീൎത്തനം:—

നവീനഗാനത്താൽ കൎത്താവിനെ സ്തുതിപ്പിൻ ✡ ഹല്ലേലൂയ്യാ.–

എന്നോ അല്ലെങ്കിൽ കാലാനുസാരണം:—

ദൈവമെ അങ്ങേക്കു സ്തുതി.

എന്നോ മൂന്നുപ്രാവശ്യം പാടുന്നു, കൎമ്മാനുഷ്ഠാവും തന്റെ ശുശ്രൂഷികളും കൂടി പാടുന്നു:—

പുതിയ ഗീതംകൊണ്ടു കൎത്താവിനെ സ്തുതിപ്പിൻ ✡ ഭൂമി മുഴുവനും കൎത്താവിനെ സ്തുതിക്കട്ടെ ✡ കൎത്താവിനെ സ്തുതിച്ചു തന്റെ നാമത്തെ വാഴ്ത്തുവിൻ! ✡ പ്രതിദിനം തന്റെ രക്ഷയെ അറിയിപ്പിൻ! ✡ തന്റെ മഹത്വത്തെ പുറജാതികളുടെ ഇടയിലും ✡ തന്റെ അത്ഭുതപ്രവൃത്തികളെ സകല ജനങ്ങളുടെ ഇടയിലും പ്രസിദ്ധപ്പെടുത്തുവിൻ! ✡ ഹല്ലേലൂയ്യാ (അഥവാ) ദൈവമെ! അങ്ങേക്കു സ്തുതി.

എന്നു രണ്ടുപ്രാവശ്യം പാടീട്ടു താഴെ വരുന്നവ പാട്ടുകൂടാതെ ചൊല്ലുന്നു:—

എന്തുകൊണ്ടെന്നാൽ കൎത്താവു വലിയവനും ഏറ്റവും സ്തുത്യനും ആകുന്നു ✡ എല്ലാ ദേവന്മാ

marggam
Digital Library of Christianity in India
www.marggam.com



രേക്കാളും ഭയപ്പെടേണ്ടവനുമാകുന്നു ✲ എന്തു
കൊണ്ടെന്നാൽ പുറജ്ജാതികളുടെ സകല ദേവ
ന്മാരും വിഗ്രഹങ്ങൾ അത്രെ ✲ കൎത്താവു ആ
കാശത്തെസൃഷ്ടിച്ചു ✲ മഹത്വവും, ബഹുമാന
വും തന്റെമുമ്പാകെ ✲ ശക്തിയും, സ്തുതിയും, ത
ന്റെ ശുദ്ധ സ്ഥലത്തും ✲ ജ്ജാതികളുടെ പരിഷ
കളെ! കൎത്താവിന്നു കൊടുപ്പിൻ ✲ സ്തുതിബഹുമാ
നങ്ങളെ കൎത്താവിന്നു കൊടുപ്പിൻ ✲ തന്റെ നാമ
ത്തിന്നു തക്ക മഹത്വത്തെ കൎത്താവിന്നു കൊടുപ്പി
ൻ ✲ കാഴ്ചകളുംകൊണ്ടു തന്റെ കൊട്ടാരത്തിൽ
പ്രവേശിപ്പിൻ ✲ കൎത്താവിനെ തന്റെ പരിശു
ദ്ധാരമനയിൽ ആരാധിപ്പിൻ ✲ സകല ഭൂവാ
സികളും തന്റെമുമ്പാകെ ഭയപ്പെടട്ടെ ✲ കൎത്താ
വു രാജ്ജാവായി വാണു എന്നു പുറജ്ജാതികളോടു
പറയുവിൻ ✲ ഇളകാത്തവണ്ണം ഭൂലോകത്തെ താ
ൻക്രമപ്പെടുത്തി ✲ താൻ നീതിയായി ജ്ജനങ്ങളെ
വിധിക്കും ✲ ആകാശം സന്തോഷിക്കയും, ഭൂമി
ആനന്ദിക്കയും ✲ സമുദ്രവും അതിന്റെ നിറവും
പ്രമോദിക്കയുംചെയ്യട്ടെ ✲ പറമ്പുകളും അവയി
ലുള്ള സൎവ്വവും ശക്തിപ്പെടട്ടെ ✲ അപ്പോൾ വ
നത്തിലുള്ള എല്ലാവൃക്ഷങ്ങളും ✲ കൎത്താവിന്റെ
മുമ്പാകെ മംഗലം കൂറും ✲ എന്തുകൊണ്ടെന്നാ
ൽ താൻ ഭൂമിയെ വിധിപ്പാൻ വരുന്നു ✲ ലോക

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ത്തു താൻ നീതിയിലും ✲ ജനങ്ങളെ വിശ്വാസത്തിലും വിധിക്കും ✲

സങ്കീൎത്തനം ൯൭.

കൎത്താവു രാജാവായി; ഭൂമി സന്തോഷിക്കട്ടെ ✲ ബഹുദ്വീപുകൾ ആനന്ദിക്കട്ടെ ✲ തന്റെ ചുററിലും മേഘങ്ങളും, ധൂമതാരകളും, ✲ നീതിന്യായങ്ങളിൽ തന്റെ സിംഹാസനം ഉറപ്പിക്കപ്പെട്ടിരിക്കുന്നു ✲ തന്റെ മുമ്പിൽ അഗ്നി ജ്വലിച്ചു ✲ തന്റെ ശത്രുക്കളെ ദഹിപ്പിക്കും ✲ ഇടിമിന്നലുകൾ ഭൂലോകത്തെപ്രകാശിപ്പിച്ചു ✲ ഭൂമി കണ്ടു വിറച്ചു ✲ പൎവ്വതങ്ങൾ ദൈവസന്നിധിയിൽ മെഴുകുസമാനം ഉരുകി ✲ അഖിലാധിപനായ കൎത്താവിന്റെമുമ്പാകെ ✲ ആകാശങ്ങൾ തന്റെ നീതിയെ അറിയിച്ചു ✲ സകല ജനങ്ങളും തന്റെമഹത്വത്തെ കണ്ടു ✲ വിഗ്രഹങ്ങളെ ഉണ്ടാക്കുന്ന എവരും ലജ്ജിക്കും ✲ ബിംബങ്ങളെ പ്രശംസിക്കുന്നവരും ലജ്ജിക്ക ✲ തന്റെ സകല ദൂതന്മാരെ! ദൈവത്തെ ആരാധിപ്പിൻ ✲ കൎത്താവെ! അങ്ങേ വിധിയെക്കുറിച്ചു സെഹിയോൻ കേട്ടു സന്തോഷിക്കും ✲ യൂദായിലെ മററു ഗ്രാമങ്ങളും ആനന്ദിക്കും ✲ എന്തുകൊണ്ടെന്നാൽ കൎത്താവെ! അങ്ങുന്നു ഭൂമി മുഴുവനിലും അത്യുന്നതനാകുന്നു ✲ എല്ലാ ദൈവങ്ങളിലും വെച്ചു എററം

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ശ്ലാഘിക്കപ്പെട്ടവനുമാകുന്നു ✡ ദൈവത്തെ സ്നേഹിക്കുന്നവർ ദുഷ്ടതയെ വെറുക്കുന്നു ✡ ദൈവം തന്റെ നീതിമാന്മാരുടെ ആത്മാവുകളെ കാക്കുന്നു ✡ ദുഷ്ടരുടെ കൈയിൽനിന്നു താൻ അവരെ പരിരക്ഷിക്കും ✡ നീതിമാന്മാൎക്കു പ്രകാശം ഉദിച്ചു ✡ ഹൃദയചൊവ്വുള്ളവൎക്കു സന്തോഷവും ✡ നീതിമാന്മാരെ! കൎത്താവിൽ സന്തോഷിപ്പിൻ ✡ തന്റെ വിശുദ്ധ ഓൎമ്മക്കായിട്ടു സ്തോത്രം ചെയ്യുവിൻ ✡

### സങ്കീൎത്തനം ൯൮

കൎത്താവിന് ഒരു പുതിയ സ്തുതിപ്പു പാടുവിൻ ✡ എന്തുകൊണ്ടെന്നാൽ താൻ ഒരു് അത്ഭുതം ചെയ്തു ✡ തന്റെ വലത്തുകൈയും, തന്റെ ശുദ്ധമുള്ള ഭുജവും, അവനെ (മനുഷ്യനെ) രക്ഷിച്ചു ✡ കൎത്താവ് തന്റെ രക്ഷയെ അറിയിച്ചു ✡ ജാതികളുടെ മുമ്പാകെ തന്റെ നീതിയെ വെളിപ്പെടുത്തി ✡ ഇസ്രായേൽക്കാരോടുള്ള തന്റെ ദയയേയും വിശ്വാസത്തേയും താൻ ഓൎത്തു ✡ ഭൂമിയുടെ അതൃത്തികളൊക്കെയും നമ്മുടെ ദൈവത്തിന്റെ രക്ഷയെക്കണ്ടു ✡ സകല ഭൂവാസികളേ! കൎത്താവിനെ സ്തുതിപ്പിൻ ✡ സന്തോഷിച്ചു, പാടിസ്തുതിപ്പിൻ ✡ വീണകൊണ്ടും, സംഗീത ശബ്ദംകൊണ്ടും കൎത്താവിനെ പാടിസ്തുതിപ്പി

ൻ ✲ രാജാവായ കൎത്താവിന്റെ മുമ്പാകെ കാ
ഹളങ്ങളെ ധ്വനിപ്പിച്ചു പാടുവിൻ ✲ സമുദ്രവും,
അതിലടങ്ങിയിരിക്കുന്നവയും, ഇളകട്ടെ ✲ ലോ
കവും, അതിലെ നിവാസികളും (ഇളകട്ടെ) ✲ ന
ദികൾ കൈകൊട്ടട്ടെ (ആനന്ദിക്കട്ടെ) ✲ പൎവ്വത
ങ്ങൾ കൎത്താവിന്റെ മുമ്പിൽ സ്തുതിക്കട്ടെ ✲ അ
തെന്തു താൻ ഭൂമിയെ വിധിപ്പാൻ വരുന്നു ✲
താൻ ലോകത്തെ നീതിയോടുകൂടി വിധിക്കുന്നു ✲

കാൎമ്മികൻ പാടുന്നതു്:—

ജനങ്ങളെ നെറിവോടുകൂടിയും (വിധിക്കുന്നു) ✲
വലുതായ ജനക്കൂട്ടത്തിൽവച്ചു ഞാൻ അങ്ങേ
കൊണ്ടാടും ✲

ശുശ്രൂഷികൾ പാടുന്നതു്:—

വലിയ സദസ്സിൽ അങ്ങേക്കു ഞാൻ സ്തുതിപാടും ✲

കാൎമ്മികൻ പാടുന്നതു്:—

ബാവായ്ക്കും പുത്രനും റൂഹാദക്കുദശായ്ക്കും സ്തുതി.

ശുശ്രൂഷികൾ:—

കാലാകാലത്തോളം അപ്രകാരമാകട്ടെ!

കാൎമ്മികൻ:—

ഹല്ലേലുയ്യാ

എന്നോ അഥവാ കാലാനുസാരണം:—

ദൈവമെ! അങ്ങേക്കു സ്തുതി.

എന്നോ ന. പ്രാവശ്യം പാടുന്നു.

marggam
Digital Library of Christianity in India
www.marggam.com



കാലാനുസരണം എന്നു പറഞ്ഞിരിക്കുന്നതു്
സപ്തമി ഞായർമുതൽ ഉയിൎപ്പുവരെയുള്ള സമയ
ത്തെക്കുറിച്ചാണെന്നു ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ശുശ്രൂഷികൾ:—

നമുക്കു പ്രാൎത്ഥിക്കാം; സമാധാനം നമ്മോടുകൂടെ.

---

സാധാരണ ദിവസത്തിൽ കൎമ്മാനുഷ്ഠാവു
കരങ്ങളെ വിടൎത്തിപ്പിടിച്ചുകൊണ്ടു്; താ
ഴെ വരുന്ന പ്രാൎത്ഥന പാടുന്നു:—

പിതാവും സുതനും പരിശുദ്ധാത്മാവുമായ സ
ൎവ്വേശ്വരാ! നിത്യസ്തുതിക്കു യോഗ്യനായ അങ്ങേ
ത്രിത്വത്തിൻ വന്ദനീയവും പ്രശസ്തവുമായ നാമം
അനവരതം സ്വൎഗ്ഗത്തിലും ഭൂതലത്തിലും ആരാ
ധിക്കപ്പെടുകയും സ്തുതിക്കപ്പെടുകയും ബഹുമാനി
ക്കപ്പെടുകയും, മതിക്കപ്പെടുകയും, പുകഴ്ത്തപ്പെടു
കയും, ശ്ലാഘിക്കപ്പെടുകയും ചെയ്യട്ടെ! ✡
ആമ്മേൻ.

എന്നു ഗായകർ ഉത്തരിക്കുന്നു. തിരുനാളുകളിലെ
സങ്കീൎത്തനമാലയുടെ ആരംഭത്തിലെപ്പോലെ കൎമ്മാ
നുഷ്ഠാവും തന്റെ പരികൎമ്മികളുംകൂടി ഒരുഭാഗവും
ശുശ്രൂഷികളും ഗായകരുംകൂടി മറുഭാഗവും പാടി
സങ്കീൎത്തനമാല അവസാനിപ്പിക്കുന്നു.

സങ്കീൎത്തനം ൧൪൫:—

എന്റെ കൎത്താവായ രാജാവേ! ഞാൻ അ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ങ്ങെ പുകഴ്ത്തും ✡ ദൈവമെ! അങ്ങെക്ക സ്തുതി ✝
നിന്റെ നാമത്തെ എന്നന്നേക്കും ഞാൻവാഴ്ത്തും ✡
ദിവസേന നിന്നെ ഞാൻ വാഴ്ത്തുകയും നിന്റെ
നാമത്തെ എന്നന്നേക്കും സ്തുതിക്കയുംചെയ്യും ✡
നമ്മുടെകൎത്താവു മഹത്വമുള്ളവനും എററവും
സ്തുത്യൎഹനുമത്രെ ✡ തന്റെ മഹിമെക്കറുതിയി
ല്ല ✡ ഓരോരോ തലമുറകളും നിന്റെ പ്രവൃത്തി
കളെക്കുറിച്ചു പ്രസ്താവിക്കും ✡ നിന്റെ വല്ലഭത്വ
ത്തെ അവർ പ്രസിദ്ധംചെയ്യും ✡ നിന്റെ ഭയ
ങ്കരമായ ശക്തിയെക്കുറിച്ചു അവർ പ്രസംഗിക്കും
✡ നിന്റെ അത്ഭുത സംഭവങ്ങളെ അവർ അ
റിയിക്കും ✡ നിന്റെ മഹിമപ്രതാപത്തെക്കുറി
ച്ചു അവർ സംസാരിക്കും ✡ നിന്റെ ബഹുമ
ഹിമയെക്കുറിച്ചു ഞാൻ വൎണ്ണിക്കും ✡ നിന്റെ
എണ്ണമില്ലാത്ത നന്മകളുടെ ശ്രുതിയെപ്പററി ✡
നിന്റെ നീതിമാന്മാർ അന്വേഷിച്ചറിയും ✡
കൎത്താവു കൃപാലുവും ദയാലുവും ആകുന്നു ✡ താ
ൻ ക്ഷമയും വളരെ മനസ്സലിവും ഉള്ളവനാകു
ന്നു ✡ കൎത്താവു നല്ലവനത്രെ, തന്റെ കരുണ
തന്റെ ദാസന്മാരെല്ലാവരിലും ഉണ്ടു ✡
ദൈവമെ! അങ്ങേക്കു സ്തുതി. ↟

✝ ഇതു മൂന്നുപ്രാവശ്യം ആവൎത്തിക്കുന്നു. ↟ ഇതു രണ്ടുപ്രാവശ്യംപാടീട്ടു, താഴെ വരുന്നവ പാട്ടുകൂടാതെ ചൊല്ലുന്നു:—

കൎത്താവേ! നിന്റെ ഭൃത്യന്മാർ നിന്നെ പുകഴ്ത്തും ✡ നിന്റെ പരിശുദ്ധന്മാർ നിന്നെ സ്തുതിക്കും ✡ നിന്റെ പരാക്രമത്തേയും, നിന്റെ രാജ്യത്തിന്റെ മഹിമയേയും, മനുഷ്യരോടറിയിപ്പാൻവേണ്ടി ✡ നിന്റെ രാജകീയ മഹിമയെ പറഞ്ഞു് ✡ നിന്റെ ശക്തിയെക്കുറിച്ചു അവർ സംസാരിക്കും ✡ നിന്റെ രാജ്യം നിത്യമായുള്ളതും ✡ നിന്റെ അധികാരം എന്നന്നേക്കും നില നില്ക്കുന്നതുമാകുന്നു ✡ കൎത്താവു തന്റെ വാക്കുകളിൽ വിശ്വസ്തനും ✡ തന്റെ സകലപ്രവൃത്തികളിലും നീതിയുള്ളവനുമാകുന്നു ✡ വീഴുന്ന എല്ലാവരെയും കൎത്താവു താങ്ങുകയും ✡ ചൊവ്വില്ലാത്തവരെ ചൊവ്വാക്കുകയും ചെയ്യുന്നു ✡ എല്ലാവരുടേയും ദൃഷ്ടികൾ നിന്നിലേക്കു പതിഞ്ഞിരിക്കുന്നു ✡ എന്തുകൊണ്ടെന്നാൽ നീ അവൎക്കു തക്കസമയത്തു ഭക്ഷണം കൊടുക്കുന്നു ✡ നീ സകല ജീവജാലങ്ങളുടേയും ആഗ്രഹങ്ങളെ ധാരാളമായി തൃപ്തീകരിക്കുന്നു ✡ കൎത്താവ് തന്റെ എല്ലാ വഴികളിലും നീതിയുള്ളവനും ✡ തന്റെ സകല ക്രിയകളിലും കരുണയുള്ളവനും ആകുന്നു ✡ പരമാൎത്ഥത്തോടുകൂടി തന്നെ വിളിക്കുന്ന യാവൎക്കും കൎത്താവു സമീപസ്ഥൻ ആകുന്നു ✡ തന്നെ ഭയപ്പെടുന്നവരുടെ ആഗ്രഹത്തെ താൻ പൂരിപ്പിക്കുന്നു ✡ അവരുടെ അ

marggam Digital Library of Christianity in India www.marggam.com

www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

പേക്ഷ കേട്ടു അവരെ രക്ഷിക്കുന്നു ✲ കൎത്താവു തന്നെ ഭയപ്പെടുന്ന എല്ലാവരേയും പരിപാലിക്കയും, സകല ദുഷ്ടരേയും നശിപ്പിക്കയും ചെയ്യുന്നു ✲ എന്റെ വായ്കൊണ്ടു കൎത്താവിന്റെ സ്തുതികളെ പറയും ✲ സകല മനുഷ്യരും തന്റെ പരിശുദ്ധ നാമത്തെ എന്നന്നേക്കും വാഴ്ത്തുമാറാകട്ടെ ✲

### സങ്കീൎത്തനം ൧൪൬

എന്റെ ആത്മാവേ! കൎത്താവിനെ സ്തുതിക്ക ✲ എന്റെ ജീവിതത്തിൽ ഞാൻ കൎത്താവിനെ സ്തുതിക്കും ✲ ഞാൻ ജീവിക്കുന്നിടത്തോളം എന്റെ ദൈവത്തിന്നു ഞാൻ സ്തുതിപാടും ✲ ഭരണ കൎത്താവിനെയാകട്ടെ, മറ്റു മനുഷ്യനെയാകട്ടെ, നിങ്ങൾ ആശ്രയിക്കരുതു ✲ എന്തുകൊണ്ടെന്നാൽ അവൻ വഴിയായി രക്ഷയുണ്ടാകയില്ല ✲ അതെന്ത്യ അവന്റെ അത്രൂപി അവനിൽ നിന്നു പുറപ്പെടുകയും അവൻ വീണ്ടും പൊടിയായ്തീരുകയും ചെയ്യുന്നു ✲ ആ ദിവസത്തിൽ തന്നെ അവന്റെ സകല വിചാരങ്ങളും നശിക്കുന്നു ✲ ആകാശവും ഭൂമിയും ✲ സമുദ്രവും, അവയിലുള്ള സമസ്തവും, സൃഷ്ടിച്ച ✲ യാക്കോബിന്റെ ദൈവം ആരെ ആദരിക്കുമൊ ✲ ദൈവമായ കൎത്താവിൽ ആരു ശരണപ്പെടുന്നുവോ? അ

വൻ ഭാഗ്യവാൻ ✡ താൻ എല്ലാപ്പോഴും സത്യ
ത്തെ കാക്കുന്നു ✡ താൻ ഞെരുക്കപ്പെട്ടവൎക്കുവേ
ണ്ടി ന്യായം പറയുന്നു ✡ വിശക്കുന്നവൎക്കു ഭക്ഷ
ണം കൊടുക്കുന്നു ✡ പാറാവിൽ കിടക്കുന്നവരെ
വിമോചിക്കുന്നു ✡ കുരുടന്മാൎക്കുകാഴ്ച നൽകുന്നു ✡
ദുഷ്ടന്മാരെ നേൎവ്വഴിക്കാക്കുന്നു ✡ നീതിമാന്മാരെ
സ്നേഹിക്കുന്നു ✡ സാധുക്കളെ പരിരക്ഷണം ചെ
യ്യുന്നു ✡ അനാഥകളേയും, വിധവകളേയും, പോ
റ്റുന്നു ✡ ദുഷ്ടരുടെ വഴിയെ അമൎത്തുന്നു ✡ ക
ൎത്താവു ശാശ്വതമായി ഭരിക്കും ✡ സെഹിയോ
നെ! നിന്റെ ദൈവം യുഗായുഗാന്തത്തോളം ✡

സങ്കീൎത്തനം ൧൪൭

നമ്മുടെ ദൈവത്തെ സ്തുതിക്കുന്നതു ഉത്തമവും,
ഇമ്പമുള്ളതും ആകുന്നു ✡ തനിക്കു സ്തുതി യോ
ഗ്യമായിട്ടുള്ളതും ആകുന്നു ✡ താൻ ഓൎശ്ലെത്തെ
പണിയുകയും ✡ ഇസ്രായേലിൽനിന്നു ഭ്രഷ്ടാക്ക
പ്പെട്ടവരെ ഒന്നിപ്പിക്കയും ചെയ്യുന്നു ✡ മനസ്താ
പമുള്ളവരെ താൻ സ്വസ്ഥമാനസരാക്കുന്നു ✡ അ
വരുടെ പീഡകളെ തീൎക്കുന്നു ✡ താൻ നക്ഷത്ര
ങ്ങളെ എണ്ണി അവയെ എല്ലാം യഥാക്രമം പേ
ൎവിളിക്കയും ചെയ്തു ✡ നമ്മുടെ കൎത്താവ് വലി
യവനും, മഹാ ബലവാനും ആകുന്നു ✡ തന്റെ
ബോധജ്ഞാനം അളവില്ലാത്തതാകുന്നു ✡ താ



margam Digital Library of Christianity in India www.marggam.com
www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

ൻ സാധുക്കളെ ഉയൎത്തുകയും ✡ ദുഷ്ടരെ നിലം
വരെ താഴ്ത്തുകയുംചെയ്യുന്നു ✡ കൎത്താവിനെ മഹ
ത്വപ്പെടുത്തുവിൻ ✡ കിന്നാരങ്ങൾകൊണ്ടു കൎത്താ
വിനെ പാടി സ്തുതിപ്പിൻ ✡ എന്തുകൊണ്ടെന്നാ
ൽ താൻ ആകാശത്തെ മേഘങ്ങൾകൊണ്ടു മൂടു
കയും, ഭൂമിയിൽ മഴ പെയ്യിക്കയും ചെയ്യുന്നു ✡
പൎവ്വതങ്ങളിൽ പുല്ലുകളെ മുളപ്പിക്കുന്നു ✡ മൃഗ
ങ്ങൾക്കും, കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്കും, ഭ
ക്ഷണസാധനങ്ങൾ കൊടുക്കുന്നു ✡ താൻ കുതിര
യുടെ ശക്തിയിലൊ, മല്ലന്റെ കവചങ്ങളിലൊ
അല്ല ഇഷ്ടപ്പെടുന്നതു ✠ പിന്നെയൊ തന്നെ ഭ
യപ്പെടുന്നവരിലും ✡ ↓ തന്റെ കരുണയിൽ ആ
ശ്രയിച്ചിരിക്കുന്നവരിലുമത്രെ ✡ ബ്രഹ്മാണ്ഡമാ
യ ദേവാലയത്തിൽ ഞാൻ അങ്ങേ കൊണ്ടാടും.
✠ വലിയ സദസ്സിൽ അങ്ങേക്കു ഞാൻ സ്തുതി
പാടും. ↑ ബാവായ്ക്കും പുത്രനും റൂഹാദ്കുദശാ
യ്ക്കും സ്തുതി ✡ ✠ കാലാകാലത്തോളം അപ്രകാര
മുണ്ടാകട്ടെ ↑ ദൈവമെ അങ്ങേക്കു സ്തുതി. ✠ ന
മുക്കു പ്രാൎത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

---

✠ ഈ അടയാളം ശുശ്രൂഷികൾ പാടുവാനു
ള്ള ഭാഗത്തെയും ↓ ഈ ചിഹ്നം കൎമ്മാനുഷ്ഠാവു
പാടുവാനുള്ളതിനെയും സൂചിപ്പിക്കുന്നു.

കർമ്മാനുഷ്ഠായി കരങ്ങളെ വിടർത്തി പിടിച്ചു
കൊണ്ടു താഴെവരുന്ന ജപം പാടുന്നു:—

പിതാവും സുതനും പരിശുദ്ധാത്രൂപിയുമായ നിത്യ സർവ്വേശ്വരാ! എന്റെ കർത്താവെ! ശ്രേഷ്ഠമഹിമയുള്ള അങ്ങേ സിംഹാസനത്തിന്റെയും ഉൽകൃഷ്ട ബഹുമതിയുള്ള അങ്ങേ ഉന്നത സ്ഥാനത്തിന്റെയും, അങ്ങേ സ്നേഹാധിക്യത്തിന്റെ ആരാധിക്കത്തക്ക ന്യായാസനത്തിന്റെയും അങ്ങേ നിശ്ചയത്താൽ സ്ഥാപിതമായിരിക്കുന്ന പരിഹാര ബലിപീഠത്തിന്റെയും അങ്ങേ മഹത്വമുള്ള വാസസ്ഥലത്തിന്റെയും മുമ്പാകെ, അങ്ങേ സ്തുതിക്കുന്ന ജ്ഞാനാധിക്യരായ അനേകായിരം ദൈവദൂതന്മാരോടും, അങ്ങുന്നു പരിശുദ്ധൻ, പരിശുദ്ധൻ എന്നു ഘോഷിക്കുന്ന ഭക്തിജ്വാലകന്മാരും മുഖ്യ ദൂതന്മാരുമായ അസംഖ്യം മാലാഖമാരുടെ കൂട്ടത്തോടും കൂടി അങ്ങേ ജനവും അങ്ങേ ഇടവകയുടെ ആട്ടിൻ കൂട്ടവുമായ ഞങ്ങൾ അനവരതം അങ്ങയെ മുട്ടുകുത്തി ആരാധിക്കയും കൊണ്ടാടി സ്തുതിക്കയും ചെയ്യുന്നു ✲ ആമ്മേൻ ✲

കുരിശുരൂപം മുത്തിക്കുമ്പോൾ:—

ഇതിൽ തന്നെ നമ്മുടെ ഹൃദയം സന്തോഷിക്കണം ✲ കർത്താവേ! ഞങ്ങൾക്കു ശുഭഹേതുകമായതും അതു വഴിയായി ഞങ്ങളുടെ മനുഷ്യ വർഗ്ഗം

സ്വാതന്ത്ര്യപ്രാപ്ത്യൎത്ഥമായ കുരിശുതന്നെ, ഞ
ങ്ങൾക്കു ബലമായ ഒരു കോട്ടയായിരിക്കട്ടെ, പി
ശാചിനേയും അവന്റെ സകല തന്ത്രങ്ങളേയും
അതുവഴിയായി ഞങ്ങൾ ജയിക്കും ✡ ആതെന്ത്യ,
ആ പരിശുദ്ധ നാമത്തിൽ ഞങ്ങൾ ശരണപ്പെ
ട്ടിരിക്കുന്നു ✡ ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശാ
യ്ക്കും സ്തുതിയുണ്ടാകട്ടെ ✡ ഞങ്ങളുടെ രക്ഷകനാ
യ കൎത്താവേ! അങ്ങേ കൃപയാൽ, അങ്ങേ സഭ
യെ ശുദ്ധീകരിക്കേണമെ! അങ്ങേ മഹത്വത്തി
നായി പ്രതിഷ്ഠിക്കപ്പെട്ട ആലയത്തിൽ അങ്ങേ
അനുഗ്രഹത്തെ നിവസിപ്പിക്കേണമെ! അങ്ങേ
തിരുശരീരത്തേയും രക്തത്തേയും സ്ഥാപിക്കത്തക്ക
ഒരു ശുദ്ധ ബലിപീഠത്തെ അതിൽ ശരിപ്പെടു
ത്തണമെ ✡ അനവരതം അങ്ങേതന്നെ ആക
ട്ടെ! ✡ യാചിക്കുന്ന ഏവനും ലഭിക്കുന്നു, അ
ന്വേഷിക്കുന്ന ഏവനും കണ്ടെത്തുന്നു എന്നു അ
ങ്ങേ ഭൃത്യന്മാരോടു അങ്ങേ കൃപയാൽ വാഗ്ദാ
നംചെയ്ത ഞങ്ങളുടെ കൎത്താവേ! അങ്ങേ ഇഷ്ട
ത്തെ ഞങ്ങളുടെ പ്രവൃത്തികളിൽ നിവ്വഹിക്കുന്ന
തിനുള്ള ശക്തിയും സഹായവും ഞങ്ങൾക്കു ന
ൽകണമെ! എന്നു ഞങ്ങൾ അങ്ങേയോടപേക്ഷി
ക്കുന്നു ✡ ആമ്മേൻ ആമ്മേൻ എന്നു ജനം മുഴുവ
നും പറയട്ടെ ✡ കൎത്താവേ! ഞങ്ങൾക്കു ശുഭഹേ

ളുകമായിട്ടും . . ✡ സമാധാനം നമ്മോടുകൂടെ.

എന്നു ശുശ്രൂഷികൾ ഉച്ചസ്വരത്തിൽ പറയുന്നു.

കാർമ്മികൻ പാടുന്നതു്.

ഞങ്ങളുടെ ദൈവമായ കർത്താവേ! അങ്ങേ സ്നേഹാനുഗ്രഹത്തിന്റെ മധുരതമമായ പരിമളം ഞങ്ങളിൽ വീശിക്കൊണ്ടും, അങ്ങേ സത്യ അറിവിൽ ഞങ്ങളുടെ ആത്മാവുകൾ പ്രശോഭിച്ചുകൊണ്ടും പരമണ്ഡലത്തിൽനിന്നുള്ള അങ്ങേ വാത്സല്യ പുത്രന്റെ പ്രസിദ്ധമായ വരവിനെ എതിരേല്ക്കുന്നതിനും, അവിടെ (സ്വൎഗ്ഗത്തിൽ) അങ്ങേ കൊണ്ടാടുന്നതിനും, സൎവ്വ സൌഭാഗ്യ നന്മകളാൽ പൂരിതയായി മുടി ധരിക്കപ്പെട്ട അങ്ങേ സഭയിൽ സന്തതം അങ്ങേ സ്തുതിക്കുന്നതിനും ഞങ്ങൾ യോഗ്യരാകട്ടെ! എന്തെന്നാൽ നിത്യപിതാവും, സുതനും, പരിശുദ്ധാത്മാവുമായ അങ്ങുന്നു സകലത്തിന്റെയും നാഥനും സ്രഷ്ടാവുമാകുന്നു ✡ ആമ്മേൻ ✡

കാർമ്മികൻ ധൂമം വാഴ്ത്തുമ്പോൾ ചൊല്ലുന്നതു്.

നിത്യപിതാവും സുതനും പരിശുദ്ധാത്മാവുമായ അങ്ങേ ഇഷ്ടപ്രസാദത്തിനും അങ്ങേ ഇടവകയിലെ ആട്ടിൻകൂട്ടത്തിന്റെ പാപപ്പരിഹാരത്തിനുമായി അങ്ങേ ബഹുമാനത്തിങ്കലേക്ക ഞങ്ങൾ സമൎപ്പിക്കുന്ന ഈ പരിമളം അങ്ങേ ഉ

ൽകൃഷ്ട ത്രിത്വത്തിൻ നാമത്താൽ ആശീർവ്വദിക്കപ്പെടട്ടെ ✡ ആമ്മേൻ ✡

കാർമ്മികൻ പാടുന്നജപം

സർവ്വത്തിന്റെയും നാഥാ! അങ്ങയെ ഞങ്ങൾ കൊണ്ടാടുന്നു. ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും ആത്മാവുകളുടെ നല്ല രക്ഷകനുമായ ഈശോമ്ശിഹായെ അങ്ങേ ഞങ്ങൾ സ്തുതിക്കുന്നു ✡

ഗായകർ താഴെവരുന്ന ഭാഗം പാടീട്ടു
മേല്പറഞ്ഞ ജപവും കൂടി പാടുന്നു.

കർത്താവേ! എന്റെ കരങ്ങളെ ഞാൻ കഴുകിവെടിപ്പാക്കി അങ്ങേ ബലിപീഠത്തിനുചുററും ഞാൻ പ്രദിക്ഷണം ചെയ്യു ✡ സർവ്വത്തി . . .

വീണ്ടു കർമ്മാനുഷ്ഠാവും ഗായകരും താഴേ
വരുന്നവ മാറി മാറി പാടുന്നു.

ബാവായ്ക്കും, പുത്രനും, റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി. അനവരതകാലം അങ്ങിനെതന്നെ ആകട്ടെ! സർവ്വേശ്വരാ! അങ്ങേക്കുതന്നെ ഞങ്ങൾ ഉപകാരസ്മരണ പറയുന്നു ✡ രക്ഷകനായ മ്ശിഹായെ അങ്ങേ ഞങ്ങൾ സ്തുതിക്കുന്നു ✡ എന്തെന്നാൽ അവിടന്നത്രെ ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവൻ ✡ അവിടന്നത്രെ ഞങ്ങളുടെ നല്ല ആത്മരക്ഷകൻ ✡ നമുക്കു പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ ✡

www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



അനന്തരം കർമ്മാനുഷ്ഠാവു പാടുന്നു.

കർത്താവേ! അങ്ങുന്നു സാക്ഷാൽ ഞങ്ങളുടെ ശരീരങ്ങളെ പുനർ ജ്ജീവിപ്പിക്കുന്നവനും ഞങ്ങളുടെ ആത്മാവുകളുടെ നല്ല രക്ഷകനും ഞങ്ങളുടെ ജ്ജീവൻെറ നിരന്തര സൂക്ഷക്കാരനും ആകുന്നു. പിതാവും സുതനും പരിശുദ്ധാത്മാവുമായ നിത്യ സർവ്വേശ്വരാ! അനവരതകാലം അങ്ങേക്കു ഉപകാരസ്മരണ പറയുന്നതിന്നും അങ്ങേ ആരാധിക്കുന്നതിന്നും സ്തുതിക്കുന്നതിന്നും ഞങ്ങൾ കടപ്പെട്ടവരായിരിക്കുന്നു. ✲ ആമ്മേൻ ✲

ശുശ്രൂഷികൾ സ്വരമുയർത്തി പാടുന്നു:—

സകല ജ്ജനവുമെ! നിങ്ങളുടെ സ്വരമുയർത്തി സ്വയംജ്ജീവിയായ ദൈവത്തെ സ്തുതിപ്പിൻ.

കർമ്മാനുഷ്ഠാവു പാടുന്നതു്.

പരിശുദ്ധനായ ദൈവമേ! പരിശുദ്ധനായ ബലവാനേ! പരിശുദ്ധനായ അമർത്ത്യനേ! ഞങ്ങളെ അനുഗ്രഹിക്കണമേ ✲ പിതാവിന്നും പുത്രന്നും പരിശുദ്ധാത്മാവിക്കും സ്തുതിയുണ്ടായിരിക്കട്ടെ!

ഗായകർ:—

പരിശുദ്ധനായദൈവമെ! . . . ക്കണമേ ✲ കാലാകാലത്തോളം അപ്രകാരം ആകട്ടെ ✲

കാർമ്മികനും ഗായകരും കൂടി:—

പരിശുദ്ധനായ ദൈവമെ! ✲ പരിശുദ്ധനായ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ബലവാനെ! ✲ പരിശുദ്ധനായ അമർത്ത്യനെ! ✲ ഞങ്ങളെ അനുഗ്രഹിക്കണമെ! ✲

ശുശ്രൂഷികൾ:—

നമുക്ക പ്രാർത്ഥിക്കാം സമാധാനം നമ്മോടുകൂടെ.

കർമ്മാനുഷ്ഠാവു:—

പരിശുദ്ധരിൽ താൻ നിവസിക്കയും തന്റെ അഭീഷ്ടം അധിവസിക്കയും ചെയ്യുന്ന നിർമ്മലനും, മഹീയാനും, വല്ലഭനും, അമർത്ത്യനും ആയ നിത്യ പരമപിതാവും സുതനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ! കർത്താവേ! അങ്ങുന്നു എല്ലാപ്പോഴും ചെയ്യുമാറാകുന്നതുപോലെ വീണ്ടും സദാ ഞങ്ങളെ കടാക്ഷിക്കണമേയെന്നു ഞങ്ങൾ അങ്ങയെ പ്രാർത്ഥിക്കുന്നു ✲ ആമ്മേൻ ✲

കർമ്മാനുഷ്ഠാവു അഞ്ചാംപട്ടക്കാരന്നു ആശീർവ്വാദം നൽകുമ്പോൾ ചൊല്ലുന്നു:—

അങ്ങേട പരിശുദ്ധ പാഠത്താൽ നമ്മെ ജ്ഞാനികളാക്കിത്തീർക്കുന്ന സർവ്വനാഥനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ! അങ്ങേട അനുഗ്രഹം ഒരം വായനക്കാരന്റമേലും, കേൾവിക്കാരുടെ മേലും ബാവായുടേയും പുത്രന്റേയും റൂഹാദ്കുദ്ശായുടേയും നാമത്താലെ അനവരതം ചിന്തപ്പെടട്ടെ. ✲ ആമ്മേൻ ✲

അഞ്ചാം പട്ടക്കാരൻ വായനക്കുമുമ്പ് പറയുന്നു:—

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സ്വൈരമായിരുപ്പിൻ *

മരിച്ചവരെക്കുറിച്ചുള്ള വായനകൾ.

---

സാധാരണ ദിവസങ്ങളിലെ

ഭാഗ്യപ്പെട്ട യോഹന്നാൻ ശ്ലീഹായുടെ വെളിപാടിന്റെ പുസ്തകത്തിൽ നിന്നുള്ള വായന.

തങ്ങളുടെ അദ്ധ്വാനങ്ങളിൽനിന്നു വിമുക്തരാകത്തക്കവണ്ണം ഇനി ദൈവത്തിൽ മരണംപ്രാപിക്കുന്നവർ ഭാഗ്യവാന്മാർ. ഓരെന്ത്യ അവരുടെ പ്രവൃത്തികൾ അവരെ അനുഗമിക്കും എന്നു അരൂപി സത്യമായിട്ടും പറയുന്നതായി എഴുതിക്കൊൾക എന്നു സ്വർഗ്ഗത്തിൽനിന്നു പറയുന്നതായ ഒരുസ്വരം ആ നാളുകളിൽ ഞാൻ കേട്ടു.

ശ്രാദ്ധദിവസത്തിലെ

---

മക്കബെയരുടെ പുസ്തകത്തിൽ നിന്നുള്ള വായന.

അക്കാലം ധീരപരാക്രമി ആയ യൂദാ എന്നവൻ, മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ചു നീതിയായിട്ടും ഭക്തിയോടേയും വിചാരിക്കുകമുഖാന്തരം, പണപ്പിരിവു ഉണ്ടാക്കി, അവരുടെ ദോഷവിമോചനാർത്ഥം ബലി സമർപ്പിക്കാൻവേണ്ടി, പന്തീരായിരം (ദ്രൂസാ എന്ന) നാണയങ്ങൾ ഓർശ്ലേത്തേക്കു അയച്ചു. എന്നാൽ മരിച്ചവർ ഉയിർക്കു

മെന്നുള്ള അഭിപ്രായം അയാൾക്കു ഇല്ലായിരുന്നെങ്കിൽ (യുദ്ധത്തിൽ) മൃതിപ്പെട്ടവരെക്കുറിച്ചു പ്രാർത്ഥിക്കുന്നതു കേവലം നിരുപയുക്തവും മിഥ്യവുമായി തോന്നിയിരുന്നേനെ. എന്നാൽ ദൈവഭക്തിയിൽ നിദ്ര പ്രാപിച്ചവർക്കു ദൈവേഷ്ടപ്രസാദം കാക്കപ്പെട്ടിരിക്കുന്നു എന്നു അയാൾക്കു ബോദ്ധ്യമായിരുന്നതുകൊണ്ടാണു (അയാൾ ഇപ്രകാരം ചെയ്തതു). ആകയാൽ മൃതിപ്പെട്ടവർ തങ്ങളുടെ പാപപരിഹാര ബന്ധനത്തിൽനിന്നു വിമുക്തി പ്രാപിക്കുന്നതിന്നു പ്രാർത്ഥിക്കണമെന്നുള്ള യാവനൊരുത്തന്റെ വിചാരം പരിശുദ്ധവും രക്ഷാകരവും ആയിട്ടുള്ളതത്രെ ☆

ഗായകർ :-

നമ്മുടെ കർത്താവായ മ്ശിഹായ്ക്കു സ്തുതി ☆

അഞ്ചാംപട്ടക്കാരൻ ഉച്ചസ്വരത്തിൽ പറയുന്നു :-

നമസ്കാരത്തിന്നും 'ശുറായാ'കളുമായി എഴുന്നേല്ക്കുവിൻ ☆

ഞായറാഴ്ചകളിലും പെരുന്നാളുകളിലും
ഉള്ള 'ശൂറായാ' ‡

---

‡ ആരുടെ അഥവാ ഏതു ദിവസത്തിന്റെ സ്മരണ കൊണ്ടാടപ്പെടുന്നുവോ ആ പരിശുദ്ധന്റെ അഥവാ തിരുനാളിന്റെ പേരു കൂടിച്ചേർത്തു പാടുന്നു.

www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആകാശം ദൈവമഹത്വത്തെ വൎണ്ണിക്കുന്നു ✡
അത്രൂപികളുടെ സംഗീതങ്ങളാൽ . . . സ്മരണ
യേ നാം ആചരിക്കണം ✡ ഹല്ലേലൂയ്യാ (എന്നോ)
ദൈവമേ! അങ്ങേക്കു സ്തുതി (എന്നോ മൂന്നുപ്രാവശ്യം
പാടുന്നു.) ആകാശത്തു തന്റെ വല്ലഭപ്രവൃത്തികൾ
അറിയിക്കുന്നു അത്രൂപി . . ✡
പ്രതിദിനം പ്രസ്താവന പുറപ്പെടുവിക്കുന്നു അ
ത്രൂ. . . ✡
പിതാവിനും, സുതനും, പരിശുദ്ധാത്രൂപിക്കും സ്തു
തി ആയിരിക്കട്ടെ അത്രൂ . . ✡
അനാദി സദാകാലം ഒരുപ്രകാരമാകട്ടെ അത്രൂ.✡

മരിച്ചവൎക്കു വേണ്ടിയുള്ള ശൂറായാ.

പാപ്പായെയും, മെത്രാനേയും, പട്ടക്കാ
രേയും കുറിച്ചും.

അങ്ങേ പ്രമാണത്തെ ഞാൻ എത്രമാത്രം സ്നേ
ഹിച്ചു. അതുതന്നെയാണു ദിവസം മുഴുവനിലുമു
ള്ള എന്റെ ചിന്ത അത്രൂപി. . ✡ ദൈവമേ! അ
ങ്ങേക്കു സ്തുതി ✡ (എന്നുമൂന്നു പ്രാവശ്യം പറയുന്നു)
അങ്ങേ പ്രമാണത്തെ ഞാൻ കാത്തതുകൊണ്ടു
അങ്ങുന്നു എന്റെ ശത്രുക്കളേക്കാൾ എന്നെ
ജ്ഞാനി ആക്കിത്തീൎക്കണമെ! അത്രൂ . . ✡
അങ്ങേ വേദം എന്റെ ധ്യാനവിഷയമായിരുന്ന
തുകൊണ്ടു എന്റെ എല്ലാ ഗുരുക്കന്മാരേക്കാൾ

എന്നെ ബുദ്ധിമാനാക്കിത്തീൎക്കേണമെ
അത്രു· · · ☆
പിതാവിനും · · · അത്രു· · · ☆
അനാദി · · · അത്രു· · · ☆

ശമ്മാശമ്മാരെക്കുറിച്ചുള്ള ശൂറായാ.

എൻ്റെ പാട്ടുകൊണ്ടു കൎത്താവിനെ ഞാൻ സ്തുതിച്ചു. എൻ്റെ സംഗീതംവഴിയായി കൎത്താവിനോടു അപേക്ഷിച്ചു. അത്രു· · ☆
എൻ്റെ പ്രാൎത്ഥനയെ അങ്ങേ മുമ്പാകെ ഞാൻ ഉണൎത്തിച്ചു. ☆— അത്രു· · ☆
എൻ്റെ കഷ്ടപ്പാടിനെ അങ്ങേ സന്നിധാനത്തുങ്കൽ ഞാൻ ബോധിപ്പിച്ചു☆— അത്രു··☆
പിതാവിനും — അത്രുപിക്കും· · അത്രുപി · · ☆
അനാദി ☆— അത്രു··☆

പുരുഷനെ അഥവാ സ്ത്രീയെക്കുറിച്ചുള്ള ശൂറായാ.

എൻ്റെ രക്ഷകനായ തമ്പുരാൻ കൎത്താവേ!
അത്രു· · ☆
അഹോരാത്രം ഞാൻ അങ്ങേ തിരുമുമ്പിൽ നിലവിളിച്ചപേക്ഷിച്ചു. അത്രു · · ☆
അങ്ങേ തിരുസ്സന്നിധിയിൽ എൻ്റെ പ്രാൎത്ഥന പ്രവേശിക്കട്ടെ ☆ അത്രു· · · ☆
പിതാവിനും· · ☆ അത്രു· · ☆
അനവരതം ·· ☆ അത്രു· · ☆

ഞായറാഴ്ചകളിലേയും പെരുന്നാളുകളി
ലെയും ജപം.

ഞങ്ങളുടെ കൎത്താവായ ദൈവമേ! ജീവപ്രദവും ദൈവികവും ആയ അങ്ങേ പ്രമാണങ്ങളുടെ മനോഹരമായ ശ്രവണത്തെ ശ്രദ്ധാപൂൎവ്വം കേട്ടു ഗ്രഹിക്കത്തക്കവണ്ണം ഞങ്ങളുടെ ചിത്തവികാരങ്ങൾക്കു പ്രകാശം നൽകി, ആത്മശരീരങ്ങൾക്കു ഉപയുക്തമായ സ്നേഹത്തിന്റെയും ആശയുടേയും രക്ഷയുടേയും ഫലത്തെ അവയിൽ നിന്നു ലഭിക്കുന്നതിനും അങ്ങേ അനവരതം പാടിസ്തുതിക്കുന്നതിനും ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശാ ആയ നിത്യസൎവ്വേശ്വരാ! അങ്ങേ കരുണയാലും കൃപയാലും, ഞങ്ങൾക്കു മനോജ്ഞം ചെയ്യേണമെ! ✲ ആമ്മേൻ. ✲

സാധാരണദിവസങ്ങളിലെ ജപം.

ബാവാ, പുത്രൻ, റൂഹാദ്ക്കുദശാ ആയ നിത്യസൎവ്വേശ്വരാ! അങ്ങേ വീട്ടുകാരുടെ വിവേകമുള്ള ഭരണകൎത്താവും, വിസ്മയനീയ കാൎയ്യദശിയും, തന്റെ കരുണയാൽ സകലവിധ സഹായങ്ങളേയും, സൌഭാഗ്യങ്ങളേയും, ഉല്പാദിപ്പിക്കുന്ന മഹാ ഭണ്ഡാഗാരവും ആയ അങ്ങുന്നു എല്ലാപ്പോഴുമുള്ള അങ്ങേ പതിവുപോലെ വീണ്ടും ഞങ്ങളുടേമേൽ കൃപയും അനുഗ്രഹവും, ഉള്ള

www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഖനായിരിക്കേണമെന്ന് അങ്ങയോട്ട ഞങ്ങൾ
പ്രാൎത്ഥിക്കുന്നു * ആമ്മേൻ *

തദനന്തരം കൎമ്മാനുഷ്ഠാവു റാസയുടെ നിയോ
ഗാനുസരണം അഥവാ ദിവസത്തിന്റെ സ്ഥി
തിക്ക് അനുരൂപമായ പൌലോസശ്ലീഹായു
ടെലേഖനം താണസ്വരത്തിൽ വായിക്കുന്നു.

ലേഖനത്തിനു മുമ്പുള്ള ഉപദേശം.

ആകാശവാസികളുടേയും, ഭൂവാസികളുടേയും, രാ
ജകീയ വിരുന്നായ രക്ഷാകര വിരുന്നിന് മ
ഹത്വമേറിയ ദൈവിക ശക്തിയാൽ ക്ഷണിക്ക
പ്പെട്ടവരെ! നിങ്ങൾ സുവിശേഷപാരായണത്തി
ന്റെ വിളക്കുകൊണ്ടു (നിങ്ങളുടെ മനസ്സാക്ഷി
യെ) പരിശോധിക്കയും ദൈവിക ചൂളയിൽ (അ
തിനെ) ധവളപ്പെടുത്തുകയും നിങ്ങളുടെ ബോ
ധത്തിൽനിന്ന് ലൌകിക വിചാരങ്ങളെ അക
റ്റുകയും ചെയ്വിൻ. ദൈവം അപേക്ഷകൎക്കു
സൌഭാഗ്യങ്ങളുടെ ഭണ്ഡാഗാരത്തെ തുറന്നുകൊ
ണ്ടു, ഓ! പാപികളെ! നിങ്ങൾ വന്നു നിങ്ങളു
ടെ കടച്ചീട്ട വാങ്ങിക്കൊള്ളുവിൻ! ഹൃദയത്തെ
ശുദ്ധിവരുത്തി, ഉന്നത രാജ്യത്തിന്റെ അവകാ
ശികളും വീട്ടുകാരുമാകുവാൻ തക്കവണ്ണം ശിശുക്ക
ളെപ്പോലെ നിങ്ങൾ ആയിത്തീരണം. അ
രൂപികളുടെ സ്വരങ്ങളാൽ ഇതാ സുവിശേ

ഷം നിങ്ങൾക്കു അറിയിക്കപ്പെട്ടുകയും നിത്യഭാഗ്യത്തിലേക്കുള്ള മാൎഗ്ഗത്തെ നിങ്ങൾക്കു കാണിച്ചുതരികയും ചെയ്യുന്നു. വീരശൂരനായ എബ്രായക്കാരൻ പൌലോസ്, നാമമാത്രമായിരുന്ന പഴയ പ്രമാണങ്ങളെ ഉപേക്ഷിച്ചു സത്യവേദത്തിലേക്കു തിരിഞ്ഞതുപോലെ നിങ്ങളും ആകേണ്ടിയിരിക്കുന്നു. ദൈവം ഇയ്യാളെ ഇസ്രായേലിൽ ശ്രേഷ്ഠാന്തിയുള്ളവനായി കണ്ടതിനാൽ ക്രിസ്തീയ ജനത്തിലും അപ്രകാരമുള്ളവനായിരിപ്പാൻ വേണ്ടി അയാളെ വിളിച്ചു. ഇതാ കണ്ടാലും! പാരമ്പൎയ്യ പ്രമാണങ്ങളാൽ അന്ധനായിരുന്നയാൾ, ദിവ്യരക്ഷകന്റെ പ്രമാണങ്ങളുടെ ശക്തിയിൽ വികസിച്ചു. അബദ്ധവിചാരങ്ങൾ സകലതും തന്നിൽനിന്നു ദൂരീകരിച്ചിട്ട് ഒരു പ്രേഷിതനായി, ഗ്രീക്കുകരോടു ദൈവിക വല്ലഭത്തെ അറിയിച്ചു. അദ്ദേഹം (ഇന്നാക്ക്) എഴുതീട്ടുള്ള ലേഖനം വഴിയായി ഒരുത്ത്യാപി അറിവിക്കുന്ന സ്തുത്യാൎഹവും നീതിയുക്തവുമായ തന്റെ സ്വരങ്ങളെ നാം ശ്രവിക്കുന്നതു ഉപകാരപ്രദമായിരിക്കുന്നു.

ലേഖനം വായിക്കുന്ന ആൾ 'ബാറെക്മാർ'

എന്നു പറയുമ്പോൾ

കാൎമ്മികൻ ചൊല്ലുന്നതു.

മ്ശിഹാ തന്റെ പരിശുദ്ധ പാനത്തിൽ താ

marggam
Digital Library of Christianity in India
www.marggam.com



ങ്ങളെ ജ്ഞാനിയാക്കട്ടെ! താങ്കളെ ശ്രദ്ധാപൂർവ്വം ശ്രവിക്കുന്ന ഏവർക്കും താങ്കളെ ഒരു വിശേഷ ദർപ്പണമാക്കിത്തീർക്കട്ടെ.

ഞായറാഴ്ച, പെരുന്നാളുകളിലെ ശൂറായാ.

എന്റെ ഹൃദയമേ! നീ നല്ല വാക്യങ്ങളെ പുറപ്പെടുവിക്ക ☆ ഹല്ലേലുയ്യാ

(എന്നും സമയോചിതം)

ദൈവമേ! അങ്ങേക്കു സ്തുതി.

(എന്നും രണ്ടുപ്രാവശ്യം പാടുന്നു.)

എന്റെ പ്രവൃത്തികളെ ഞാൻ രാജാവിനോടു പറയും ☆ ഹല്ലേലൂയ്യാ
സമർത്ഥനായ ഒരു എഴുത്തുകാരന്റെ തൂലികയാകുന്നു എന്റെ നാവു ☆ ഹല്ലേലൂയ്യാ
ബാവാ. ☆ ഹല്ലേലൂയ്യാ
അനവരതം ☆ ഹല്ലേലൂയ്യാ

മാർപ്പാപ്പാ; മെത്രാൻ; പട്ടക്കാരൻ;
എന്നിവരെക്കുറിച്ചുള്ള ശൂറായാ.

കർത്താവേ! എന്റെ കരങ്ങളെ ഞാൻ ശുദ്ധിവരുത്തി അങ്ങേ മദ്ബഹായെ ഞാൻ ചുററി പ്രദിക്ഷണംചെയ്യു ☆ ദൈവമേ! അങ്ങേക്കുസ്തുതി
അങ്ങേ സ്തുതിയുടെ സ്വരത്തെ കേൾപ്പിക്കുന്നതിനു ☆ ദൈവമേ! അങ്ങേക്കു സ്തുതി

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

അങ്ങയുടെ എല്ലാ അത്ഭുതങ്ങളേയും അറിയി
ക്കുന്നതിനും ✡ ദൈവമേ! അങ്ങേക്കു സ്തുതി.
ബാവാ... ✡ ദൈവമേ! അങ്ങേക്കു സ്തുതി.
അനവരതം... ✡ ദൈവമേ! അങ്ങേക്കു സ്തുതി.

ശമ്മാശന്മാരെക്കുറിച്ചു.

കർത്താവേ! അങ്ങേ ഭവന ശുശ്രൂഷയെ ഞാൻ
സ്നേഹിച്ചു ✡ ദൈവമേ! അങ്ങേക്കു സ്തുതി.
അങ്ങേ മഹത്വത്തിൻവസതിയേയും ✡ ദൈവമേ
പാപികളോടുകൂടി എന്നെ നശിപ്പിക്കല്ലെ ✡ ദൈ
ബാവാ ✡ ദൈവമേ!
അനവരതം ✡ ദൈവമേ!

സ്ത്രീ പുരുഷന്മാരെക്കുറിച്ചു.

ഇതാ നീ മരിച്ചവർക്കായി അത്ഭുതങ്ങളെ പ്രവ
ൎത്തിക്കുന്നു ✡ ദൈവമേ!
ധീരന്മാർ ഉയൎത്ത് നിന്നെ സ്തുതിക്കും ✡ ദൈവ!
കുഴിമാടങ്ങളിലുള്ളവർ നിന്റെ നന്മയെ അറി
യിക്കും ✡ ദൈവമേ!
ബാവാ ✡ ദൈവമേ!
അനവരതം ✡ ദൈവമേ!

ലേഖനവായനയും 'ശുറായാ'യും കഴിയുമ്പോൾ
കർമ്മാനുഷ്ഠാവ് മദ്ബഹത്തിൽ നിന്നുകൊണ്ടു താഴ്ന്ന
സ്വരത്തിൽ ഇപ്രകാരം പ്രാർത്ഥിക്കുന്നു.

ഞങ്ങളുടെ മനുഷ്യശരീരത്തോടുകൂടെ കാണപ്പെ
ടുകയും അങ്ങേ സുവിശേഷത്തിന്റെ പ്രഭയാ
ൽ, ഞങ്ങളുടെ ബോധാന്ധകാരത്തെ തെളിക്ക
യുംചെയ്ത പൈതൃക മഹത്വത്തിൻ കതിരും പി
താവിന്റെ പ്രതിമയും ആയ നിത്യ സർവ്വേശ്വ
രാ! ഞങ്ങൾ സദാ അങ്ങേക്കു നന്ദി പറയുന്നു.
അങ്ങേ വണങ്ങി സ്തുതിക്കുന്നു. ആമ്മേൻ.

### മേശയുടെ അടുക്കൽ നിന്നു ചൊല്ലുന്നതു.

നിത്യ സർവ്വേശ്വരാ! ഞങ്ങൾ അങ്ങേ വചനങ്ങ
ൾക്കു സദാ അനുസരണമുള്ളവരും അങ്ങേ
പ്രമാണങ്ങളെ നിവൃത്തിക്കുന്നവരും ആകുന്നതി
ന് അങ്ങേ വേദത്തെ ഞങ്ങളെ പഠിപ്പിക്ക; അ
ങ്ങേ ജ്ഞാനത്താൽ ഞങ്ങളുടെ ബോധങ്ങളെ
പ്രകാശിപ്പിക്ക; അങ്ങേ സത്യത്താൽ ഞങ്ങളു
ടെ ആത്മാവുകളെ ശുദ്ധീകരിക്ക.

### പുസ്തകം മുത്തിക്കുമ്പോൾ പാടുന്നതു.

പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെക്കുറിച്ചു
എഴുതിയിരിക്കുന്നു. ✠ ന. മി. രക്ഷകനായ മ്ശി
ഹാ രാജാവിന്റെ സുവിശേഷമെന്ന ആ വലി
യ പ്രബന്ധത്തെ, വിസ്മയിക്കത്തക്ക നാലു ഗ്ര
ന്ഥകർത്താക്കളായ: വി. മത്തായി, യൂദ ദേശത്തു
ള്ള വിശ്വാസികൾക്കായിട്ടും; വി. മർക്കോസ
റോമ്മിലുള്ളവർക്കായിട്ടും; വി. ലൂക്കാ, എജിപ്തി

ഷ്യുള്ളവൎക്കായിട്ടും; വി. യോഹന്നാൻ അപ്പസ്തോ
സിലുള്ളവൎക്കായിട്ടും പരിശുദ്ധാരൂപിയുടെ ശ
ക്തിയാൽ അവരവരുടെ ഭാഷകളിൽ എഴുതി. ഇ
ക്കാലത്തോ എന്നാൽ കൎത്താവേ! ഭൂലോകത്തി
ന്റെ നാനാ ഭാഗങ്ങളിലും അങ്ങേ മഹത്വമേ
റിയ ശക്തിയെ ശ്ലാഘിച്ചുകൊണ്ടു അവരുടെ പ്ര
ബന്ധങ്ങൾ പാരായണം ചെയ്യപ്പെടുന്നു.
പിതാവേ! അങ്ങേ തിരുമനസ്സു നിറവേറുവാൻ
ഞാൻ മനസ്സായി ✻ ന. ദി. രക്ഷനായ—
ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി ✻
ന. ദി. രക്ഷകനായ..

### സുവിശേഷത്തിനുള്ള അവതാരിക.

പിതാവും പുത്രനും റൂഹാദ്ക്കുദ്ശായുമായ ത്രി
യേക ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നവരേ!
വരുവിൻ! ശാരീരിക സ്വാസ്ഥ്യവും ആത്മികജീ
വനും പ്രദാനം ചെയ്യുന്ന വചനങ്ങളെ നിങ്ങൾ
കേൾപ്പിൻ! ദൈവകുമാരൻ മനുഷ്യരുടെ മദ്ധ്യേ
മനുഷ്യനായി പിറന്നു. തന്റെ സ്വരക്തംമൂലം ന
രവൎഗ്ഗത്തിൽനിന്നു പാപത്തെ മോചിച്ചു. വലി
യൊരു ഭണ്ഡാകാരമായ ഒരു ഉപദേശ സംഗ്ര
ഹത്തെ നിങ്ങളുടെമുമ്പിൽ ഇതാ താൻ തുറന്നു
വെച്ചിരിക്കുന്നു. ഒരു ഉപദേശം മുഴുവനും ജീവനും
ഭാഗ്യവും കൊണ്ടു പരിപൂൎണ്ണമായതത്രെ. ജീവ

ങ്ങളുള്ളതും ജീവനെ നൽകുന്നതുമായ ഇതിലുള്ള
വചനത്തെ ശ്രവിക്കുന്ന മാത്രയിൽ, പിശാചു
ക്കൾ ഒളിച്ചു ഓടുകയും, ദുഷ്ടാരൂപികൾ ഭയന്നു
പിന്മാറുകയും ചെയ്യുന്നു. ഇതു പ്രകാശമാകുന്നു;
ഇതു ദീപമാകുന്നു; ഇതു ജീവനുമാകുന്നു. ഇതു വ
ഴിയായി അറിയിക്കപ്പെടുന്ന ആൾ തന്നെയാകു
ന്നു, ഉയിരുള്ളവരേയും മരിച്ചവരേയും വിധിപ്പാ
നിരിക്കുന്നതു്. താൻ മുഖേനയാണു സർവ്വ ജന
ങ്ങളും രക്ഷപെടേണ്ടതു്, എന്നീ സംഗതി നിങ്ങ
ൾ അറിയേണ്ടതുതന്നെ. താൻ വഴിയായി സകല
പാപങ്ങളും മോചിക്കപ്പെടുന്നുവെന്നു് സ്ഥിരമാ
യി നിങ്ങൾ വിശ്വസിച്ചുകൊൾവിൻ. വിത്തിനു
പകരം, ദൈവവചനത്തെ വിതപ്പാൻ ഒരു കൃഷി
ക്കാരനായിട്ടു താൻ പുറപ്പെട്ടിരിക്കുന്നു. നിലത്തി
ന്റെ സ്ഥാനത്തു് ഹൃദയങ്ങളെ നിങ്ങൾ ഒരുക്കു
വിൻ. തന്റെ സ്വരം നിത്യായുസ്സും, ഭാഗ്യവും,
കൃപയും ദയയുമത്രെ. തന്റെ പ്രസംഗം പ്രതീക്ഷ
യും, ജീവനും, നിത്യ ഭാഗ്യവും ആകുന്നു. തന്നി
ൽ വിശ്വസിക്കുകയും തന്റെ തിരുവചനത്തിൽ
ഉറച്ചിരിക്കുകയും ചെയ്യുന്നവൻ ആരോ അവൻ
ഭാഗ്യവാൻ. അവൻ മൃതനായിരിക്കുന്ന പക്ഷം, ജീ
വിക്കും. ജീവിച്ചിരിക്കുകയാണെങ്കിൽ, അവന്റെ
പാപങ്ങളിൽ അവൻ മരിക്കയുമില്ല. *

ദൈവത്തിന്റെ ഏകപുത്രനായ താൻ ലോക
ത്തിലേയ്ക്കു എഴുന്നെള്ളിവന്നു. വാനാത്രുപികളെ
ഒഴിച്ച്, സ്വഭാവത്തിനു മേൽപ്പെട്ടവിധം ഒരു ക
ന്യകയിൽനിന്നു താൻ ജാതനായി; രോഗികളെ
സുഖപ്പെടുത്തി; മരിച്ചവരെ ജീവിപ്പിച്ചു; പി
ശാചുക്കളെ പുറപ്പെടുവിച്ചു; മരണത്തെ താൻ
അഴിച്ചു; താൻ മരിച്ച് ഉയർത്തെഴുന്നേറ്റു ആകാ
ശത്തിലേക്കു ആരോഹണം ചെയ്തു. തന്റെ ശി
ഷ്യഗണത്തിനു പരിശുദ്ധാത്രുപിയെ താൻ യാ
ത്രയാക്കി അവരെ ജ്ഞാനികളാക്കിത്തീർത്തു; സു
വിശേഷം പ്രസംഗിക്കുന്നതിനായി നാനാ ഭാഗ
ത്തേക്കും അവരെ താൻ അയച്ചു.

(വായിപ്പാൻ പോകുന്ന സുവിശേഷകന്റെ
പെര് (യോഹന്നാൻ) പറയുന്നു.)

ദർശിച്ചതും ശ്രവിച്ചതുമായ സംഗതികളെ ഇ
പ്പോൾ വിവരിക്കുന്നു. കേൾപ്പാൻ ചെവിയുള്ളവ
ൻ കേൾക്കട്ടെ. ഏതൊരുത്തനും അതിലൂടെ സ്വ
ർഗ്ഗത്തിലേക്ക് പ്രവേശിക്കുന്ന വാതിലിതത്രെ. മുഴു
വനും നിരപ്പാക്കപ്പെട്ടിരിക്കുന്ന പാഥയും ഇതുത
ന്നെ. മരിച്ചവർ അതിനെ കേട്ടാൽ പുനർജ്ജീവി
ക്കുന്ന ശബ്ദമിതാകുന്നു. ജീവനോടുകൂടി ഇരിക്കു
ന്നവർ അതിനെ ദുഷിച്ചാൽ മരിപ്പാനിടയാകു
ന്ന പ്രസംഗവും ഇതുതന്നെ ❋

marggam Digital Library of Christianity in India www.marggam.com

www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

— ശുശ്രൂ —

ആരംഭപ്പെട്ടസ്ഥാനി ഉച്ചസ്വരത്തിൽ പറയുന്നു:

സുവിശേഷം കേൾപ്പാനായിട്ടു തയ്യാറായി എഴുന്നേററു നില്ലുവിൻ.

കാർമ്മികൻ താണ സ്വരത്തിൽ ജപിക്കുന്നതു:—

വിശുദ്ധ സുവിശേഷം യോഗ്യതയോടും, വേണ്ട വിധത്തിലും, പ്രസംഗിക്കുന്നതിന്നു ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശായായ കർത്താവു എന്റെ ഹൃദയത്തിലും അധരങ്ങളിലും ഉണ്ടായിരിക്കട്ടെ! ആമ്മേൻ.

കാർമ്മികൻ താഴെയുള്ള വാക്കുകൾ പാടി കൊണ്ടു ജനത്തെ ആശീർവ്വദിക്കുന്നു:

സമാധാനം നിങ്ങളോടുകൂടെ.

അങ്ങയോടും അങ്ങേ ആത്മാവിനോടും കൂടെ

എന്നു ഗായകർ ഉത്തരിക്കുന്നു.

നമ്മുടെ കർത്താവീശോ മ്ശിഹായുടെ സുവിശേഷം (പേർ) എവൻഗേലീസ്ഥായുടെ അറിയിപ്പു

എന്നു കാർമ്മികൻ പാടുന്നു.

നമ്മുടെ കർത്താവായ മ്ശിഹായ്ക്കു സ്തുതി

എന്നു ഗായകർ പാടുന്നു.

സ്വാമീ ആശീർവ്വദിക്കണമെ!

എന്നു കാർമ്മികൻ പറയുന്നു.

മ്ശിഹാ താങ്കളെ ആശീർവ്വദിക്കട്ടെ!

എന്നു ഗായകർ ഉത്തരിക്കുന്നു.

നമ്മുടെ കൎത്താവായ മ്ശിഹായ്ക്കു സ്തുതി

എന്നു ഗായകർ അവസാനത്തിൽ പാടുന്നു.

ലോകത്തിന്റെ പ്രകാശവും സൎവ്വ ലോകത്തി
ന്റെ ജീവനുമായ മ്ശിഹാകൎത്താവേ! ഞങ്ങളു
ടെ അടുക്കലേക്ക് അങ്ങേ യാത്ര അയച്ച നിത്യാ
നുഗ്രഹത്തിനു സ്തുതിയുണ്ടായിരിക്കട്ടെ

എന്നു കാൎമ്മികൻ ജപിക്കുന്നു.

ശ്രേഷ്ഠശുശ്രൂഷകൻ തുടങ്ങുന്നു;—

നാമെല്ലാവരും സന്തോഷാനന്ദങ്ങളിൽ (അഥവാ
ദുഃഖാനൎത്ഥങ്ങളിൽ) ഒപ്പായി നിന്നുകൊണ്ടു
ഞങ്ങളുടെ കൎത്താവേ! ഞങ്ങളുടെമേൽ കൃപയാ
യിരിക്കണമേ! എന്നു പ്രാൎത്ഥിച്ചു ചൊല്ലണം ❁ ‡
അനുഗ്രഹങ്ങളുടെ പിതാവും സകല ആശ്വാ
സങ്ങളുടെ ദൈവവുമായ അങ്ങേ അടുക്കൽ ഞ
ങ്ങൾ പ്രാൎത്ഥിക്കുന്നു. ❁ ഞങ്ങളുടെ രക്ഷക
നും, പാലകനും, സകലത്തേയും ഭരിച്ചു നടത്തു
ന്നവനുമായ അങ്ങേ അടുക്കൽ ഞങ്ങൾ പ്രാ
ൎത്ഥിക്കുന്നു ❁ ലോകം മുഴുവന്റെയും സഭകളു
ക്കെല്ലാറ്റേയും സമാധാനത്തിനും, ഐക്യത്തിനും

---

‡ ഓരോ നിൎത്തിനും ഞങ്ങളുടെ കൎത്താവേ!
ഞങ്ങളുടെമേൽ കൃപയായിരിക്കണമേ ❁ എന്നു
എല്ലാവരും ഉത്തരിക്കുന്നു.

നിലനില്പിനുമായി ഞങ്ങൾ പ്രാൎത്ഥിക്കുന്നു * ഞങ്ങളുടെ ദേശത്തിനും, മറ്റെല്ലാ ദേശങ്ങൾക്കും, ഇവകളിൽ വിശ്വാസത്തോടുകൂടെ വസിക്കുന്നവൎക്കും വേണ്ടി അങ്ങേ അടുക്കൽ ഞങ്ങൾ പ്രാൎത്ഥിക്കുന്നു. * ആന്തരീക്ഷ പരിപാകതക്കായിട്ടും വത്സര ശുഭവൃദ്ധിക്കായിട്ടും, ധാന്യസമൃദ്ധിക്കായിട്ടും സൎവ്വലോക നവീകരണത്തിന്നായിട്ടും അങ്ങേ അടുക്കൽ ഞങ്ങൾ പ്രാൎത്ഥിക്കുന്നു. * മ്ശിഹായുടെ സഭ മുഴുവന്റെയും ശ്രേഷ്ഠനായ ഞങ്ങളുടെ പരിശുദ്ധ പിതാവു (പേരു) മാൎപ്പാപ്പായുടേയും, (പേരു) മെത്രാന്റെ (അഥവാ) മെത്രാപ്പോലീത്തായുടേയും സുഖത്തിന്നായും, അവരുടെ ഭരിപ്പിൽ ഉൾപ്പെട്ട എല്ലാവൎക്കും വേണ്ടിയും അങ്ങേ അടുക്കൽ ഞങ്ങൾ പ്രാൎത്ഥിക്കുന്നു. * ദയയോടെ സൎവ്വത്തെയും ഭരിച്ചുവരുന്ന ദയാപരനായ ദൈവമേ! അങ്ങേ അടുക്കൽ ഞങ്ങൾ പ്രാൎത്ഥിക്കുന്നു. * കൃപാസമ്പന്നനും മനോഗുണങ്ങളെ ധാരാളമായി നൽകുന്നവനുമായ അങ്ങേ അടുക്കൽ ഞങ്ങൾ പ്രാൎത്ഥിക്കുന്നു. * നന്മസ്വരൂപിയും, സകല നന്മകളുടെ ദാതാവുമായ അങ്ങേ അടുക്കൽ ഞങ്ങൾ പ്രാൎത്ഥിക്കുന്നു. * സ്വൎഗ്ഗത്തിൽ മഹത്വപ്പെടുന്നവനും ഭൂമിയിൽ ആരാധിക്കപ്പെടുന്നവനുമാ

യ അങ്ങേ അടുക്കൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ✲ ജാതിയാൽ അമർത്ത്യനും, തേജോമയമായ പ്രഭയിൽ വാസംചെയ്യുന്നവനുമായ അങ്ങേ അടുക്കൽ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ✲ ഞങ്ങളുടെ നാഥനായ മ്ശിഹായെ! അങ്ങേ ദയയാൽ ഞങ്ങൾ എല്ലവരേയും രക്ഷിച്ച് അങ്ങേ വാഴ്വും സമാധാനവും ഞങ്ങളിൽ വർദ്ധിപ്പിച്ചരുളേണമെ! ഞങ്ങളുടെമേൽ കൃപയായിരിക്കണമേ! ✲

നമുക്കു പ്രാർത്ഥിക്കാം; സമാധാനം നമ്മോടുകൂടെ

എന്നു പറഞ്ഞുകൊണ്ടു ജപിക്കേണ്ടും വിഷയങ്ങളെ ക്രമീകരൻ വായിക്കുന്നു.

കാർമ്മികൻ ധൂപം വാഴ്ത്തുന്നു.

ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശായായ നിത്യസർവ്വേശ്വരാ! അങ്ങേ ഇഷ്ടപ്രസാദത്തിനും, അങ്ങേ ഇടവകയിലെ ആടുകളുടെ പാപമോചനത്തിനുമായി, അങ്ങേ മഹത്വത്തിന്നു ഞങ്ങൾ സമർപ്പിക്കുന്ന ഈ പരിമളം, പ്രശസ്തമായ അങ്ങേ ത്രിത്വത്തിൻ നാമത്തിൽ ആശീർവ്വദിക്കപ്പെടട്ടെ!

കാ. ശോശാപ്പാ ധൂപിക്കുമ്പോൾ:

ഞങ്ങളുടെ സർവ്വേശ്വരാ കർത്താവേ! സത്യ ദീർഘദർശിയായ ഏലിയായുടെ മൂടുപടം പോലെ, ഈ മൂടുപടമത്രെ പരിമളപ്പെടുത്തേണമെ! ബാ

ബാവായുടേയും, പുത്രൻെറയും, റൂഹാദ്ക്കുദ്ശായു ടേയും നാമത്താലെ ആമ്മേൻ.

കാ. പീലാസാ ധൂപിക്കുമ്പോൾ:

ഞങ്ങളുടെ സർവ്വേശ്വരാ കർത്താവേ! സമാഗമന കൂടാരത്തിലുണ്ടായിരുന്നതായ അഹറോൻ എന്ന ശ്രേഷ്ഠ ഗുരുവിൻെറ താലംപോലെ ഈ താലത്തെ പരിമളപ്പെടുത്തണമേ! ബാവായുടേയും, പുത്രൻെറയും, റൂഹാദ്ക്കുദ്ശായുടേയും നാമത്തിൽ ആമ്മേൻ.

കാ. പ്രാവരണത്തെ ധൂപിക്കുമ്പോൾ:

ഞങ്ങളുടെ സർവ്വേശ്വരാ കർത്താവേ! ഈ കബ്ബാനാ പരിമളപ്പെടുത്തേണമേ! ബാവായുടേയും പുത്രൻെറയും റൂഹാദ്ക്കുദ്ശായുടേയും നാമത്താലെ ആമ്മേൻ.

പൂജാപാത്രത്തിൽ വീഞ്ഞൊഴിക്കുമ്പോൾ:

നമ്മുടെ കർത്താവീശോമ്ശിഹായുടെ പാനപാത്രത്തിൽ മാണിക്കമായ രക്തം ചിന്തപ്പെട്ടു. ബാവായുടേയും പുത്രൻെറയും റൂഹാദ്ക്കുദ്ശായുടേയും നാമത്താലെ ആമ്മേൻ.

കാ. വെള്ളം ആശീർവ്വദിക്കുമ്പോൾ.

സേവകരിൽ ഒരുവൻ വന്നു നമ്മുടെ കർത്താവിൻെറ വിലാവിൽ കുന്തംകൊണ്ടു കുത്തിയ ഉടൻ

രക്തവും ജലവും പുറപ്പെട്ടു എന്നു കണ്ടയാൾതന്നെ സാക്ഷിച്ചിരിക്കുന്നു. അയാളുടെ സാക്ഷ്യം സത്യമായിരിക്കുന്നു. ബാവായുടേയും പുത്രന്റേയും റൂഹാദ്ക്കുദ്ശായുടേയും നാമത്താലെ ആമ്മേൻ.

രണ്ടാമത്തു കാസായിൽ വീഞ്ഞൊഴിക്കുമ്പോൾ.

ബാവായുടേയും പുത്രന്റേയും റൂഹാദ്ക്കുദ്ശായുടെയും നാമത്താലെ വീഞ്ഞു വെള്ളത്തിലും വെള്ളം വീഞ്ഞിലും കലർത്തപ്പെടുന്നു ആമ്മേൻ.

ഇതിന്നിടക്കു ശ്രമീകരൻ വായിക്കുന്നതു:

സകലത്തിന്റേയും നാഥനായ ദൈവാ നമ്മുടെ പ്രാർത്ഥനയുടെ സ്വരത്തെ കേട്ട്, നമ്മുടെ അപേക്ഷയെ സ്വീകരിപ്പാനും നമ്മെ അനുഗ്രഹിപ്പാനുമായിട്ട്, തന്നോടു നാം പ്രാർത്ഥിച്ചപേക്ഷിക്കണം ✲ ഇവിടേയും എല്ലാസ്ഥലത്തുമുള്ള വിശുദ്ധ കത്തോലിക്കാ സഭയ്ക്കുവേണ്ടി, സർവ്വനാഥനായ ദൈവത്തോടു നാം പ്രാർത്ഥിച്ചപേക്ഷിക്കണം; ലോകാവസാനംവരെ തന്റെ സമാധാനം അതിൽ നിവസിപ്പിക്കുന്നതിനായിട്ടത്രെ ✲ നമ്മുടെ പിതാക്കന്മാരായ മെത്രാന്മാൎക്കു വേണ്ടി സർവ്വത്തിന്റേയുംനാഥനായ ദൈവത്തോടു നാം പ്രാർത്ഥിച്ചപേക്ഷിക്കണം; അവർ തങ്ങളുടെ ആയുഷ്കാലം മുഴുവനും നിഷ്കളങ്കമായും നി

ളാക്ഷേപമായും തങ്ങളുടെ ഇടവകകളുടെ അ
ദ്ധ്യക്ഷ പദവിയിൽ സ്ഥിതി ചെയ്യുന്നതിന്നായി
ട്ടുതന്നെ ✡

എന്നാൽ മുഖ്യമായി, മ്ശിഹായുടെ സഭ മുഴുവ
ന്റെയും ശ്രേഷ്ഠാധിപനായ നമ്മുടെ പരിശു
ദ്ധപിതാവ് (ഇന്നാരു) മാർപ്പാപ്പായുടെയും, ഒ
ന്നാൻ (അഥവാ) മെത്രാപ്പോലീത്താ (ഇന്നാരു
യുടേയും, ക്ഷേമത്തിന്നുവേണ്ടിയും, സർവ്വ നാഥ
നായ ദൈവത്തോടു നാം പ്രാർത്ഥിച്ചപേക്ഷിക്ക
ണം; അവർ തങ്ങളുടെ ജ്ഞാന അജക്കൂട്ടങ്ങളെ
മേയിക്കുന്നതിന്നും, പൗരോഹിത്യ ശുശ്രൂഷ ചെ
യ്യുന്നതിന്നും, സൽകൃത്യങ്ങളിൽ തീഷ്ണതയുള്ള
സാംഗോപാംഗ ജനത്തെ കർത്താവിന്നൊരുക്കു
ന്നതിന്നുമായിട്ട്, തങ്ങളുടെ ഇടവകകളുടെ അ
ദ്ധ്യക്ഷസ്ഥാനത്തിൽ, അവരെ താൻ കാത്തു പ
രിപാലിക്കയും, സുസ്ഥിരമാക്കുകയും ചെയ്യുന്ന
തിന്നായിട്ടത്രെ ✡

ദൈവശുശ്രൂഷികളായ വൈദികന്മാർക്കുവേണ്ടിയും
സകലത്തിന്റെയും നാഥനായ ദൈവത്തോടു
നാം പ്രാർത്ഥിച്ചപേക്ഷിക്കണം; അവർ നല്ല ഹൃ
ദയത്തോടും ശുദ്ധഭാവത്തോടു കൂടി തന്റെ മുമ്പാ
കെ തങ്ങളുടെ ശുശ്രൂഷയെ അനുഷ്ഠിക്കുന്നതിന്
വേണ്ടിട്ടത്രെ ✡

margam
Digital Library of Christianity in India
www.marggam.com



വിശുദ്ധ കത്തോലിക്കാസഭയുടെ സന്താനങ്ങളാ
യി വിരക്തശുദ്ധിയോടുകൂടിയ എല്ലാ ആത്മസ്സ്ഥ
കാക്കുവേണ്ടിയും സൎവ്വനാഥനായ ദൈവത്തോ
ടു നാം പ്രാൎത്ഥിച്ചപേക്ഷിക്കണം; അവർ ത
ങ്ങളുടെ ആയുഷ്ക്കാലം പരിശുദ്ധമായിത്ത
ന്നെ പരിയവസാനിപ്പിക്കുന്നതിനും, സ്വൎഗ്ഗ
ത്തിൽ തങ്ങളുടെ പ്രതീക്ഷതയുടേയും ദൈവ
വാഗ്ദാനത്തിന്റെയും ഫലം, തന്നിൽനിന്നു ല
ഭിക്കുന്നതിനായിട്ടും അത്രെ ✫
നമ്മുടെ രക്ഷകനും, ജീവദായകനുമായ ദൈവ
ത്തിന്റെ മാതാവു് ഭാഗ്യവതിയായ കന്യക മ
റിയത്തിന്റെ ഓൎമ്മക്കായിട്ടു്, സൎവ്വനാഥനായ
ദൈവത്തോടു നാം പ്രാൎത്ഥിച്ചപേക്ഷിക്കണം;
അവളിൽ വസിച്ച പരിശുദ്ധ അരൂപി ത
ന്നെ തന്റെ പ്രസാദവരത്താൽ, നമ്മെ ശുദ്ധീ
കരിക്കുന്നതിനും, തന്റെ സത്യത്തെ നമ്മുടെ
ആയുഷ്ക്കാലം മുഴുവനിലും നമ്മിൽ താൻ മുദ്രി
തമാക്കുന്നതിനുമായിട്ടുതന്നെ ✫
ദീൎഘദൎശികളും, ശ്ലീഹന്മാരും, വേദസാക്ഷികളും,
വന്ദകന്മാരുമായുള്ളവരുടെ ഓൎമ്മയ്ക്കായും, സ
ൎവ്വനാഥനായ ദൈവത്തോടു നാം പ്രാൎത്ഥിച്ച
പേക്ഷിക്കണം; അവരുടെ പ്രാൎത്ഥനകളും പാ
ടുപീഡകളും വഴിയായി, നല്ല ആശയും രക്ഷ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

യും അവരോടുകൂടെ നമുക്ക് താൻ പ്രദാനംചെ
യ്യുന്നതിനും, സ്വൎഗ്ഗരാജ്യത്തിൽ അവരുടെ അ
നുഗ്രഹീതമായ ഓൎമ്മയും, സജീവവും സത്യവു
മായ അവരുടെ വാഗ്ദാനത്തിനും, നമ്മെ പ്രാ
പ്തരാക്കുന്നതിനും ആയിട്ടുതന്നെ ✲

നമ്മുടെ പരിശുദ്ധ പിതാക്കന്മാരും, സത്യോപ
ദേഷ്ടാക്കളുമായ, മാർ അപ്രേം, മാർ ഗ്രീഗോരി
യോസ്സ്, മാർ ബസ്സേലീസ്, മാർ യോഹന്നി
സ്, മാർ അമ്പ്രോസ്സീസ്, മാർ ആഗുസ്തിനോ
സ്, മാർ ഹെറാനിമ്മോസ്, മാർ അത്താനാ
സീസ് എന്നിവരുടേയും, ശേഷമുള്ള എല്ലാ മ
ല്പാന്മാരുടേയും, സത്യ ഗുരുക്കളുടേയും, ഓൎമ്മ
യ്ക്കായും സകലത്തിന്റെയും നാഥനായ ദൈവ
ത്തോടു നാം പ്രാൎത്ഥിച്ചപേക്ഷിക്കണം; അത്
അവരുടെ പ്രാൎത്ഥനകളും, അപേക്ഷകളും വഴി
യായി, കത്തോലിക്കാസഭ മുഴുവനിലും, അവരു
ടെ വിശ്വാസോപദേശത്തിന്റെ നിൎമ്മലത്വം
ലോകാവസാനംവരെ കാത്തു സൂക്ഷിക്കപ്പെടു
ന്നതിനായിട്ടാണു ✲

സത്യവിശ്വാസത്തോടുകൂടെ സത്യമതാനുസാരി
കളായി, ഇഹലോകവാസം വെടിഞ്ഞ വിശ്വാ
സികളായ നമ്മുടെ മാതാ പിതാക്കന്മാർ, സ
ഹോദരർ, ആദിയായവരുടെ ഓൎമ്മയ്ക്കായിട്ടും,

സൎവ്വനാഥനായ ദൈവത്തോടു നാം പ്രാൎത്ഥിച്ചു
പേക്ഷിക്കണം; അത് അവരുടെ പാപങ്ങളേയും,
പ്രമാണ ലംഘനങ്ങളേയും, താൻ വിമോചിച്ച്
ക്ഷമിക്കുന്നതിനും, തനിക്കിഷ്ടമുള്ളവരായ നീതി
മാന്മാരോടും, പരിശുദ്ധന്മാരോടുംകൂടെ, അവ
രും നിത്യാനന്ദം പ്രാപിക്കുന്നതിന്, താൻ അ
വരെ പ്രാപ്തന്മാരാക്കുന്നതിനുമായിട്ടത്രെ ✲

ഈ സ്ഥലത്തേയും, തന്നിവാസികളേയും, ഈ പ
ട്ടണത്തേയും, (അഥവാ നഗരിയേയും) അതിൽ
നിവസിക്കുന്നവരേയും, പ്രത്യേകിച്ച് ഈ ജന
ക്കൂട്ടത്തേയും കുറിച്ച്, സകലത്തിന്റേയും നാ
ഥനായ ദൈവത്തോടു നാം പ്രാൎത്ഥിച്ചപേക്ഷി
ക്കണം; നമ്മുടെ കൎത്താവായ ദൈവം തന്റെ
കൃപയാൽ യുദ്ധം, അടിമത്വം, കൊള്ള, ഭൂക
മ്പം, പഞ്ഞം, വസന്ത മുതലായവയേയും, ശ
രീരത്തിന് പ്രതികൂലങ്ങളായ സകല നാശകര
ശിക്ഷകളേയും, നമ്മിൽനിന്ന് നീക്കുന്നതിനായി
ട്ടുതന്നെ ✲

പിന്നെയും ഈ സത്യവിശ്വാസത്തിൽനിന്ന് തെ
റ്റി, പിശാചിന്റെ കണികളിൽ അകപ്പെട്ടിരി
ക്കുന്നവൎക്കുവേണ്ടിയും, സൎവ്വനാഥനായ ദൈവ
ത്തോടു നാം പ്രാൎത്ഥിച്ചപേക്ഷിക്കണം; സത്യ
ത്തിന്റെ പിതാവായ ദൈവം ഏകൻ ആകു

marggam
Digital Library of Christianity in India
www.marggam.com



അവനെന്നും, നമ്മുടെ കർത്താവീശോമ്ശിഹാ തന്റെ പുത്രനാകുന്നവനെന്നും ശരിയായി ഗ്രഹിക്കുന്നതിനുള്ള അവരുടെ മനോവിമുഖതയെ നീക്കുന്നതിനായിട്ടുതന്നെ ✡

കഠിന വ്യാധികളിൽ ഉൾപ്പെട്ടിരിക്കുന്നവർക്കും, ദുഷ്ടാരൂപികളാൽ പരീക്ഷിക്കപ്പെടുന്നവർക്കും വേണ്ടി, സർവ്വനാഥനായ ദൈവത്തോടു നാം പ്രാർത്ഥിച്ചപേക്ഷിക്കണം;

സ്വാമീ ആശീർവ്വദിക്കണമെ!

എന്ന് ആറാം പട്ടക്കാരൻ യാചിക്കുന്നു.

സർവ്വനാഥനായ ദൈവത്തിന്റെ മഹിമകളെ വർണ്ണിക്കുന്നതിനായി, അവിടന്നു താങ്കൾക്കു ശക്തി നൽകട്ടെ!

എന്ന് കാർമ്മികൻ ഉത്തരിക്കുന്നു.

ആറാം പട്ടക്കാരൻ തുടരുന്നു:—

അവരെ സന്ദർശിക്കുന്നതിനും, അവരെ സ്വസ്ഥമാക്കി സഹായിക്കുന്നതിനുമായിട്ട്, കരുണയുടേയും, രോഗശമനത്തിന്റെയും ദൂതനെ അവർക്കായികൊണ്ട്, നമ്മുടെ കർത്താവായ ദൈവം തന്റെ കൃപാധിക്യത്താൽ യാത്രയയക്കുന്നതിനു വേണ്ടിതന്നെ ✡

ഈ ലോകത്തിലുള്ള ദരിദ്രർ, സാധുക്കൾ, അനാഥർ, വിധവകൾ, പീഡിതർ, ഞെരുക്കമു

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ള്ളവർ, മനോവ്യഥയുള്ളവർ ആദിയായ
വർക്കുവേണ്ടിയും, സർവ്വനാഥനായ ദൈവത്തോ
ടു നാം പ്രാർത്ഥിച്ചപേക്ഷിക്കണം; ദൈവം
തന്റെ കൃപയാൽ അവരെ സംരക്ഷിക്കുന്നതി
നും, തന്റെ ദയയാൽ പരിപാലിക്കുന്നതിനും,
തന്റെ അനുഗ്രഹത്താൽ അവരെ ആശ്വസി
പ്പിക്കുന്നതിനും, അവരെ ബലമായി അടിമയിലേ
ക്കു കൊണ്ടുപോകുന്നവനിൽനിന്ന് അവരെ വീ
ണ്ടു രക്ഷിക്കുന്നതിനും ആയിട്ടത്രെ ✡
സർവ്വനാഥനായ ദൈവത്തിന് നിങ്ങൾ രാജിത
വും, പട്ടക്കാരരും, വിശുദ്ധ ജനവും, ആകുവാ
നായിട്ട് അങ്ങേപക്കൽനിന്ന്, കരുണയെ നി
ങ്ങൾ പ്രാർത്ഥിപ്പിൻ; കൂടാതെയും സർവ്വശക്തനായ
ദൈവത്തോടു, നിങ്ങളുടെ മുഴു ഹൃദയത്തോടും,
മുഴു ആത്മാവോടുംകൂടി, അഭയ ശബ്ദത്തോടെ
നിങ്ങൾ പ്രാർത്ഥിപ്പിൻ; എന്തെന്നാൽ, പിതാ
വായ ദൈവം അനുഗ്രഹവും, കൃപയും, കടാക്ഷ
വും നിറഞ്ഞവനാകുന്നു; തന്റെ സൃഷ്ടികൾ അനു
തപിച്ച് രക്ഷപ്രാപിക്കുന്നതിനല്ലാതെ, നശിച്ചു
പോകുന്നതിനു താൻ ഇച്ഛിക്കുന്നില്ല; ആകയാ
ൽ, സർവ്വനാഥനായി, ആരാധനയ്ക്കു യോഗ്യനാ
യിരിക്കുന്ന, പിതാവായ ഏകദൈവം തന്റെ അ
ഭിഷിക്തൻ വഴിയായി, നമ്മുടെ ആത്മങ്ങൾക്ക്

marggam
Digital Library of Christianity in India
www.marggam.com



നല്ല ആശയും, രക്ഷയും, വരുത്തിയതുകൊണ്ട്, താൻതന്നെ തന്റെ കൃപയും, ദയയും, മററു ഗുണവും, അവസാനംവരെ, നമ്മിൽ പൂർത്തിയാകുവാൻ പ്രത്യേകം നാം പ്രാർത്ഥിക്കുകയും, തന്നെ നാം സ്തുതിച്ച് വണങ്ങുകയും, ആരാധിച്ച് കൊണ്ടാടുകയും, ചെയ്യേണ്ടിയിരിക്കുന്നു ☆

അഞ്ചാംപട്ടക്കാരൻ വായിക്കുന്നതു: —

അപേക്ഷയോടും പ്രാർത്ഥനയോടുംകൂടി സമാധാനത്തിന്റെയും കൃപയുടെയും ദൂതനെ ഞങ്ങൾ യാചിക്കുന്നു ☆ കർത്താവേ! അങ്ങേപക്കൽനിന്നു. † ഞങ്ങളുടെ ആയുഷ്കാലമൊക്കെയും അങ്ങേ സഭക്കു രാപകൽ നിത്യസമാധാനവും കുററമററ ജീവിതവും കല്പിച്ചരുളേണമെന്നു ഞങ്ങൾ യാചിക്കുന്നു ☆ പരിശുദ്ധാരൂപിയുടെ സഹായത്താൽ സാംഗോപാംഗത്തിൻ ബന്ധനമായ ഹാർദ്ദവ ഐക്യത്തെ ഞങ്ങൾ യാചിക്കുന്നു ☆ പാപപ്പൊറുതിയും, ഞങ്ങളുടെ ആയുസ്സിനു പ്രയോജനകരവും അങ്ങേ ദൈവികത്തിനു പ്രസാദകരവുമായവകളെയും ഞങ്ങൾ യാചിക്കുന്നു ☆ സർവ്വേശ്വരന്റെ ദയയും അനുഗ്രഹവും എല്ലാപ്പോഴും നിരന്തരം ഞങ്ങൾ യാചിക്കുന്നു ☆ നമ്മുടേയും നാം ഓരോരുത്തരുടേയും ആത്മാവു

† എന്നു് ഓരോ നിത്തുകൾക്കും ഉത്തരിക്കുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

കളെ ബാവായ്ക്കും പുത്രനും റൂഹാദ്കുദ്ശായ്ക്കും നാം കയ്യാളിക്കണം ☆

ഞങ്ങളുടെ ദൈവമായ കര്‍ത്താവേ! അങ്ങേക്ക.

ഓസ്തികൊണ്ടു പീലംസായ്മേല്‍ വരക്കുകയില്‍.

ബാവായുടെയും പുത്രന്റെയും റൂഹാദ്കുദ്ശായുടെയും നാമത്താലെ നമ്മുടെ കര്‍ത്താവീശോമ്ശിഹായുടെ തിരുശ്ശരീരത്തിനായിട്ടു ൦രം താലാനിര്‍ദ്ദേശിക്കപ്പെടുന്നു. ആമ്മേന്‍.

കാര്‍മ്മികന്‍ ഒന്നാംപ്രാവശ്യം സാക്ഷ്യാംഗവീണ്ട് ചുംബനംചെയ്യുമ്പോള്‍ ചൊല്ലേണ്ടത്

നിന്റെ പട്ടക്കാര്‍ നീതിയേയും നിന്റെ നീതിമാന്മാര്‍ സ്തുതിയേയും ധരിക്കട്ടെ!☆ പുരോഹിതന്‍ വിശുദ്ധ ബലിസ്ഥലത്തു് പ്രവേശിച്ചു്, തന്റെ കറയററ കരങ്ങളെ സ്വര്‍ഗ്ഗത്തിലേക്ക് നീട്ടി, പരിശുദ്ധാത്മാവിനെ ആഹ്വാനംചെയ്യുന്നു; അത് അവിടെനിന്നും ഇറങ്ങി, മ്ശിഹായുടെ ശരീരവും രക്തവും ശുദ്ധീകരിക്കുന്നു ☆

ശുശ്രൂഷികള്‍.

തന്റെ കൂടാരത്തില്‍ ഞങ്ങള്‍ പ്രവേശിച്ചു് തന്റെ പാദപീഠത്തെ വണങ്ങും;☆ പുരോഹിതന്‍ വിശുദ്ധ . . .

കാര്‍മ്മികന്‍.

ബാവായ്ക്കും പുത്രനും റൂഹാദ്കുദ്ശായ്ക്കും സ്തുതി ☆

പുരോഹിതൻ . . . ☆

ശുശ്രൂഷികൾ.

അനവരതം അങ്ങനെതന്നെ ആയിരിക്കട്ടെ ✲

പുരോഹിതൻ . . . ☆

ശുശ്രൂഷികൾ

എന്നും എന്നന്നേയ്ക്കും എന്നും എന്നന്നേയ്ക്കും; ഞങ്ങളുടെ കർത്താവീശോമ്ശിഹായെ! അങ്ങേ കൃപയുള്ള കരത്തെ അങ്ങേ ജനത്തിന്മേലും, ഞങ്ങളുടെ ഇടവകയിലെ അജ്ഞക്കൂട്ടത്തിന്മേലും, കൂടിയിരുത്തണമെ.

അച്ചവഴിക്കാരും ക്രമീകർ‌നംകൂടി പറയുന്നതു്.

കർത്താവേ! അങ്ങേ അനുഗ്രഹം അങ്ങേ ആരാധിക്കുന്നവരുടെമേൽ എന്നേയ്ക്കും ഉണ്ടായിരിക്കട്ടെ! അങ്ങേ തൃക്കരങ്ങളുടെ പ്രവൃത്തിയായ ഞങ്ങളെ പിശാചിന്റെ ആധീനത്തിൽ വിട്ടുകെടുക്കല്ലെ.

ശുശ്രൂഷികൾ.

കർത്താവേ! അങ്ങേ പന്ത്രണ്ടു ശിഷ്യരോടു് വാഗ്ദാനം ചെയ്തതുപോലെ, അങ്ങേ വാഗ്ദത്തത്തെ സ്ഥിരപ്പെടുത്തണമെ.

കാർമ്മികൻ മൂന്നുപ്രാവശ്യം പറയുന്നതു:—

ഞാനിതാ കാലാവസാനത്തോളം നിങ്ങളോടുകൂടി ഉണ്ടായിരിക്കുന്നു ☆

marggam
Digital Library of Christianity in India
www.marggam.com



ശുശ്രൂഷികൾ മൂന്നുതവണ ഉത്തരിക്കുന്നത്: —

കൃപാദരവോടെ, അങ്ങേ ശ്ലീഹന്മാരോടുകൂടെ, ആണ്ടു ആയിരുന്നതുപോലെ, ഞങ്ങളോടുകൂടെയും ആയിരിക്കണമേ !

എല്ലാവരുംകൂടി അപേക്ഷിക്കുന്നത്: —

പരീക്ഷകളിൽനിന്നു ഞങ്ങളെ വീണ്ടുകൊള്ളണമേ! വലിയതും പരിശുദ്ധവുമായ അങ്ങേ നാമത്തെ എല്ലാപ്പോഴുംവണങ്ങി സ്തുതിച്ചു കൊണ്ടാടുന്നതിനുവേണ്ടി, സമാധാനപൂരിതമായ കാലങ്ങളെ ഞങ്ങൾക്ക് നൽകണമേ !

കാർമ്മികൻ പറയുന്നത് : —

സർവ്വനാഥനായ ദൈവം നിങ്ങളുടെ ശുശ്രൂഷ സ്വീകരിച്ച്, തൻെറ സകല വരപ്രസാദ ദാനങ്ങളാൽ, എന്നന്നേയ്ക്കും നിങ്ങളെ പ്രശോഭിതരാക്കട്ടെ ☆ സകലത്തിൻേറയും കർത്താവായ ദൈവം തൻെറ കൃപയിലും ദയയിലും നാമേവരോടുംകൂടെ എല്ലാപ്പോഴും ഉണ്ടായിരിക്കട്ടെ ☆ ആമ്മേൻ.

കാർമ്മികൻ പാടിത്തുടങ്ങുന്നു.

സർവ്വവല്ലഭ പിതാവായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു ☆

ഗായകർ തുടർന്നു പാടുന്നു.

ആകാശത്തിൻെറയും ഭൂമിയുടെയും ദൃശ്യാദൃശ്യങ്ങ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ലോകങ്ങളുടെയും സൃഷ്ടാവുതാനത്രെ. ദൈവത്തിൻ ഏകപുത്രനും, യുഗങ്ങളൊക്കെക്കും മുമ്പു പിതാവിൽനിന്നു ജനിച്ചിട്ടുള്ളവനും, ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും പിതാവോടേകസത്വമുള്ളവനായി ജനിച്ചവനും നിൎമ്മിക്കപ്പെടാത്തവനും തന്നാൽ സൎവ്വതുമുണ്ടാക്കപ്പെട്ട ഏകനാഥനുമായ ഈശൊമശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ മനുഷ്യരായ നമ്മെപ്രതിയും നമ്മുടെ രക്ഷക്കായിട്ടും * ആകാശങ്ങളിൽനിന്നിറങ്ങി * റൂഹാദ്കുദ്ശായാലെ കന്യക മറിയത്തിൽനിന്നു മാംസം ധരിച്ച് മനുഷ്യനായി, പന്തിയോസ പീലാത്തോസിന്റെ നാളുകളിൽ നമ്മെപ്രതി കുരിശിന്മേൽ തറക്കപ്പെട്ട് പാടുപെട്ട് അടക്കപ്പെട്ടവെന്നും എഴുതപ്പെട്ടിരിക്കും പ്രകാരം മൂന്നാംനാൾ ഉയൎത്തു ആകാശത്തെഴുന്നെള്ളി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നുവെന്നും, ഉയിരവരെയും മരിച്ചവരെയും വിധിപ്പാനായി മഹിമയോടെ വീണ്ടും വരുവാനിരിക്കുന്നുവെന്നും, തന്റെ ഭരണത്തിനവസാനമുണ്ടാകയില്ലാ എന്നും വിശ്വസിക്കുന്നു. ബാവായിൽനിന്നും പുത്രനിൽനിന്നും പുറപ്പെട്ട

---

* ഈ മൊഴികൾ ചൊല്ലുകയിൽ എല്ലാവരും മുട്ടുകുത്തുന്നു.

ബാവായോടും പുത്രനോടുംകൂടെ ഏകമായ് ആരാ
ധിച്ചു വണങ്ങപ്പെടുന്നവനും, ദീർഘദർശികൾ വ
ഴിയായി സംഭാഷിച്ച നാഥനും, ജീവിപ്പിക്കുന്ന
വനുമായ റൂഹാദ്ക്കുദ്ശായിലും വിശ്വസിക്കുന്നു.
പാപവിമോചനത്തിന്നായി ഏക ജ്ഞാനസ്നാ
നം ഉണ്ടെന്നനുസരിക്കുന്നു. മാംസോത്ഥാനത്തെ
യും വരുവാനിരിക്കുന്ന ലോകത്തിലെ ജീവിത
ത്തെയും ആശയോടെ പാർത്തിരിക്കുന്നു. ആമേൻ.

കാ. കൈ കഴുകുമ്പോൾ :—

സർവ്വനാഥനായ ദൈവം, തന്റെ ദയയുടെ ക
സ്തൂരിപ്പച്ചക്കോൽ കൊണ്ടു നമ്മുടെ കടങ്ങളുടെ
യും പാപങ്ങളുടെയും അഴുക്കിനെ കഴുകി തന്റെ
വിശാലമായ കൃപാസമുദ്രത്തിൽ നമ്മുടെ കുററ
ങ്ങളെ വെടിപ്പാക്കട്ടെ!

കാ. കൈ തുടയ്ക്കുമ്പോൾ :—

കർത്താവു തന്റെ ദയാനുഗ്രഹത്താൽ നമ്മുടെ
പാപാഴുക്കു തുടച്ച് വെടിപ്പാക്കട്ടെ!. ആമ്മേൻ.

കാ. ഓസ്തി പീലാസായിൽ വച്ചുകൊണ്ടു
ജനത്തെ കാണിക്കുമ്പോൾ.

കർത്താവിൽ പരിഛേരദം ഞാനാശ്രയിച്ചു, ക
ർത്താവിൽ പരിഛേരദം ഞാനാശ്രയിച്ചു * വിശു
ദ്ധ പീഠത്തിന്മേൽ മ്ശിഹായുടെ ശരീരവും അ
ങ്ങേ മാണിക്കമായ രക്തവും നാമേവരും ഒ

ത്തോടും സ്നേഹത്തോടുംകൂടി അങ്ങേക്കു സമ
ൎപ്പിച്ചു, ദൈവമായ കൎത്താവു പരിശുദ്ധൻ, പ
രിശുദ്ധൻ, പരിശുദ്ധൻ, എന്നു ദൈവദൂതന്മാ
രോടുകൂടെ അങ്ങേ പാടിസ്തുതിക്കണം.

ശുശ്രൂഷി.

ദരിദ്രരും ഭക്ഷിച്ചു, സംപൂൎണ്ണരാകും. വിശുദ്ധ
പീഠത്തിന്മേൽ മ്ശിഹായുടെ ശരീരവും അങ്ങേ
മാണിക്കമായ രക്തവും നാമേവരും ഭയത്തോ
ടും സ്നേഹത്തോടുംകൂടെ അങ്ങേക്കു സമൎപ്പിച്ചു,
ദൈവമായ കൎത്താവു പരിശുദ്ധൻ, പരിശുദ്ധ
ൻ, പരിശുദ്ധൻ, എന്നു ദൈവദൂതരോടുകൂടെ
അങ്ങേ പാടിസ്തുതിക്കണം ✡ നമുക്കു പ്രാൎത്ഥി
ക്കാം. സമാധാനം നമ്മോടുകൂടെ.

കാ. പൂജാപാത്രങ്ങൾ കരങ്ങളിൽ സ്ലീവാ
കൃതിയിൽ പിടിച്ചു കാഴ്ചവെക്കുമ്പോൾ.

അങ്ങേ പ്രശസ്തമായ ത്രിത്വത്തെ, അനവരത
കാലം ശാശ്വതമായി ഞങ്ങൾ സ്തുതിക്കട്ടെ. ഞ
ങ്ങളുടെ രക്ഷയെപ്രതി ബലിയായിപൂജിക്കപ്പെ
ടുകയും തന്റെ പങ്കപ്പാടിനേയും നിൎയ്യാണത്തേ
യും സംസ്കാരത്തേയും ഉത്ഥാനത്തേയും ജ്ഞാപ
കപ്പെടുത്തണമെന്നു ഞങ്ങളോടു കല്പിക്കയും ചെ
യ്ത മ്ശിഹാ, അങ്ങേനിത്യ കൃപയാലും അനുഗ്ര
ഹത്താലും ഞങ്ങളുടെ കരങ്ങളിൽനിന്നു, ഒരു

marggam
Digital Library of Christianity in India
www.marggam.com



ബലിയെ സ്വീകരിക്കുമാറാകട്ടെ.

കാ. പാനപാത്രത്തിന്മേൽ തട്ടംകൊണ്ടു
മുട്ടുമ്പോൾ മൂന്നുപ്രാവശ്യം ചൊല്ലുന്നതു്.

‘നിയോഗിക്കപ്പെട്ടനു’

ശുശ്രൂഷി മൂന്നുപ്രാവശ്യം ഉത്തരിക്കുന്നു.

ആമ്മേൻ.

കാർമ്മികൻ.

സ്വർഗ്ഗത്തിൽനിന്നുള്ള മ്ശിഹായുടെ പ്രശസ്തമായ രണ്ടാമത്തെ ആഗമനംവരെ, തന്റെ വിശുദ്ധ പീഠത്തിന്മേൽ, മഹത്വമുള്ളതും, പരിശുദ്ധമായതും, ജീവൻ നൽകുന്നതും, ദൈവികവുമായ ഈ രഹസ്യങ്ങൾ യഥാക്രമം സ്ഥാപിക്കപ്പെട്ടനു. അങ്ങേക്കു ഇപ്പോഴും, എപ്പോഴും, അനവരതകാലം സ്തുതിയും, പുകഴ്ചയും ആരാധനയും, ബഹുമാനവും ഉണ്ടായിരിക്കട്ടെ.

ശുശ്രൂഷി

ആമ്മേൻ.

കാർമ്മികൻ പൂജാസാധനങ്ങൾ
മൂടിക്കൊണ്ടു ചൊല്ലുന്നു.

ബാവായ്ക്കും, പുത്രനും, റൂഹാദ്കുദ്ശായ്ക്കും സ്തുതി. ദൈവജനനിയായ കന്യാസ്ത്രീ മറിയത്തിന്റെ ജ്ഞാപകം വിശുദ്ധ പീഠത്തിന്മേൽ ഉണ്ടായിരിക്കട്ടെ.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ശുശ്രൂഷി.

കാലാകാലത്തോളം ആമ്മേൻ, ആമ്മേൻ. പുത്രന്റെ പ്രേഷകരെ! ഏക ജാതന്റെ സ്നേഹിതരെ! സൃഷ്ടിയിൽ സമാധാനമുണ്ടാകുവാനായി നിങ്ങൾ പ്രാൎത്ഥിപ്പിൻ.

കാൎമ്മികൻ.

ആമ്മേൻ, ആമ്മേൻ എന്നു എല്ലാ ജനങ്ങളും ചൊല്ലണം. ജയവിരുതരായ നീതിമാന്മാരോടും, മുടി ധരിച്ചവരായ രക്തസാക്ഷികളോടുംകൂടെ പരിശുദ്ധ പീഠത്തിന്മേൽ, വിശുദ്ധതോമ്മായുടെ ഓൎമ്മ ഉണ്ടായിരിക്കട്ടെ.

ശുശ്രൂഷി.

ബലവാനായ കൎത്താവു നമ്മോടുകൂടെ, നമ്മുടെ രാജാവു നമ്മോടുകൂടെ, ദൈവദൂതർ നമ്മോടുകൂടെ, യാക്കോബിന്റെ ദൈവം നമ്മുടെ സഹായി ആകുന്നു.

കാൎമ്മികൻ.

ആബാലവൃദ്ധം മരിച്ചവരെല്ലാവരേയും അങ്ങേ മഹത്വമേറിയ ഉത്ഥാനത്താൽ സ്തുതിയോടുകൂടെ അങ്ങുന്നു ഉയൎപ്പിക്കുമെന്നുള്ള ശരണത്തിൽ, ഇതാ ഉറങ്ങികിടക്കുന്നു.

ശുശ്രൂഷി.

അങ്ങേ സന്നിധിയിൽ നിങ്ങളുടെ ഹൃദയത്തെ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സമർപ്പിക്കുക; നോമ്പും നമസ്കാരവും ആത്മാ
നുതാപവും വഴിയായി മ്ശിഹായേയും അവന്റെ
പിതാവിനേയും അവന്റെ അത്രുപിയേയും നാം
തൃപ്തിപ്പെടുത്തണം.

കാ. ശുശ്രൂഷിയെ ആശീർവ്വദിക്കയിൽ.

സർവ്വനാഥനായ ദൈവത്തിന്റെ സ്തുതികൾ പാ
ടുന്നതിന്നായി, താൻ നിന്നെ ബലപ്പെടുത്തട്ടെ.

ശുശ്രൂഷി.

പ്രാർത്ഥിക്ക; സമാധാനം നമ്മോടുകൂടെ.

അതിബോധകരും മെത്രാന്മാരുമായ നമ്മുടെ
പിതാക്കന്മാരുടെയും; ഗുരുക്കൾ, ശമ്മാശന്മാർ,
ബ്രഹ്മചാരികൾ, കന്യകകൾ ആദിയായ സ
കലരുടേയും; നമ്മുടെ മാതാപിതാക്കന്മാരും, സ
ഹോദരരുമായ സകലരുടേയും, നമ്മുടെ പുത്രർ,
പുത്രിമാരായ സകലരുടേയും; വിശ്വാസ്തരും മ്
ശിഹായുടെ സ്നേഹിതരുമായ രാജാക്കന്മാരൊ
ക്കയുടേയും; സത്യവിശ്വാസത്തിൽ മരിച്ച് ഈ
ലോകം വിട്ടുപിരിഞ്ഞവരൊക്കയുടേയും; സകല
ദീർഘദർശികളുടേയും പ്രേഷകരുടേയും; ഇവിടേയും
മറെറല്ലാ സ്ഥലങ്ങളിലുമുള്ള സകല രക്തസാക്ഷി
കളുടേയും, വന്ദകന്മാരുടേയും, ജ്ഞാപകത്തിന്നാ
യിട്ട പ്രാർത്ഥിപ്പിൻ! അവരെ മുടിധരിപ്പിച്ച
സർവ്വേശ്വരൻ, മാംസോത്ഥാനത്തിങ്കൽ, സ്വ

ഗ്ഗരാജ്യത്തിൽ അവരോടുകൂടെ നല്ലആശയും ഓഹരിയും, നിത്യായുസ്സിന്റെ അവകാശവും നമുക്കു നല്കുന്നതിന്നായിട്ടത്രെ.

കാ. പീഠത്തിന്മേൽ പലപ്രാവശ്യം മുത്തികൊണ്ടു് ൩ാം ജപം മൂന്നു പ്രാവശ്യം ചൊല്ലുന്നു.

പരലോക ഭൂലോക നാഥനായിരിക്കുന്ന ബാവാ, പുത്രൻ, റൂഹാദ്കുദ്ശായായ എന്റെ പിതാവേ! അങ്ങേക്കു ഞാൻ സ്തോത്രം ചെയ്യുന്നു † അങ്ങയുടെ ജനത്തിന്റെയും അങ്ങയുടെ ഇടവകയിലെ ആട്ടിൻകൂട്ടത്തിന്റെയും കുററപരിഹാരത്തിനും പാപപ്പൊറുതിക്കും ആത്മരക്ഷക്കും ലോകം മുഴുവന്റെയും അന്യോന്യ ഒരുമ്പാടിനും 'സഭകളൊക്കയുടെ ശോഭനമായ സമാധാനത്തിനും' വേണ്ടി ഞാൻ വർത്തിച്ചുകൊണ്ടു് അങ്ങേ മ്ശിഹായുടെ തിരുശ്ശരീരത്തിന്റെയും രക്തത്തിന്റെയും മഹത്വമേറിയതും പരിശുദ്ധമായതും, ജീവൻ നല്കുന്നതും ദൈവികവുമായ ഈ രഹസ്യങ്ങളെ അങ്ങേ സന്നിധിയിൽ, സമർപ്പിക്കുന്നതിന്, ഞാൻ അയോഗ്യനായിരുന്നിട്ടും അങ്ങേ കൃപയാൽ അതിന് എന്നെ യോഗ്യനാക്കിയതി

---

† ഇതു് ആവർത്തിക്കുന്നു.

'. . . .' ഇതു ആവർത്തിക്കുന്നു.

ണ്ടുകൊണ്ടത്രെ.

കാ. ഇടവും വലവും തിരിഞ്ഞു ജനങ്ങളെ
ആശീൎവ്വദിക്കയിൽ.

സ്വാമീ ആശീൎവ്വദിക്കണമെ, സഹോദരരേ! എന്റെ കരങ്ങളാൽ, ഈ പൂജ നിൎവ്വഹിക്കപ്പെടുന്നതിന് എനിക്കവേണ്ടി പ്രാൎത്ഥിപ്പിൻ.

ശുശ്രൂഷി ഉത്തരിക്കുന്നത്.

ഈ പൂജ പ്രസാദ മുഖത്തോടെ സ്വീകരിക്കപ്പെടട്ടെ! ദൈവ വചനത്താലും, റൂഹാദ്ക്കുദ്ശായാലും ശുദ്ധീകരിക്കപ്പെട്ട് മ്ശിഹായുടെ കൃപയാൽ നമുക്ക പ്രയോജനകരവും, രക്ഷയും, സ്വൎഗ്ഗരാജ്യത്തിൽനിത്യായുസ്സിനും കാരണമായി ഭവിക്കട്ടെ

കാ. കൈവിരലുകൾ കോൎത്തു പിടിച്ചുകൊണ്ടു.

ഞങ്ങളുടെ സൎവ്വേശ്വരാ കൎത്താവെ! ‡ ഞങ്ങളുടെ പാപാധിക്യത്തെ അങ്ങുന്നു വീക്ഷിക്കല്ലെ!. ഞങ്ങളുടെ ദുഷ്ടതകളുടെ ഭാരംനിമിത്തം അങ്ങേക്ക വെറുപ്പു തോന്നല്ലെ! പിന്നെയൊ പറഞ്ഞൊപ്പിക്കരുതാത്ത അങ്ങേ ദയയാൽ ഈ പൂജയെ ശുദ്ധീകരിക്കണമെ! ഞങ്ങളുടെ കൎത്താവീശൊമ്ശിഹായെ! അങ്ങുന്നു ഞങ്ങളിൽനിന്നെടുത്ത മനുഷ്യത്വത്തോടുകൂടി കാലാവസാനത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ അങ്ങേ സന്നിധിയിൽ ദയയും

‡ ഇതു് ആവൎത്തിക്കുന്നു.

അനുഗ്രഹവും ഞങ്ങൾ പ്രാപിപ്പാനും പ്രസിദ്ധ
രായ ഗണങ്ങളോടുകൂടെ അങ്ങയെ സ്തുതിക്കുന്ന
തിന്നു ഞങ്ങൾ യോഗ്യരാകുവാനും വേണ്ടി ഞ
ങ്ങളുടെ അസംഖ്യ പാപങ്ങളെ പരിഹരിപ്പാൻ
തക്ക ശക്തിയും സംഭാവ്യതയും ഇതിൽ നൽക
ണമേ!

എല്ലാവരും മുട്ടുകുത്തി ചൊല്ലുന്നതു.

ഞങ്ങളുടെ സർവ്വേശ്വരാ കർത്താവേ! അങ്ങുന്നു
ഞങ്ങളോടു കാണിച്ച ധാരാളമായ കൃപാധിക്യ
ത്തിന്നു ഞങ്ങൾ സ്തോത്രംചെയ്യുന്നു †
അതെന്ന്യ ഞങ്ങൾ പാപികളും ഹീനരുമായി
രുന്നിട്ടും, 'അവിടുന്നു് അടിയങ്ങൾക്കു നൽകിയ
ദാനത്തെ പൂർണ്ണമായ ഉപവിയോടും സത്യവി
ശ്വാസത്തോടുംകൂടി പരികർമ്മംചെയ്യുന്നതിന്നു'
ഞങ്ങളുടെ ആത്മശക്തിക്കായി അങ്ങേപ്പക്കൽ
സഹായം അപേക്ഷിച്ചുകൊണ്ട് അങ്ങേ മ്ശി
ഹായുടെ ശരീരത്തിന്റെയും രക്തത്തിന്റെയും
പരിശുദ്ധ രഹസ്യങ്ങളെ അനുഷ്ഠിക്കുന്നതിന്നും
അങ്ങേക്കു ഇപ്പോഴും എപ്പോഴും അനവരതകാ
ലം സ്തുതിയും ബഹുമാനവും പുകഴ്ചയും വന്ദനവും

---

† ഇതു് ആവർത്തിക്കുന്നു.

'...' ഇതു് ആവർത്തിക്കുന്നു

marggam
Digital Library of Christianity in India
www.marggam.com



ചെയ്യുന്നതിന്നും അടങ്ങേ ദയാധിക്യത്താൽ ഞ
ങ്ങളെ പാത്രവാന്മാരാക്കിയിരിക്കുന്നു.

ഗായകർ

ആമ്മേൻ.

കാ. ജനങ്ങളെ ആശീൎവ്വദിക്കയിൽ.

സമാധാനം നിങ്ങളോടുകൂടെ.

ഗായകർ.

അടങ്ങേയോടും അടങ്ങേ ആത്മപിയോടും കൂടെ.

ആറാം പട്ടക്കാരൻ :—

എന്റെ സഹോദരരേ ക്രീസ്തിയ ഉപവിയോടുകൂ
ടി അന്യോന്യം സമാധാനം നൾകുവിൻ!
പിതൃപ്പിതാക്കൾ, മെത്രാന്മാർ, ഗുരുക്കൾ, ശ
മ്മാശന്മാർ ആദിയായ സകലക്കും സഭയുടെ
ഗണത്തിൽനിന്നു മരിച്ചിരിക്കുന്ന സകല ആത്മ
സ്സുകാൎക്കുവേണ്ടിയും ജീവിച്ചിരിക്കുന്നവൎക്കും ഭൂലോ
കത്തിന്റെ സമാധാനത്തിന്നുംവേണ്ടിയും വത്സ
രവൃത്തം അടങ്ങേ ദയയാൽ ആശീൎവ്വദിക്കപ്പെട്ടു
സംപൂൎണ്ണമാകുവാൻവേണ്ടിയും, അടങ്ങയുടെദിവ്യ
കാരുണ്യം ഉൾക്കൊള്ളുന്നതിനു സഭയുടെ മക്ക
ളേവരും യോഗ്യരാകുന്നതിന്നു വേണ്ടിയും ഇപ്പോ
ൾ അടങ്ങേ സന്നിധിയിൽ നില്ക്കുന്ന അടങ്ങേ ദാ
സന്മാൎക്കും ദാസികൾക്കും വേണ്ടിയും സകലൎക്കും
വേണ്ടിയും ഞങ്ങളെല്ലാവൎക്കും വേണ്ടിയും ഠരാ പൃ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ജ്ജ എന്നന്നേക്കും സ്വീകരിക്കപ്പെടട്ടെ! ആമേൻ.

ശ്രേഷ്ഠ ശുശ്രൂഷി.

നാമെവരും ഹൃദയശുദ്ധിയോട്ടും മനസ്താപത്തോട്ടുംകൂടി സൎവ്വേശ്വരനെ സ്തുതിച്ച് ഇരന്നപേക്ഷിക്കണം. നിൎവഹിക്കപ്പെടുന്നവയെ ചാരിത്ര്യത്തോടുകൂടി ധ്യാനിച്ചുകൊണ്ടു നില്ക്കണം. ആരാധനക്കു പാത്രമായ രഹസ്യങ്ങളത്രെ അണക്കപ്പെടുന്നതു്. തന്റെ മാദ്ധ്യസ്ഥത്താൽ നിങ്ങൾക്കു സമാധാനം ലഭിക്കുവാൻവേണ്ടി പ്രാൎത്ഥിക്കുന്നതിനായി പൂജകൻ സമീപിച്ചു നില്ക്കുന്നു. നിങ്ങളുടെ നേത്രങ്ങളെ അധഃപതിച്ചു ചിന്തകളെ സ്വൎഗ്ഗത്തിലേക്കുയൎത്തുവിൻ! ഈ സമയത്തിൽ ശുഷ്കാന്തിയോടുകൂടി ഇരന്നപേക്ഷിപ്പിൻ!. യാതൊരുത്തനും ശ്രുതിയോടേ മിണ്ടിക്കൂടാ. പ്രാൎത്ഥിക്കുന്നവൻ ഹൃദയംകൊണ്ടു പ്രാൎത്ഥിക്കട്ടെ. അടക്കത്തോട്ടും ഭയത്തോട്ടുംകൂടി നിന്നു നമസ്കരിപ്പിൻ! സമാധാനം നമ്മോടുകൂടെ.

കാ. മുട്ടിന്മേൽനിന്നു ചൊല്ലുന്നതു.

ബലവാനായ സൎവ്വേശ്വരാ കൎത്താവേ! ബലഹീനനായ അടിയനെ അങ്ങേ ദയയാൽ സഹായിക്കണമേ! സകല ജനങ്ങളുടെ പ്രയോജനത്തിന്നും നിത്യനായ ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശായായ അങ്ങേ പ്രശസ്തമായ ത്രിത്വത്തിന്റെ

സ്തുതിക്കുമായി, പരിശുദ്ധവും ജീവപ്രദവുമായ ഒരു പൂജയെ അങ്ങേ സന്നിധിയിൽ സമർപ്പിക്കുന്നതിന് അങ്ങേ ദയയുടെ സഹായത്താൽ അടിയനെ യോഗ്യനാക്കണമേ!

കാ. ശോശപ്പാ രഹസ്യങ്ങൾക്കു ചുററും
വെച്ച്, ധൂപം വാഴ്ത്തുമ്പോൾ.

ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശായായ . . . .

കാ. രഹസ്യങ്ങളെ ആശീർവ്വദിക്കുമ്പോൾ.

നമ്മുടെകർത്താവീശോമ്ശിഹായുടെ വരപ്രസാദവും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ ഐക്യവും ഇപ്പോഴും എല്ലാപ്പോഴും എന്നന്നേക്കും നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ! .

ഗായകർ ഉത്തരിക്കുന്നു.

ആമ്മേൻ.

കാ. കരങ്ങളും നേത്രങ്ങളും സ്വർഗ്ഗത്തിലേക്കുയ
ർത്തിക്കൊണ്ടു ചൊല്ലുന്നത്.

നിങ്ങളുടെ ബോധം ഉന്നതിയിലേക്കായിരിക്കട്ടെ!

ശുശ്രൂഷികൾ.

അബ്രാഹം ഇസഹാക്ക് ഇസ്രായേൽ എന്നാവരുടെ ദൈവമായ മഹാ രാജാവേ! അങ്ങേ പക്കലേക്ക് (ആയിരിക്കട്ടെ!)

കാൎമ്മികൻ.

സൎവ്വനാഥനായ ദൈവത്തിനു, ബലി അൎപ്പിക്ക
പ്പെടേണ്ടതാകുന്നു.

ശുശ്രൂഷികൾ.

ഉചിതവും നീതിയുമാകുന്നു. സമാധാനം നമ്മോ
ടുകൂടെ.

കാ, മുട്ടിന്മേൽനിന്നു ചൊല്ലുന്നതു്.

കൎത്താവേ! കൎത്താവേ! സകല അശുദ്ധങ്ങളിൽ
നിന്നും, ദുൎഗ്ഗുണത്തിൽനിന്നും, അസൂയയിൽ നി
ന്നും, വഞ്ചനയിൽ നിന്നും, നീരസത്തിൽ നി
ന്നും, ഞങ്ങളുടെ മനസ്സാക്ഷി സ്വവിമുക്തയായി
സജ്ജീവവും, പരിശുദ്ധവും ആയ ൟ അ
നുഷ്ഠാനത്തെ മനഃശരണത്തോടുകൂടെ പൂൎണ്ണ
മാക്കുന്നതിനു, അങ്ങേ പ്രസന്നത ഞങ്ങൾ
ക്കു് നല്കണമേ! എന്റെ കൎത്താവേ! തമ്മിൽ
തമ്മിലും, എല്ലാവരോടും സ്നേഹവും, ഐക്യ
വും ഞങ്ങളിൽ വിതരണമേ!
സ്വാമീ ആശീൎവ്വദിക്കുക; സ്വാമീ ആശീൎവ്വദിക്കുക;
സ്വാമീ ആശീൎവ്വദിക്കുക; എന്റെ സഹോദരരെ!
എന്റെ കരങ്ങളാൽ ൟ പൂജ നിൎവ്വഹിക്കപ്പെ
ടുന്നതിനു് എനിക്കു വേണ്ടി പ്രാൎത്ഥിപ്പിൻ!

ശുശ്രൂഷി.

അങ്ങേ പ്രാൎത്ഥനകളെ മ്ശിഹാ കേൾക്കട്ടെ!

marggam
Digital Library of Christianity in India
www.marggam.com



അങ്ങേ പൂജയെ മ്ശിഹാ സ്വീകരിക്കട്ടെ! അങ്ങേപൗരോഹിത്യത്തെ സ്വർഗ്ഗരാജ്യത്തിൽ മ്ശിഹാ പ്രതാപപ്പെടുത്തട്ടെ! അങ്ങേപ്രതിയും, ഞങ്ങളെപ്രതിയും, മ്ശിഹായുടെ ദയയും നിത്യാനുഗ്രഹവും അപേക്ഷിച്ചു പാൎത്തു നില്ക്കുന്നവരായ ഭൂലോകമൊക്കയിലുമുള്ളവരെ പ്രതിയും അങ്ങുന്നു സമൎപ്പിക്കുന്ന ഈ പൂജയിൽ താൻ പ്രസാദിക്കട്ടേ! ആമ്മേൻ.

കാ, കരങ്ങൾ വിരിച്ചു ചൊല്ലുന്നതു്.

അങ്ങേ മനോഗുണത്താൽ ലോകത്തേയും, അങ്ങേ കൃപയാൽ അതിലെ നിവാസികളേയും സൃഷ്ടിക്കയും മനുഷ്യൎക്കു് ഉന്നതമായ നന്മ നൽകുകയും ചെയ്ത ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശാ ആയ മഹത്വമുള്ള ത്രിത്വത്തിൻ വന്ദ്യവും സ്തുത്യവുമായ നാമം 'സകല അധരങ്ങളിൽ നിന്നുള്ള സ്തുതിക്കും' സകല നാവുകളിൽനിന്നുള്ള കൊണ്ടാട്ടത്തിനും സകല സൃഷ്ടികളിൽ നിന്നുള്ള വണക്കത്തിനും പുകഴ്ചക്കും യോഗ്യതയുള്ളതാകുന്നു. എന്റെ കൎത്താവേ! ആയിരമായിരം സ്വൎഗ്ഗസ്ഥന്മാരും പതിനായിരം പതിനായിരം പരിശുദ്ധ ദൈവദൂതന്മാരും അങ്ങേ മഹിമയെ വണങ്ങി ആരാധിക്കുന്നു. അഗ്നിയും അരൂപിയുമായിരിക്കുന്ന ജ്ഞാന പരിചാരകരുടെ വൃന്ദങ്ങൾ അങ്ങേ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



തിരുനാമത്തെ സ്തുതിക്കയും "പരിശുദ്ധനായ ഭക്താവെ മാലാഖമാരോടും അശരീരികളായ സ്രാപ്പ മാലാഖമാരോടുംകൂടെ അങ്ങേ കർത്തൃത്വത്തെ ആരാധിക്കയും" ഇടവിടാതെ അട്ടഹസിച്ചു സ്തുതിച്ചുകൊണ്ടു് അന്യോന്യം വിളിച്ചുപറകയുംചെയ്യുന്നതു് :—

ഗായകർ പാടുന്നു:—

ആകാശവും ഭൂമിയും തൻെറ മഹത്വത്താൽ നിറഞ്ഞിരിക്കുന്ന സൈന്യങ്ങളുടെ കർത്താവായ ദൈവം പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; ഉന്നതങ്ങളിൽ (തനിക്കു) ഓശാന (സ്തുതി) ദാവീദിൻെറ പുത്രനു് ഓശാനാ; കർത്താവിൻെറ നാമത്തിൽ വരുകയും വരുവാനിരിക്കയും ചെയ്യുന്നയാൾ വാഴ്ത്തപ്പെട്ടവനാകട്ടെ! ഉന്നതങ്ങളിൽ(തനിക്കു്) ഓശാന.

കാ. പീഠത്തെ ചുംബനം ചെയ്തിട്ടു് ചൊല്ലുന്നതു്

സാക്ഷാൽ പിതാവായ ദൈവമേ! അങ്ങുന്നു് പരിശുദ്ധനാകുന്നു; എന്തെന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള പിതൃസ്ഥാനമൊക്കെക്കും നാമകാരണൻ അവിടുന്നു മാത്രമാണു.

സർവ്വത്തും ഉളവാകുന്നതിനു് ഹേതുഭൂതനായ നിത്യപുത്രാ! അവിടുന്നു പരിശുദ്ധനാകുന്നു.

സകലത്തെയും ശുദ്ധീകരിക്കുന്ന സ്വയംഭൂവായ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

റൂഹാദ്ക്കുദ്ശായേ! അവിടുന്നു പരിശുദ്ധനത്രെ.

കാ. മാർവ്വിൽ പിഴ ഇടിച്ചുകൊണ്ടു ചൊല്ലുന്നതു്.

ഞാൻ അശുദ്ധമായ അധരങ്ങളോടു കൂടിയവനും അശുദ്ധാധരങ്ങളുള്ള ജനമദ്ധ്യേ വസിക്കുന്നവനുമാകകൊണ്ടു്, ഭ്രമിച്ച് മൌനമായിരുന്നതിനാൽ എനിക്കു് കഷ്ടം; എനിക്കു് ദുരിതം. എന്റെ നേത്രങ്ങൾ സൈന്യങ്ങളുടെ കർത്താവായ രാജാവിനെ ദർശിച്ചു. സർവ്വേശ്വരൻ ഇന്നു് എനിക്കു് അഭിമുഖമായി പ്രത്യക്ഷപ്പെട്ട ഈ സ്ഥലം എത്രയോ ആരാധിക്കത്തക്കതാകുന്നു! ഇതു് ദൈവിക ഭവനമല്ലാതെ മറ്റൊന്നുമല്ല. സർവ്വേശ്വരാ! ഇപ്പോൾ അങ്ങേ കരുണ ഞങ്ങളുടെമേലുണ്ടാകട്ടെ! ഞങ്ങളുടെ അശുദ്ധതയെ വെടിപ്പാക്കണമേ! ഞങ്ങളുടെ അധരങ്ങളെ ശുദ്ധീകരിച്ച് ഭക്തിജ്വാലകരുടെയും മുഖ്യ ദൂതന്മാരുടെയും സ്തുതികളോടുകൂടെ അല്പരായ ഞങ്ങളുടെ സ്വരത്തെ അങ്ങുന്നു യോജിപ്പിക്കണമേ! മനുഷ്യരെ ദൈവദൂതരോടുകൂടെ ഭാഗഭാക്കുകളാക്കിയ അങ്ങേ അനുഗ്രഹത്തിനു് സ്തുതി.

കാ. പീഠത്തിന്മേൽ മുത്തീട്ടു പ്രാർത്ഥിക്കുന്നതു്.

സ്വാമീ ആശീർവ്വദിക്കണമേ! . . .

ശുശ്രൂഷി.

അങ്ങേ പ്രാർത്ഥനകളെ . . .

കാർമ്മികൻ.

എന്റെ കർത്താവേ! നിന്ദിതരും ബലഹീനരും നിർഭാഗ്യരും അങ്ങേ ദാസരും ആയ ഞങ്ങളും “ഠരം ആകാശ സൈന്യങ്ങളോടുകൂടി അങ്ങയെ സ്തുതിക്കുന്നു” എന്തെന്നാൽ അങ്ങേ ദൈവ രപത്താൽ ഞങ്ങളെ ജീവിപ്പിക്കുന്നതിന്നായി, അവിടുന്നു മനുഷ്യാവതാരം ചെയ്തുകൊണ്ട് പ്രതിനന്ദി ചെയ്യപ്പെടുവാൻ വഹിയാത്തവണ്ണം അത്യധികം ഞങ്ങളിൽ ഇഷ്ടപ്പെട്ട് ഞങ്ങളുടെ ഹീനതയെ മഹത്വപ്പെടുത്തി; ഞങ്ങളുടെ വീഴ്ചയിൽനിന്നു ഞങ്ങളെ എഴുന്നേല്പിച്ചു; മർത്ത്യരായ ഞങ്ങളെ ജീവിപ്പിച്ചു; ഞങ്ങളുടെ കടങ്ങൾക്ക് മാപ്പുതന്നു പാപികളായ ഞങ്ങളെ നീതീകരിച്ചു; ഞങ്ങളുടെ അറിവിന്നു പ്രകാശം നൽകി. ഞങ്ങളുടെ സർവ്വേശ്വരാ കർത്താവേ! അവിടുന്നു ഞങ്ങളുടെ ശത്രുക്കളെ തോല്പിച്ചു. “ഞങ്ങളുടെ നാഥാ! അങ്ങുന്നു ഞങ്ങളുടെ ദുർബ്ബലമായ പ്രകൃതിയുടെ ന്യൂനതയെ അങ്ങേ ദയാധിക്യത്താൽ പരിഹരിച്ചു” അങ്ങുന്നു ഞങ്ങൾക്കു ചെയ്തിരിക്കുന്ന സകല ഉപകാര സഹായങ്ങളെക്കുറിച്ചും അനവരതകാലം ഞങ്ങൾ അങ്ങയെ വണങ്ങി സ്തുതിച്ച് ആരാധനനമസ്കാരങ്ങൾ ചെയ്യും.

ഗായകർ. ആമ്മേൻ.

ശുശ്രൂഷികൾ.
നിങ്ങളുടെ ബോധംകൊണ്ടു പ്രാൎത്ഥിപ്പിൻ! സമാധാനം നമ്മോടുകൂടെ.

കു: കൈകൂപ്പി മൌനമായി ജപിക്കുന്നതു്.

"സൈന്യങ്ങളുടെ ദൈവമായ കൎത്താവേ! ഈ സമയത്തിൽ അങ്ങേ സന്നിധാനത്തിങ്കലേക്കുള്ള എന്റെ വിലാപ ശബ്ദത്തെ അങ്ങുന്നു് കേട്ടരുളണമേ! കൎത്താവേ! അങ്ങേ കൎത്തൃത്വത്തിൻ മുമ്പാകെയുള്ള എന്റെ നെടുവീൎപ്പുകളെ സൂക്ഷിച്ചു കേൾക്കണമേ! അങ്ങേ പിതാവിനു് ബലി അൎപ്പിക്കപ്പെടുന്ന ഈ നേരത്തു് അങ്ങേ കൃപയിന്മേൽ പാപിയായ അടിയൻ ബോധിപ്പിക്കുന്ന യാചനയെ കൈക്കൊള്ളണമേ! സകല സൃഷ്ടങ്ങളോടും അങ്ങു ദയയുള്ളവനായിരിക്കണമേ! കുററക്കാൎക്കു് പൊറുതി കല്പിച്ചരുളണമേ! തെററിനടക്കുന്നവരെ നേർവഴിക്കു തിരിക്കുക; പീഡിതരെ സ്വാതന്ത്ര്യരാക്കുക; വ്യാകുലമുള്ളവരെ ആശ്വസിപ്പിക്കുക; രോഗികളെ സ്വസ്ഥരാക്കുക; ദുഃഖിതരെ സന്തോഷിപ്പിക്കുക; അങ്ങേ പരിശുദ്ധനാമത്തെപ്രതി സുകൃതംചെയ്യുന്നവരുടെ സൽകൃത്യങ്ങളെ പൂൎത്തിയാക്കുക; അങ്ങേ ദയയാൽ പാപിയായ അടിയനോടും കൃപ ചെയ്തരുളുക. വല്ലഭനായ സൎവ്വേശ്വരാ കൎത്താവേ! ഉന്നത പൃ

രോഹിതനും ലോകമൊക്കയുടേയും ശ്രേഷ്ഠാധികാരിയും പാലകനുമായ, റോമ്മായുടെ (ഇന്ന) മാർപ്പാപ്പായും ഇപ്പോൾ ഞങ്ങളുടെ ജനത്തിനു മേലദ്ധ്യക്ഷരായിരിക്കുന്ന (ഇന്ന) കാതോലിക്കാ പാത്രിയർക്കീസ്, മെത്രാപ്പോലീത്താ, മെത്രാൻ ആദിയായ ഞങ്ങളുടെ വിശുദ്ധ പിതാക്കന്മാൎക്കും കത്തോലിക്കാസഭയൊക്കെക്കും വേണ്ടിയും ഗുരുക്കൾ, രാജാക്കൾ, മേലധികാരികൾ എന്നിവൎക്കു വേണ്ടിയും, ദീർഘദർശികൾ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ എന്നിവരെല്ലാവരുടെയും മഹത്വത്തിന്നായിട്ടും, അങ്ങേക്ക് ഇഷ്ടപ്പെട്ട നീതിമാന്മാരും പരിശുദ്ധന്മാരുമായ സകല പിതാക്കൾക്കുവേണ്ടിയും, ദുഃഖിതരും പീഡിതരുമായ സകലൎക്കുംവേണ്ടിയും, ദരിദ്രരും നിർഭാഗ്യരുമായ എല്ലാവൎക്കുംവേണ്ടിയും, രോഗ ബാധിതരും വ്യസനാക്രാന്തന്മാരുമായ സകലൎക്കും വേണ്ടിയും അങ്ങേ നാമത്തിൽ ഞങ്ങളിൽനിന്നു വേർപിരിഞ്ഞു മരിച്ചവരായ സകലൎക്കുംവേണ്ടിയും, അങ്ങേ കൃപയെ ഓർത്തു പാർത്തിരിക്കുന്ന ഈ ജനത്തിനുവേണ്ടിയും, 'ബലഹീനനും നിർഭാഗ്യനും ദരിദ്രനുമായ അടിയനുവേണ്ടിയും' ഈ ബലിയെ അങ്ങുന്നു സ്വീകരിക്കണമെ! 'ഞങ്ങളുടെ ദൈവ

' — ' ആവൎത്തിക്കുന്നതിനുള്ള അടയാളം.

മായ കർത്താവേ! അടിയന്റെ പാപാക്രമങ്ങൾ
ക്കു തക്കവണ്ണം ചെയ്യാതെ, അങ്ങേ ദയാധിക്യ
ത്തിന്നു ഒത്തവണ്ണം, അങ്ങേ ജനത്തോടും, നിർഭാ
ഗ്യനായ അടിയനോടും വർത്തിക്കണമെ! അങ്ങേ
കൃപയാൽ സത്യവിശ്വാസത്തോടുകൂടെ ഞങ്ങ
ൾ ഉൾക്കൊള്ളുന്ന ഈ തിരുശ്ശരീരം വഴിയായി
അടിയനും ഈ ജനങ്ങളും പാപവിമോചനത്തി
ന്നും കുററങ്ങളുടെ പൊറുതിക്കും യോഗ്യരാകട്ടെ!
സ്വാമീ ആശീർവ്വദിക്ക....

ശുശ്രൂഷി:

അങ്ങേ പ്രാർത്ഥന....

കാ. ചൊല്ലുന്നത്.

‘കർത്താവേ! അവർണ്ണനീയമായ അങ്ങേ ദയാധി
ക്യത്താൽ? അവിടുന്നു ഞങ്ങളെ പഠിപ്പിച്ചിരിക്കു
ന്നതുപോലെ, വെടിപ്പും പരിശുദ്ധവുമായ അ
ങ്ങേ പീഠത്തിന്മേൽ അങ്ങേയ്ക്കു ഞങ്ങൾ കാഴ്ച
വെക്കുന്ന അങ്ങേ മ്ശിഹായുടെ തിരുശ്ശരീരത്തി
ന്റെയും തിരുരക്തത്തിന്റെയും ഓർമ്മയുടെ കൊ
ണ്ടാട്ടം വഴിയായി ദൈവജനനിയായ കന്യക മറി
യത്തിന്നും, അങ്ങേ കൃപ ലഭിച്ചിട്ടുള്ള നീതിമാ
ന്മാരും പരിശുദ്ധരുമായ പിതാക്കന്മാർക്കെല്ലാവ
ർക്കും, നല്ലതും ഉചിതവുമായ സ്മരണ ചെയ്യരു

‘....’ ആവർത്തിക്കുന്നു.

ളെണമേ! അങ്ങുന്നു മാത്രം സാക്ഷാൽ പിതാവാ
യ ദൈവമാകുന്നു എന്നും, അങ്ങേ പുത്രനും അ
ങ്ങേക്കു പ്രിയനുമായ ഞങ്ങളുടെ കർത്താവീശോ
മ്ശിഹായെ അങ്ങുന്നു യാത്രയാക്കുകയും, ഞങ്ങ
ളുടെ കർത്താവും ദൈവവുമായതാൻ എഴുന്നെള്ളി
വന്ന് തന്റെ രക്ഷാകരമായ സുവിശേഷം വഴി
യായി, ദീർഘദർശികൾ, പ്രേഷകർ, രക്തസാക്ഷി
കൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, മെത്രാ
ന്മാർ, ഗുരുക്കൾ, ദൈവശുശ്രൂഷികൾ എന്നിവരു
ടെയും, പരിശുദ്ധ ജ്ഞാനസ്നാനത്തിന്റെ ജീവപ്ര
ദവും, രക്ഷാകരവുമായ മുദ്ര പതിക്കപ്പെട്ട, † ക
ത്തോലിക്കാ തിരുസ്സഭയുടെ മക്കളേവരുടേയും നി
ർമ്മലതയും പരിശുദ്ധതയും മുഴുവനായിട്ട് ഞങ്ങ
ളെ പഠിപ്പിക്കയും ചെയ്യണമെന്നും, ഭൂവാസികളൊ
ക്കയും അറിയുന്നതിന്നായി ലോകമുള്ള കാല
ത്തോളം അങ്ങേ സമാധാനവും സ്വസ്ഥിയും
ഞങ്ങൾക്ക് നൽകിയരുളണമെ. എന്റെ ക
ർത്താവേ! അങ്ങേ കല്പനയാൽ ഒന്നിച്ചുകൂടി ഈ
നേരത്തിൽ അങ്ങേ സന്നിധിയിൽ നില്ക്കുന്നവ
രും അങ്ങേ ദൃഷ്ടാന്തത്തെ പരമ്പരയാ സ്വീകരി
ച്ചിരിക്കുന്നവരും അല്പരും, ഹീനരും നിർഭാഗ്യ

---

† ശുദ്ധ പീഠത്തിന്മേൽ സ്ലീവാടയാളം വരക്കുകയിൽ
സഹായി കുടമണി കിലുക്കുന്നു.

ളും അങ്ങേ ദാസരുമായ 'ഞങ്ങളും' ഞങ്ങളുടെ രക്ഷകനും നാഥനുമായിരിക്കുന്ന ഈശോമ്ശിഹായുടെ പാടുപ്പാടിന്റെയും മരണത്തിന്റെയും ശവസംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഉന്നതവും ആരാധിതവും പരിശുദ്ധവും ജീവപ്രദവും ദൈവികവുമായ ഈ രഹസ്യത്തെതന്നെ സന്തോഷത്തോടെ ജ്ഞാപകപ്പെടുത്തി, സ്തുതിച്ചു കൊണ്ട് പൂജിക്കുന്നു.

കാർമ്മികൻ മേല്പോട്ടു കരങ്ങളെ ഉയർത്തുമ്പോൾ.

ശുശ്രൂഷി ചൊല്ലുന്നതു്.

നിങ്ങൾ അടക്കത്തോടും ഭയത്തോടുംകൂടെ നിന്നു പ്രാർത്ഥിപ്പിൻ. സമാധാനം നമ്മോടുകൂടെ.

കാർമ്മികൻ ചൊല്ലുന്നതു്.

കർത്താവേ! അങ്ങേ വിശുദ്ധാരൂപി എഴുന്നെള്ളി വരട്ടെ! അങ്ങേ ശുശ്രൂഷികളുടെ ഈ പൂജമേൽ ആവസിച്ച് കടങ്ങളുടെ പൊറുതിയ്ക്കും പാപ വിമോചനത്തിനും, മാംസോത്ഥാനത്തിന്റെ വലിയ ശരണത്തിനും, അങ്ങേ കൃപ ലഭിച്ചിരിക്കുന്നവരൊക്കെയോടും കൂടെ സ്വർഗ്ഗരാജ്യത്തിലെ നവമായ ആയുസ്സിനും ഈ ബലിയണങ്ങൾക്കുപകരണമായിത്തീരുന്നതിനും, ഞങ്ങളുടെ നേർക്കു ഉള്ള മഹാ വിസ്മയനീയമായ ഈ ദൈവിക വിചാരണകളെക്കുറിച്ച്; സ്വയംജീവിയും പരി

ശുദ്ധനും ജീവൻ നൽകുന്നവനുമായ അങ്ങേതിരുനാമത്തിന്ന് എപ്പോഴും എല്ലാപ്പോഴും എന്നന്നേക്കും സ്തുതിയും, ബഹുമാനവും, നന്ദിയും, ആരാധനയും ചെയ്തുകൊണ്ട്, അങ്ങേ മ്ശിഹായുടെ മാണിക്യമായ രക്തത്താൽ വീണ്ടു രക്ഷിക്കപ്പെട്ട അങ്ങേ സഭയിൽ, പരസ്പരമായിട്ടും, പ്രസാദത്തോടുകൂടിയും നിരന്തരം അങ്ങയെ കൃതജ്ഞതാപൂർവ്വം സ്തുതിക്കുന്നതിനുമായി ഠരം പ്രജയെ ആശീർവ്വദിച്ചു ശുദ്ധീകരിക്കുമാറാകട്ടെ.

ഗായകർ. ആമ്മേൻ.

കാർമ്മികൻ.

സ്വർഗ്ഗസ്ഥരുടെ സമാധാനവും, ഭൂവാസികളുടെ വലിയ ഭാഗ്യവുമായ മ്ശിഹായെ! ഭൂലോകത്തിന്റെ നാലു ഭാഗങ്ങളിലും, വിശിഷ്യ അങ്ങേ കത്തോലിക്കാ തിരുസ്സഭയിലും, അങ്ങേ സമാധാനവും, ശുഭവും വർദ്ധിപ്പിക്കണമെ! രാജത്വത്തെയും പൌരോഹിത്യത്തെയും, തമ്മിൽ തമ്മിൽ സമാധാനപ്പെടുത്തണമേ! ഭൂമിയുടെ നാനാഭാഗങ്ങളിൽനിന്നു യുദ്ധങ്ങൾ ഇല്ലാതാക്കണമേ! പൂർണ്ണമായ വിനയത്തോടും ദൈവഭക്തിയോടുംകൂടെ ശാന്തവും തൃപ്തികരവുമായ ജീവിതം ഞങ്ങൾ നയിക്കുന്നതിനുവേണ്ടി, യുദ്ധപ്രിയരായി ഭിന്നിച്ചിരിക്കുന്ന ജനങ്ങളെ ചിതറിക്കണമേ!

ഞങ്ങൾക്കല്ല സ്വാമി! ഞങ്ങൾക്കല്ല; പിന്നെ
യൊ അങ്ങേ തിരുനാമത്തിന്ന് ബഹുമതി ഉ
ണ്ടാകട്ടെ.

കാൎമ്മികൻ ധ്യാനിച്ചു ചൊല്ലുന്നത്. സ. ൫൦.

ദൈവമെ! അങ്ങേ കൃപക്കനുസരണമായി എ
ന്നെ അനുഗ്രഹിക്കണമെ. അങ്ങേ ദയാധിക്യ
ത്തിന്റൊത്തവണ്ണം എന്റെ പാപങ്ങളെ മായി
ക്കണമെ! എന്റെ ദുഷ്ടതയിൽനിന്ന് എന്നെ ന
ന്നായി കഴുകി, എന്റെ പാപങ്ങളിൽനിന്നു എ
ന്നെ വെടിപ്പാക്കണമെ! എന്തുകൊണ്ടെന്നാൽ
എന്റെ തെറ്റുകളെ ഞാൻ അറിയുന്നു. എന്റെ
പാപങ്ങൾ എപ്പോഴും എന്റെമുമ്പിൽ ഇരിക്കു
ന്നു. അങ്ങെയോടുതന്നെ ഞാൻ പിഴച്ചു. അങ്ങേ
മുമ്പാകെ ഞാൻ തിന്മചെയ്തു. തന്മൂലം അങ്ങേ
വചനത്തിൽ അങ്ങുന്ന് നീതിമാനും അങ്ങേ വി
ധികളിൽ, അങ്ങുന്നു ജയപ്രാപ്തനുമായിരിക്കും.
എന്തുകൊണ്ടെന്നാൽ, ദുഷ്ടതയിൽ ഞാൻ ജനി
ച്ചു; പാപങ്ങളിൽ എന്റെ അമ്മ എന്നെ ഗ
ൎഭംധരിച്ചു. അങ്ങുന്നോ എന്നാൽ സത്യത്തിൽ
പ്രസാദിച്ചു. അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങ
ൾ, എന്നെ ഗ്രഹിപ്പിച്ചു. കസ്തൂരിപ്പച്ചക്കോലു
കൊണ്ടു് എന്നെ തളിക്കുക; ഞാൻ വെടിപ്പാ
കട്ടെ ✡

ധ്യാനം കഴിഞ്ഞു ചൊല്ലുന്നതു്:- സ, ൧൨൩.

സ്വൎഗ്ഗസ്ഥനായ അങ്ങേപ്പക്കൽ എന്റെ കണ്ണുകളെ ഞാൻ ഉയൎത്തി. ഭൃത്യരുടെ നേത്രങ്ങൾ തങ്ങളുടെ യജമാനന്മാരുടെ പക്കലേക്കും, ദാസിയുടെ കണ്ണുകൾ തന്റെ നാഥയുടെ പക്കലേക്കും ആയിരിക്കുന്നതുപോലെ, ഞങ്ങളുടെ ദൈവമായ കൎത്താവേ! ഞങ്ങളുടെ കണ്ണുകളും, അങ്ങുന്നു ഞങ്ങളോടു കൃപചെയ്യുന്നതുവരെ, അങ്ങേപ്പക്കലേക്കായിരിക്കുന്നു. കൎത്താവേ! ഞങ്ങളുടെമേൽ അനുഗ്രഹിക്ക; ഞങ്ങളുടെമേൽ കൃപയായിരിക്ക.

കാൎമ്മികൻ ധൂപം വാഴ്ത്തുകയിൽ
ചൊല്ലുന്നതു്.

നിത്യനായ, ബാവാ, പുത്രൻ, റൂഹാദ്കുദ്ശായേ, സുഗന്ധമൂലങ്ങളുടേയും പരിമള ദ്രവ്യങ്ങളുടേയും ഉടയവനായ ഞങ്ങളുടെ സൎവ്വേശ്വരാ കൎത്താവേ! സമാഗമ കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ ധൂപംപോലെ ഞങ്ങളുടെ പ്രാൎത്ഥനയും ഞങ്ങളുടെ ധൂപ പാത്രത്തിലെ പുകയും അങ്ങേക്കു പ്രസാദിക്കുമാറാകട്ടെ!

കാ. കരങ്ങൾ വിരിച്ചുകൊണ്ടു തന്നെത്താൻ
ധൂപിക്കയിൽ ചൊല്ലുന്നതു്.

ഞങ്ങളുടെ സൎവ്വേശ്വരാ കൎത്താവേ! അങ്ങേസ്നേഹാധിക്യത്തിന്റെ സുഗന്ധത്താൽ, ഞങ്ങളു

ടെ അശുദ്ധതയുടേയും മലിനതയുടേയും ദുൎഗ്ഗ
ന്ധത്തെ പരിമളപ്പെടുത്തണമേ! പാപക്കറക
ളിൽനിന്ന് അതുവഴിയായി എന്നെ നിൎമ്മലനാ
ക്കണമേ! ഞങ്ങളെ അന്വേഷിച്ച് പുറപ്പെടുക
യും, നഷ്ടപ്പെട്ടുപോയ ഞങ്ങളെ കണ്ടെത്തുക
യും ചെയ്ത നല്ല ഇടയനേ! അറിഞ്ഞും അറിയാ
തെയുമുള്ള എന്റെ കടങ്ങളേയും പാപങ്ങളേ
യും എന്നോടു പൊറുക്കണമേ! ‡

കാ. ശുശ്രൂഷിയുടെമേൽ കൈ നീട്ടിക്കൊണ്ടു
ചൊല്ലുന്നത്:—

ഞങ്ങളുടെ സൎവ്വേശ്വരാ കൎത്താവേ! മഹത്വമു
ള്ളതും പാവനമായതുമായ അങ്ങേ ബലിസ്ഥല
ത്തിൻമുമ്പാകെ നിൽക്കുന്ന ഈ ശുശ്രൂഷിയെ,
അങ്ങുന്ന് ആനന്ദിപ്പിക്കണമേ.

ജനത്തുടെനേരെ തിരിഞ്ഞു ചൊല്ലുന്നത്:—

ഞങ്ങളുടെ സൎവ്വേശ്വരാ കൎത്താവേ! അങ്ങേ കൃ
പയെ ആശ്രയിച്ച് കാത്തു നിൽക്കുന്ന ഈ ജ
നത്തെ സന്തോഷിപ്പിക്കണമേ!

പീഠത്തിങ്കലേക്കു തിരിഞ്ഞുകൊണ്ടു
ചൊല്ലുന്നത്:-

ഞങ്ങളുടെ സൎവ്വേശ്വരാ കൎത്താവേ! ഞങ്ങളുടെ
നാഥന്റെ കുഴിമാടത്തിൻ സദൃശമായി സ്ഥാപി

---

‡ ഇങ്ങിനെ മൂന്നുപ്രാവശ്യം ചൊല്ലുന്നു.

marggam
Digital Library of Christianity in India
www.marggam.com



ക്കപ്പെട്ടിരിക്കുന്ന ഈ ബലിസ്ഥലത്തെയും തന്റെ സിംഹാസനത്തേയും തന്റെ ശരീരത്തേയും തന്റെ ശുദ്ധീകരണ രക്തത്തെയും സുഗന്ധമുള്ളതാക്കണമേ!

പൂജാസാധനങ്ങളെ ധൂപിച്ചു ചൊല്ലുന്നതു്.—

സ്വാമീ ആശീർവ്വദിക്കണമേ! സ്വാമീ ആശീർവ്വദിക്കണമേ! സ്വാമീ ആശീർവ്വദിക്കണമേ! ഞങ്ങളുടെ സർവ്വേശ്വരാ കർത്താവേ! ഞങ്ങൾ അയോഗ്യരായിരിക്കയിൽ, 'ഞങ്ങൾ സാക്ഷാൽ അയോഗ്യരായിരിക്കയിൽ' പ്രശസ്തവും, പരിശുദ്ധവും, ജീവപ്രദവും, ദൈവികവുമായ ഈ രഹസ്യങ്ങളുടെ അടുക്കലെയ്ക്കു് അങ്ങേ ദയാധിക്യം ഞങ്ങളെ ആനയിക്കുന്നു ‡

ഗായകർ.

ആമ്മേൻ. '. . . .'

കാർമ്മികൻ സ്ലീവായ്ക്കു വണക്കംചെയ്തു കൊണ്ടു ചൊല്ലുന്നതു്:—

ഞങ്ങളുടെ നാഥനായ ഈശോമ്ശിഹായേ! അങ്ങേ പരിശുദ്ധ നാമത്തിനു സ്തുതിയും, അങ്ങേ കർത്തൃത്വത്തിനു ആരാധനയും നിത്യമായി എന്നേക്കുമുണ്ടായിരിക്കട്ടെ!

---

‡ ഇതു് മൂന്നുപ്രാവശ്യം ചൊല്ലുന്നു.

—)O(—

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



കാ. ഓസ്തി കരങ്ങളിലെടുത്ത് കണ്ണുയർത്തി
ആശീർവ്വദിക്കയിൽ:—

താൻ, തൻെറ കഷ്ടാനുഭവത്തിനു തലേനാളിൽ, പരിശുദ്ധവും ആരാധനീയവുമായ തൻെറ കരങ്ങളിൽ അപ്പം എടുത്തു് സ്വർഗ്ഗത്തിലേയ്ക്കു— സർവ്വവല്ലഭനും തൻെറ ദൈവപിതാവുമായ അങ്ങേപ്പക്കലേയ്ക്കു— തൻെറ കണ്ണുകളെ ഉയർത്തി അങ്ങേക്കു സ്തോത്രം ചെയ്തിട്ട് ആശീർവ്വദിച്ചു മുറിച്ച്, തൻെറ ശിഷ്യർക്കു കൊടുത്തു്, അരുളിച്ചെയ്തതായതു: നിങ്ങളെല്ലാവരും ഇതിൽനിന്നു് എടുത്തു ഭക്ഷിപ്പിൻ!

കാർമ്മികൻ ഓസ്തി കരങ്ങളിൽ പിടിച്ചു്
ചൊല്ലുന്നതു്:—

**എന്തുകൊണ്ടെന്നാൽ**
**ഇതു് എൻെറശരീരമാകുന്നു.**

കാ. ദിവ്യകാരുണ്യത്തെ വന്ദിച്ചു് ചെയ്യുന്നതു്:—

എന്നാൽ സ്വർഗ്ഗത്തിൽനിന്നിറങ്ങി, ലോകമൊക്കെക്കും ജീവൻനല്കുന്ന സ്വയം ജീവിയും ജീവപ്രദവുമായ ഈ അപ്പം ഭക്ഷിക്കുന്നവർ അത്യാപത്തിൽപെടുകയില്ല. ഇതിനെ ഉൾക്കൊള്ളുന്നവർ



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



ഇതിനാൽ രക്ഷിക്കപ്പെട്ട് പാപവിമോചനം പ്രാപിക്കയും സദാകാലം ജീവിക്കയും ചെയ്യും.

കാ. കാസാ കരങ്ങളിലെടുത്തുകൊണ്ട്
ആശീർവ്വദിക്കയിൽ ചൊല്ലുന്നത്:—

അപ്രകാരംതന്നെ അവർ അത്താഴം കഴിച്ചശേഷം, പരിശുദ്ധവും ആരാധനീയവുമായ തന്റെ കരങ്ങളിൽ അമൂല്യമായ ഈ കാസായും എടുത്തിട്ട്, വീണ്ടും അങ്ങേക്കു സ്തോത്രംചെയ്തു ആശീർവ്വദിച്ച്, തന്റെ ശിഷ്യർക്കു കൊടുത്ത് അരുളിച്ചെയ്തു: നിങ്ങളെല്ലാവരും ഇതിൽനിന്നു എടുത്തു പാനംചെയ്വിൻ.

കാർമ്മികൻ കാസാ കരങ്ങളിൽ പിടിച്ചു
ചൊല്ലുന്നത്:—

എന്തുകൊണ്ടെന്നാൽ, നിങ്ങൾക്കും അനേകർക്കും, പാപങ്ങളുടെ പൊറുതിക്കായി, ചിന്തപ്പെടുന്ന എന്റെ — വിശ്വാസത്തിന്റെ രഹസ്യമായ, പുതിയതും നിത്യവുമായ ഉടമ്പടിയുടെ — രക്തത്തിന്റെ കാസാ ഇതാകുന്നു.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

കാ. തിരുരക്തമുയർത്തുമ്പോൾ
ചൊല്ലുന്നതു്:—

നിങ്ങൾ ഇവ ചെയ്യുമ്പോഴൊക്കെയും എന്റെ സ്മരണയെത്തന്നെ ജ്ഞാപകപ്പെടുത്തുന്നു.

കാ. ദിവ്യകാരുണ്യം ഉയർത്തിയശേഷം
ഗായകർ പാടുന്ന സംഗീതം:—

നമ്മുടെ രക്ഷിതാവു് തന്റെ ശിഷ്യരോടു രഹസ്യമായി അരുളിച്ചെയ്തതായതു: ആകാശത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാകുന്നു. ഉന്നതത്തിൽ നിന്നിറങ്ങിയ അപ്പം ഞാനാകുന്നു. സ്നേഹത്തോടുകൂടെ വന്നു് എന്നെ ഉൾക്കൊള്ളുന്നവൻ ഞാൻവഴിയായി നിത്യം ജീവിക്കയും സ്വർഗ്ഗരാജ്യത്തിനു് അവകാശിയായിത്തീരുകയും ചെയ്യുന്നു. ജ്ഞാനാധിക്യരും ഭക്തിജ്വാലകരും മുഖ്യദൂതരുമായ, അങ്ങേ ഇഷ്ടത്തെ നിറവേററുന്ന അങ്ങേ പരിചാരകർ പേടിയോടും ഞടുക്കത്തോടുംകൂടെ അങ്ങേ പീഠത്തിൻമുമ്പിൽ നിന്നുകൊണ്ടു്, കുററങ്ങളുടെ പൊറുതിക്കായി, മ്ശിഹായുടെ തിരുശരീരത്തെ കാർമ്മികൻ മുറിച്ചു പകുക്കുന്നതിനെ സൂക്ഷിച്ചു ദർശിക്കുന്നു ✻

മനസ്താപമുള്ളവർക്കായി അങ്ങേ വാതിൽ തുറന്നിട്ടിരിക്കയും പാപികൾ അങ്ങേപ്പക്കലേക്കു് ഓടിക്കടന്നതിനായി അവരെ ക്ഷണിക്കയും ചെയ്യുന്ന

ദയാപരനേ! നീതിയുടെ വാതിലുകളെ എനിക്കു തുറക്കണമെ! അടിയങ്ങൾ ഉള്ളിൽ പ്രവേശിച്ച്, അഹോരാത്രം അങ്ങേക്കു സ്തുതി പാടുന്നതിനായി അങ്ങേ കൃപയുടെ വാതിൽ ഞങ്ങൾക്കു തുറക്കണമേ!

കാ. കരങ്ങൾവിരിച്ചുകൊണ്ടു ചൊല്ലുന്നതു്:-

എന്റെ കർത്താവേ! ഞങ്ങളുടെനേക്കു് അങ്ങേക്കു ഉള്ളതായ അശേഷം അവർണ്ണനീയമായ നന്മയെ കുറിച്ച് അങ്ങേക്കു സ്തുതി; കർത്താവേ അങ്ങേക്കു സ്തുതി; കർത്താവേ! അങ്ങേക്കു സ്തുതി!

കാ. തിരുശരീരം വിഭാഗിക്കുമ്പോൾ

എന്റെ സർവ്വേശ്വരാ! അങ്ങേ പേരിലുള്ള ഉറപ്പായ വിശ്വാസത്താൽ ഈ പരിശുദ്ധ രഹസ്യങ്ങൾക്കു ഞങ്ങൾ സമീപിച്ച് അങ്ങേ അനുഗ്രഹത്താൽ അവയെ ഭാഗിക്കുന്നു. അങ്ങേ വാത്സല്യ പുത്രനായ ഞങ്ങളുടെ കർത്താവീശോമ്ശിഹായുടെ ശരീരത്തെയും രക്തത്തെയും അങ്ങേ ദയയാൽ, നിത്യമായ, ബാവാ, പുത്രൻ, റൂഹാദ്കുദ്ശായുടെ നാമത്തിൽ ഞങ്ങൾ പങ്കിടുന്നു.

കാ. തിരുശരീരം തിരുരക്തത്തിൽ മുക്കുന്നു: —

നമ്മുടെ കർത്താവീശോമ്ശിഹായുടെ ജീവപ്രദമായ തിരുശരീരംകൊണ്ട്, ബാവായുടേയും, പുത്രന്റേയും, റൂഹാദ്കുദ്ശായുടേയും നാമത്തി

ൽ, അമൂല്യമായ തിരുരക്തം അടയാളപ്പെടുത്തപ്പെടുന്നു. ആമ്മേൻ.

കാ. തിരുരക്തംകൊണ്ടു തിരുശരീരത്തിൽ
കുരിശടയാളം വരയ്ക്കുമ്പോൾ ചൊല്ലുന്നതു്:—

ബാവായുടേയും, പുത്രന്റേയും, റൂഹാദ്കുദ്ശായുടേയും നാമത്തിൽ, നമ്മുടെ കർത്താവീശോമ്ശിഹായുടെ ശുദ്ധീകരണ രക്തംകൊണ്ടു് തിരുശരീരം വരയ്ക്കപ്പെടുന്നു.

കാർമ്മികൻ ഇരുഭാഗങ്ങളേയും
ചേർത്തു പിടിച്ചുകൊണ്ടു ചൊല്ലുന്നതു്:—

മഹനീയവും പരിശുദ്ധവും ജീവപ്രദവും ദൈവികവുമായ ഈ രഹസ്യങ്ങൾ, നമുക്കും, ഇവിടെയും മറ്റെല്ലാ സ്ഥലങ്ങളിലുമുള്ള മ്ശിഹായുടെ വിശുദ്ധ സഭയ്ക്കും, കടങ്ങളുടെ പൊറുതി, പാപവിമോചനം, മാംസോത്ഥാനത്തിലുള്ള വലിയ ആശ, സ്വർഗ്ഗരാജ്യത്തിലെ നവമായ ആയുസ്സ് എന്നിവകൾക്കു ഹേതുവാകത്തക്കവണ്ണം ബാവാ പുത്രൻ, റൂഹാദ്കുദ്ശായായ സ്തുതിക്കപ്പെട്ട ത്രിത്വത്തിന്റെ വന്ദനീയവും പ്രശസ്തവുമായ നാമത്തിൽ, അർപ്പിക്കപ്പെടുകയും വിശുദ്ധീകരിക്കപ്പെടുകയും, അവ പൂർണ്ണമായ ഒരു ദിവ്യ കാരുണ്യമായി തീരുകയും, പരസ്പരം കലർത്തപ്പെടുകയും ചെയ്യും.

- ഘ്യ്ന -

കാ. തിരുശരീരത്തിന്റെ ഇരു ഭാഗങ്ങളേയും
പീലാസായിൽ വച്ചിട്ട ജനത്തെ ആശീർവ്വദിക്കയിൽ
ചൊല്ലുന്നതു്:-

ഇപ്പോഴും എല്ലാപ്പോഴും എന്നന്നേക്കും.

ശുശ്രൂഷി.

ആമ്മേൻ.

കാർമ്മികൻ കരങ്ങളെ നീട്ടിപ്പിടിച്ചുകൊണ്ടു
ചൊല്ലുന്നു.

ഞങ്ങളുടെ കർത്താവീശോമ്ശിഹായെ! പാപിആയ അടിയനെ, മഹത്വമുള്ളതും പരിശുദ്ധവും ജീവപ്രദവും ദൈവികവുമായ ഠരം രഹസ്യങ്ങളുടെ പരികർമ്മികനും മദ്ധ്യസ്ഥനും ആയി അങ്ങേ അനുഗ്രഹത്താൽ നിശ്ചയിച്ചതുകൊണ്ടു് അങ്ങേക്കു് സ്തുതി. അങ്ങേ കൃപാധിക്യത്താൽ, കുററങ്ങളുടെ പൊറുതിക്കും പാപവിമോചനത്തിനും അടിയനെ യോഗ്യനാക്കണമേ.

കാ. തന്റെമേൽ കുരിശാകൃതി വരച്ചു
കൊണ്ടു ചൊല്ലുന്നതു്:-

നമ്മുടെ കർത്താവീശോമ്ശിഹായുടെ വരപ്രസാദവും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്കുദ്ശായുടെ ഐക്യവും നാമെല്ലാവരോടും കൂടെ ഇപ്പോഴും എല്ലാപ്പോഴും സദാകാലവും ഉണ്ടാകുമാറാകട്ടെ.

ഗായകർ.

ആമ്മേൻ.

കാർമ്മികൻ കരങ്ങളെ നീട്ടിപ്പിടിച്ചുകൊണ്ടു ചൊല്ലുന്നതു്:—

ഞങ്ങളുടെ പിതാക്കന്മാരുടെ സർവ്വേശ്വരാ കർത്താവേ! അങ്ങുന്നു വാഴ്ത്തപ്പെട്ടവനും അങ്ങേ നാമം എന്നും സ്തുതിക്കപ്പെട്ടതും അത്രെ. എന്തെന്നാൽ ഞങ്ങളുടെ പാപങ്ങൾക്കു തക്കപോലെ അല്ല അവിടുന്നു ഞങ്ങളോടു പ്രവർത്തിച്ചതു്; പിന്നയോ അങ്ങേ ദയാധിക്യത്താൽ, ഞങ്ങളെ പിശാചിന്റെ അധികാരത്തിൽനിന്നു വീണ്ടുരക്ഷിച്ചു്, അങ്ങേ വാത്സല്യ പുത്രനും ഞങ്ങളുടെ നാഥനുമായ ഈശോമ്ശിഹായുടെ ഭരണത്തിനു ഞങ്ങളെ ആയത്തമാക്കി.

നീതിമാനായ പിതാവേ! ഇതാ അങ്ങേ പുത്രൻ, അങ്ങേക്കു തൃപ്തികര ബലിയായി എനിക്കുവേണ്ടി തന്റെ ജീവനെ വെടിഞ്ഞിരിക്കുന്നു. ഈ ബലിയെ അങ്ങുന്നു സ്വീകരിക്കണമേ! ഇതു വഴിയായി ഞാൻ ശുദ്ധീകരിക്കപ്പെടട്ടെ! ഈ ബലിയെ അങ്ങുന്നു് അടിയന്റെ കരങ്ങളിൽനിന്നു കൈക്കൊണ്ടു് അടിയനെ അനുഗ്രഹിക്കണമേ! ശ്രേഷ്ഠമായ അങ്ങേസന്നിധിയിൽ അടിയൻചെയ്തുപോയ പാപങ്ങളെ, അടിയനെതിരായി സ്മരി

കല്ലേ! തന്റെ രക്തം ഇതാ എന്റെ രക്ഷക്കായി
ഗാഗുൽത്താമലയിൽ ചിന്തപ്പെട്ടിരിക്കുന്നു. അ
ള് എനിക്കുവേണ്ടി പ്രാൎത്ഥിക്കയും ചെയ്യുന്നു. ത
ൻമൂലം അടിയന്റെ അപേക്ഷയെ സ്വീകരിക്ക
ണമേ! എന്റെ കടങ്ങൾ എത്രമാത്രമെന്നും അ
ങ്ങേ കാരുണ്യം എന്തുമാത്രമെന്നും അങ്ങുന്നു പ
രിശോധിച്ചു നോക്കിയാലും! അങ്ങുന്നു തൂക്കിവ
ച്ചിരിക്കുന്ന പൎവ്വതങ്ങളേക്കാൾ അങ്ങേ കൃപക്കു
തൂക്കം കൂട്ടുന്നു. പാപങ്ങളേയും അവയെപ്രതിയുള്ള
പരിഹാര ബലിയേയും തൂക്കിനോക്കുക. എ
ന്തെന്നാൽ പാപകടങ്ങളെ അപേക്ഷിച്ച് പരി
ഹാരബലിയും പുണ്യവും ഏററം വലുതത്രെയാ
ണു ഞാൻ പാപം ചെയ്തതുമൂലം അങ്ങേ പ്രേമ
ഭാജനം ആണികളാൽ തറക്കപ്പെടുകയും കുന്ത
ത്താൽ കുത്തപ്പെടുകയും ചെയ്തു. അങ്ങയെ ഒ
റ്റിപ്പെട്ടതിനും എന്നെ ജീവിപ്പിക്കുന്നതി
നും ആ കഷ്ടാനുഭവങ്ങൾ വേണ്ടുവോളം മതിയാ
യിരിക്കുന്നു. ഞങ്ങൾക്കായിട്ട സ്വപുത്രനെ അ
യച്ചുതന്ന പിതാവിനു സ്തുതി; തന്റെ കുരിശുമ
രണത്താൽ സകലത്തെയും സ്വാതന്ത്ര്യപ്പെടു
ത്തിയ പുത്രനു വന്ദനം; ഞങ്ങളുടെ രക്ഷയുടെ
രഹസ്യം നിറവേറുന്നതിന് കാരണഭൂതനായ റൂ
ഹാദ്കുദിശായ്ക്കു സ്തോത്രം. തന്റെ ഉപവിയാ

ൽ ഞങ്ങളെല്ലാവരേയും ജീവിപ്പിച്ചയാൾ വാ
ഴ്ത്തപ്പെട്ടവനാകട്ടെ! അദ്ദേഹത്തിനു മഹത്വവും.

കാർമ്മികൻ ഈ പ്രാർത്ഥനകൾ ചൊല്ലു
മ്പോൾ ശുശ്രൂഷി ചൊല്ലുന്നത് :—

നാമെല്ലാവരും ഭക്തിവണക്കങ്ങളോടുകൂടെ നമ്മു
ടെ രക്ഷകന്റെ തിരുശരീരത്തിന്റെയും തന്റെ
വന്ദനീയമായ രക്തത്തിന്റെയും രഹസ്യത്തി
നു അടുത്തു, ശുദ്ധ ഹൃദയത്തോടും സത്യ വി
ശ്വാസത്തോടുംകൂടെ തന്റെ കഷ്ടാനുഭവത്തെ
ചിന്തിക്കയും തന്റെ ഉത്ഥാനത്തെ ഗ്രഹിക്കയും
വേണം. എന്തെന്നാൽ, ദൈവത്തിന്റെ ഏക
ജാതനായ താൻ, മനുഷ്യരിൽനിന്നു മരണമുള്ള
തായ ഒരു ശരീരത്തെയും ബോധമുള്ളതും അറി
വുള്ളതും മരണമില്ലാത്തതുമായ ഒരു ആത്മാവി
നേയും നമുക്കുവേണ്ടിട്ട് എടുത്തു. തന്റെ ജീവ
പ്രദമായ കല്പനകളാലും പരിശുദ്ധമായ നിയ
മങ്ങളാലും അറിവില്ലായ്മയിൽനിന്നു സാക്ഷാ
ലുള്ള ജ്ഞാനത്തിലേക്കു നമ്മെ നയിച്ചു. താൻ
നമുക്കായി ചെയ്യേണ്ടതൊക്കെയും നിർവ്വഹിച്ചതി
ന്റെശേഷം, നമ്മുടെ വർഗ്ഗത്തിന്റെ കടിഞ്ഞൂ
ലായ താൻ കുരിശിന്മേൽ പതിക്കപ്പെട്ടു, മരി
ച്ചവരിൽനിന്നുയിർത്തു, സ്വർഗ്ഗത്തിലേക്ക് എഴുന്ന
രുളി. താൻ നമുക്കു ചെയ്തിരിക്കുന്ന മനോഗുണ

ങ്ങളൊക്കെയും നാം ഓൎമ്മിക്കുന്നതിന്നായി തന്റെ പരിശുദ്ധ കൂദാശകളെ നമുക്കു കല്പിച്ചതന്നു. ആകയാൽ അത്യന്ത പക്ഷത്തോടും വിനീത മനസ്സോടു കൂടെ നിത്യജീവന്റെ ദാനം നാം കൈക്കൊള്ളണം. മനസ്താപത്തിൽ ആശ്രയിച്ചു, ശുദ്ധമുള്ള ജപത്തോടും ഗാഢമായ താപത്തോടും കൂടി സത്യസഭയുടെ കൂദാശകൾക്കു നാം ഭാഗഭാക്കുകളാകണം. നമ്മുടെ കുററങ്ങളിൽനിന്നു പിൻമാറി, നമ്മുടെ പാപങ്ങളെക്കുറിച്ചു മനസ്താപപ്പെട്ടു, + സൎവ്വനാഥനായ ദൈവത്തോടു കൃപയും മാപ്പും യാചിച്ചു നമ്മുടെ സഖികളുടെ തെററുകളെ ക്ഷമിച്ചും. ‡ + ഭിന്നതകളിൽനിന്നും തൎക്കങ്ങളിൽനിന്നും നമ്മുടെ മനസ്സാക്ഷിയെ ശുദ്ധീകരിച്ചും. ‡ + വൈരാഗ്യത്തിൽനിന്നും ശത്രുത്വത്തിൽനിന്നും നമ്മുടെ ആത്മാവുകൾ ശുചിയായിരിക്കുമ്പോൾ, ‡ + ദിവ്യകാരുണ്യം ഉൾക്കൊണ്ടു, റൂഹാദ്ക്കുദ്ശായാൽ ശുദ്ധീകരിക്കപ്പെടണം. ‡ + നമ്മുടെ മനസ്സിന്റെ ഐക്യത്തോടും ബോധത്തിന്റെ സമ്മതത്തോടും പര

---

(+ ൧ാം അടയാളം ശുശ്രൂഷികൾ പാടുന്നതിന്റെ)

(‡ ഗായകർ ഉത്തരമായിട്ടു പാടുന്നതു്:-

കൎത്താവേ! അങ്ങേ ദാസരുടെ പാപങ്ങളേയും തെററുകളേയും പൊറുക്കേണമേ!

സ്സുര സമാധാനത്തോടുകൂടി ആനന്ദ ദിവ്യരഹസ്യങ്ങൾ നാം കൈക്കൊള്ളേണ്ടതു്. ! + കൎത്താവേ! അവ ഞങ്ങളുടെ ശരീരോദ്ധാരത്തിനും, ഞങ്ങളുടെ ആത്മാവുകളുടെ രക്ഷക്കും, നിത്യായുസ്സിനും സാക്ഷാൽ ഹേതുവായിത്തീരട്ടെ!

ശുശ്രൂഷികൾ.

പ്രാൎത്ഥികഃ സമാധാനം നമ്മോടുകൂടെ.

കാൎമ്മികൻ കുനിഞ്ഞുനിന്നു ചൊല്ലുന്നു:—

കൎത്താവേ! അങ്ങേ ദയയാൽ അങ്ങേ ദാസരുടെ പാപങ്ങളേയും കററങ്ങളേയും പൊറുക്കേണമേ! സ്വൎഗ്ഗത്തിൽ അങ്ങേ പരിശുദ്ധരേവരോടും കൂടി, അങ്ങേ ഉന്നതമായ ദൈവത്വത്തിന്നു സ്തുത്യൎഹമായ ഫലങ്ങളെ ഉളവാക്കത്തക്കവണ്ണം ഞങ്ങളുടെ ആധരങ്ങളെ അങ്ങേ കൃപയാൽ ശുദ്ധീകരിക്കേണമേ! ഭൂലോകപാപത്തെ വഹിക്കുന്ന സ്വയംജ്ജീവിയായ ദിവ്യ ചെമ്മരിയാട്ടിൻകുട്ടീ! ഞങ്ങളെ ശുദ്ധമുള്ളവരാക്കേണമേ! ഭൂലോകപാപ.... കുട്ടീ! ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ! ഭൂലോകപാപ.... കുട്ടീ! ഞങ്ങളെ അനുഗ്രഹിക്കേണമേ!

കാൎമ്മികൻ.

ഞങ്ങളുടെ സൎവ്വേശ്വരാ സ്വാമീ! ശുദ്ധ ഹൃദയത്തോടും പ്രസാദ മുഖത്തോടും, അങ്ങേ ദയയാ

ൽ ഞങ്ങൾക്ക സിദ്ധിച്ച മനോധൈര്യത്തോടും
കളങ്കംകൂടാതെയും സദാ അങ്ങേ സന്നിധിയി
ൽ സ്ഥിതിചെയ്യുന്നതിനു ഞങ്ങളെ യോഗ്യരാക്ക
ണമേ! ഞങ്ങളേവരും ഐകകണ്ഠ്യേന അങ്ങയെ
വിളിച്ച് ഇപ്രകാരം അപേക്ഷിക്കട്ടെ! :-

ശുശ്രൂഷികൾ:-

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അങ്ങേ
നാമം ശുദ്ധീകരിക്കപ്പെടട്ടെ; അങ്ങേ ഭരണം വ
രട്ടെ; അങ്ങേ തിരുമനസ്സ ആകാശത്തിലെപ്പോ
ലെ ഭൂമിയിലുമാകട്ടെ; ഞങ്ങൾക്ക ആവശ്യപ്പെ
ട്ട അപ്പം ഞങ്ങൾക്കിന്നു തരണമേ! ഞങ്ങളുടെ
കടക്കാരോട്ട് ഞങ്ങൾ പൊറുത്തതുപോലെ ഞ
ങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു പൊറു
ക്കണമേ! ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്താ
തെ, വിശേഷിച്ച് തിന്മയിൽനിന്ന് അങ്ങുന്നു
ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ!.

കാർമ്മികൻ:-

വല്ലഭനായ സർവ്വേശ്വരാ കർത്താവേ! ഞങ്ങളുടെ
നല്ല ദൈവമേ! ഞങ്ങളുടെ കൃപനിറഞ്ഞ പി
താവേ! ഞങ്ങളെ പരീക്ഷയിൽ ഉൾപ്പെടുത്തരു
തെ, പിശാചിൽനിന്നും അവന്റെ സൈന്യങ്ങ
ളിൽനിന്നും ഞങ്ങളെ രക്ഷിക്കണമേ! എന്ന് അ
ങ്ങയോടു ഞങ്ങൾ അപേക്ഷിക്കയും അങ്ങേ ദ

www.marggam.com
marggam Digital Library of Christianity in India
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ആധിക്യത്തോടു ഞങ്ങൾ യാചിക്കയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ആകാശ ഭൂലോകങ്ങളിലെ ഭരണവും ശക്തിയും മഹിമയും ബലവും അധികാരവും + ഇപ്പോഴും എപ്പോഴും എന്നന്നേക്കും അങ്ങേക്കുള്ളതാകുന്നു.

ഗായകർ.

ആമ്മേൻ.

കാ. ജനത്തെ ആശീർവ്വദിക്കയിൽ:-

സമാധാനം നിങ്ങളോടുകൂടെ.

ഗായകർ:—

അങ്ങയോടും അങ്ങേ അരൂപിയോടുംകൂടെ.

കാർമ്മികൻ:-

ദൈവമേ! പരിശുദ്ധ ദിവ്യകാരുണ്യം ശുദ്ധർക്കു പൂർണ്ണമായിട്ടും യോജിക്കുന്നു.

ഗായകർ:-

പരിശുദ്ധനായിട്ട് ഒരു പിതാവും, ഒരു പുത്രനും ഒരു പരിശുദ്ധാരൂപിയും; ബാവായ്ക്കും പുത്രനും റൂഹാദ്ക്കുദ്ശായ്ക്കും സ്തുതി.

കാർമ്മികൻ:

നിത്യപിതാവായ ദൈവമേ! അങ്ങേക്കു സ്തുതി. സനാതന പുത്രാ അങ്ങേക്കു മഹിമ. സകലത്തെയും ശുദ്ധീകരിക്കുന്ന റൂഹാദ്ക്കുദ്ശായേ! അങ്ങേ

---

( + തൽസമയത്തിൽ കുരിശടയാളം വരയ്ക്കുന്നു.)

കഉ പൃകഷ്ഠം

കൎമ്മികൻ ശുശ്രൂഷിയുടെ കരം പീറ
ജിന്മേൽ തൊട്ടുകൊമ്പോൾ പറയുന്നു:

റൂഹാദ്കുദ്ശായുടെ വരപ്രസാദം.

ശുശ്രൂഷി:-

അത്, അവരോടും ഞങ്ങളോടും ദിവ്യകാരുണ്യം ഉൾക്കൊള്ളുന്നവരോടും കൂടെ സ്വൎഗ്ഗത്തിൽ ശാശ്വതമായിട്ടുണ്ടായിരിക്കട്ടെ! ആമ്മേൻ. സ്വയംജീവിയായ ദൈവത്തെ സ്തുതിപ്പിൻ! തന്റെ സഭയിൽ തനിക്കു സ്തുതിയും നമുക്കു തന്റെ കൃപയും അനുഗ്രഹവും നിത്യം ഉണ്ടാകട്ടെ. ആമ്മേൻ.

കാൎമ്മികൻ ഇടത്തുകൈയിൽ തിരുശരീരം
പിടിച്ചു, പിഴ ഇടിച്ചുകൊണ്ടു ചൊല്ലുന്നതു്:—

സ്വാമീ! അങ്ങുന്നു് അടിയന്റെ കൊട്ടിലിൽ പ്രവേശിപ്പാൻ അടിയൻ യോഗ്യനല്ല. എന്നാൽ അങ്ങുന്നു ഒരു വചനംമാത്രം അരുളിച്ചെയ്യുകു; അടിയന്റെ ആത്മാവു സുഖം പ്രാപിക്കും.

ശുശ്രൂഷി മൂന്നുപ്രാവശ്യം ചൊല്ലുന്നതു്:—

അത്യുന്നതരാജ്യത്തിൽ, ഹാബേലിന്റെയും, നോഹിന്റെയും, അബ്രാഹമിന്റെയും ബലികളോടുകൂടി ഇതും സ്വീകരിക്കപ്പെടട്ടെ!

marggam
Digital Library of Christianity in India
www.marggam.com



കാർമ്മികൻ തിരുശരീരം കരങ്ങളിൽ പി
ടിച്ചു മൂന്നുപ്രാവശ്യം ചൊല്ലുന്നതു:—

കർത്താവേ! കർത്താവേ! അങ്ങേ തിരുശരീരം അ
ടിയനു ശിക്ഷാവിധിക്ക് ഒരിക്കലും ഹേതുവാകാ
തെ, കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ വി
മോചനത്തിനും കാരണമാകട്ടെ!

കാർമ്മികൻ ഒരുപ്രാവശ്യംമാത്രം ചൊല്ലുന്നത്:—

ഞങ്ങളുടെ വർഗ്ഗത്തിന്റെ ആശയും സർവ്വലോക
ങ്ങളുടേയും നാഥനുമായ മ്ശിഹായേ! അങ്ങേ
തിരുശരീരത്താൽ ഞങ്ങളുടെ ശരീരങ്ങളെ ശുദ്ധ
മാക്കണമേ! അങ്ങേ തിരു രക്തത്താൽ ഞങ്ങളു
ടെ കടങ്ങളെ മോചിക്കണമേ! അങ്ങേ കൃപയുടെ
കസ്തൂരിപ്പച്ചകൊൽ കൊണ്ടു ഞങ്ങളുടെ മന
സ്സാക്ഷികളെ ശുദ്ധീകരിക്കണമേ!

കാർമ്മികൻ തിരു ശരീരംകൊണ്ടു തന്റെമേ
ൽ കുരിശടയാളം വരച്ചുകൊണ്ടു ചൊല്ലുന്നത് :—

നമ്മുടെ കർത്താവീശോമ്ശിഹായുടെ തിരു ശരീ
രം, നിത്യജീവനുവേണ്ടി എന്റെ ആത്മാവിനെ
കാക്കട്ടേ!

കാർമ്മികൻ തിരു ശരീരം ഉൾക്കൊള്ളുന്ന
തിനുമുമ്പു മൂന്നുതവണ ചൊല്ലുന്നത് :—

എന്റെ യജമാനനേ! അങ്ങുന്നു വാക്കാൽ കല്പി
ച്ചാലും; അടിയന്റെ ആത്മാവു രക്ഷപ്പെടുകയും

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ചെയ്യുകയല്ലാതെ, അങ്ങുന്ന് അടിയന്റെ കൊട്ടിലിൽ പ്രവേശിപ്പാൻ അടിയൻ യോഗ്യനല്ല.

ആറാംപട്ടക്കാരൻ കാസായുടെ മൂടി നീക്കുകയിൽ ശുശ്രൂഷി ആലപിക്കുന്നത്:—

സ്വാമീ! ആശിസ്സു നൽകേണമേ!

കാർമ്മികൻ ജനങ്ങളെ ആശീർവദിച്ചു ചൊല്ലുന്നു:—

നമുക്കു ജീവൻ നൽകുന്നവനായ നമ്മുടെ കർത്താവീശോമ്ശിഹായുടെ വരപ്രസാദദാനം നാം ഏവരിലും ദൈവകൃപയാൽ പൂർത്തിയാകട്ടെ!

ശുശ്രൂഷി.

നിത്യവും എന്നേക്കും, ആമ്മേൻ.

കാർമ്മികൻ:—

ദൈവം എനിക്കു ചെയ്ത എല്ലാ ഉപകാരങ്ങൾക്കും എന്തു പ്രതിനന്ദിയാണ് ഞാൻ അങ്ങേക്കു ചെയ്യേണ്ടതു? രക്ഷയുടെ കാസാ ഞാൻ കൈക്കൊള്ളുകയും കർത്താവിന്റെ നാമത്തെ വിളിക്കയും ചെയ്യും.

ശുശ്രൂഷി:—

സഹോദരരേ! സ്വർഗ്ഗപ്രാപ്തിക്കായി, ദിവ്യകുമാരന്റെ ശരീരത്തെ വിശ്വാസത്തോടെ നിങ്ങൾ കൈക്കൊള്ളുവിൻ! എന്നു സഭ കല്പിക്കുന്നു. തന്റെ കാസായെ മഹിമയോടെ ഉൾക്കൊള്ളുവിൻ!

ദിവ്യകാരുണ്യം ഉൾക്കൊള്ളുവാനുള്ളവരുണ്ടെങ്കിൽ,
'ഞാൻ പിഴയാളി' ചൊല്ലി കഴിയുമ്പോൾ
കാർമ്മികൻ ആശീർവ്വാദം നൽകുന്നു :-

സർവ്വ വല്ലഭനായ ദൈവം നിങ്ങളെ അനുഗ്രഹിച്ച്, നിങ്ങളുടെ സകല പാപങ്ങളും നിങ്ങളോടു പൊറുത്ത്, നിത്യായുസ്സിലേക്കു നിങ്ങളെ കൂട്ടികൊണ്ടു പോകട്ടെ! ആമ്മേൻ. ബാവാ, പുത്രൻ, റൂഹാദ്ക്കുദ്ശായായ സർവ്വ ശക്തനും ദയാപരനുമായ കർത്താവ്, നിങ്ങളുടെ എല്ലാ പാപങ്ങൾക്കും പൊറുതിയും മോചനവും ശുദ്ധീകരണവും നിങ്ങൾക്കു നൽകട്ടെ! ആമ്മേൻ.

തിരു ശരീരം കൈയിൽ എടുത്തുകൊണ്ടു
മൂന്നുപ്രാവശ്യം ചൊല്ലുന്നത് :-

ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവച്ചെമ്മരിയാട്ടിൻകുട്ടി ഇതാ! എന്റെ കർത്താവേ! അങ്ങുന്ന് അടിയന്റെ കുടിലിൽ പ്രവേശിപ്പാൻ അടിയൻ അയോഗ്യനത്രെ. എന്നാൽ അങ്ങുന്നു വാക്കാൽ മാത്രം കല്പിച്ചരുളുക. അടിയന്റെ ആത്മാവു സുഖം പ്രാപിക്കും.

ദിവ്യകാരുണ്യം കൊടുക്കുന്നു :-

നമ്മുടെ കർത്താവീശോമ്ശിഹായുടെ തിരു ശരീരം, വിരക്തനായ പട്ടക്കാരനു, (അഥവാ, ദൈവശുശ്രൂഷിക്കു, അല്ലെങ്കിൽ നിർമ്മലനായ വിശ്വാ

marggam
Digital Library of Christianity in India
www.marggam.com



നിക്കും, അല്ലെങ്കിൽ നിർമ്മലയായ വിശ്വാസി നിക്കു കുററങ്ങളുടെ ശുദ്ധീകരണത്തിനും നിത്ത്യായുസ്സിനും കാരണമാകട്ടെ! ആമ്മേൻ.

ആശീർവ്വചനങ്ങൾ :—

സർവ്വ വല്ലഭനായ ദൈവ പിതാവിൻെറയും പുത്രൻെറയും റൂഹാദ്ക്കുദ്ശായുടെയും ആശിസ്സു നിങ്ങളുടെമേൽ ഇറങ്ങി, നിങ്ങളുടെ ഹൃദയത്തിൽ എന്നന്നേക്കും വസിക്കട്ടെ! ആമ്മേൻ.

കാസാ കഴുകുമ്പോൾ ചൊല്ലുന്നു :—

സർവ്വ ലോകങ്ങളുടേയും നാഥനും ഞങ്ങളുടെ വർഗ്ഗത്തിൻെറ ആശയുമായ മ്ശിഹാ കർത്താവേ! ഞങ്ങൾ ഭുജിച്ച അങ്ങേ സജീവ ശരീരവും ഞങ്ങൾ പാനംചെയ്ത അങ്ങേ പരിശുദ്ധ രക്തവും അടിയങ്ങൾക്കു ശിക്ഷാവിധിക്കും പകരം വീഴ്ചക്കും ബലഹീനതയ്ക്കും അസ്വാസ്ഥതക്കും ഹേതുവാകല്ലേ! പിന്നെയോ, കുററ പരിഹാരത്തിനും പാപ മോചനത്തിനും അങ്ങേ സന്തോഷത്തിനും കാരണമാകട്ടെ! ആമ്മേൻ.

വിരലുകൾ കഴുകുമ്പോൾ ചൊല്ലുന്നതു :—

സകല ലോകങ്ങളുടേയും ഉടയവനും ഞങ്ങളുടെ വർഗ്ഗത്തിൻെറ ശരണവുമായ മ്ശിഹായേ! പരസ്യമായി അങ്ങേ തിരു ശരീരം ഉൾക്കൊണ്ട അടിയങ്ങളിൽ അങ്ങേ ശക്തി നിഗൂഢമായി വ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സിക്കട്ടെ! ഞങ്ങൾ ആമോദത്തോടെ അങ്ങേ എതിരേല്പിനു വന്ന്, അങ്ങേ തിരുമനസ്സ് നിറവേറുന്ന നീതിമാന്മാരോടുകൂടെ അങ്ങേക്ക് അത്യധികമായി സ്തുതി പാടട്ടെ! ആമ്മേൻ.

കാർമ്മികൻ വിരലുകളെ തുടയ്ക്കുമ്പോൾ:—

സർവ്വലോകങ്ങളുടേയും നാഥനും ഞങ്ങളുടെ വർഗ്ഗത്തിന്റെ ശരണവുമായ മ്ശിഹായേ! പീലാസായിൽനിന്നു അങ്ങേ തിരുശരീരത്തെ ഭുജിക്കയും കാസായിൽനിന്നു അങ്ങേ തിരുരക്തത്തെ പാനംചെയ്കയും ചെയ്തവരായ അടിയങ്ങൾ, അങ്ങേ ഇഷ്ടത്തെ നിറവേറുന്നവരായ നീതിമാന്മാരോടൊരുമിച്ച് (ആ നല്ല) മോഷ്ടാവിനോടുകൂടി സ്വർഗ്ഗത്തിൽ, അങ്ങേക്കു സ്തുതി പാടുന്നതിന് അടിയങ്ങളെ യോഗ്യരാക്കണമേ! ആമ്മേൻ.

ഇതിനിടയ്ക്കു ഗായകർ പാടുന്ന സംഗീതങ്ങൾ:

ഞായറാഴ്ചയും കർത്താവിന്റെ തിരുനാളുകളിലുമുള്ളത്:

അങ്ങേ കഷ്ടാനുഭവത്താൽ നിഷ്ഠുര മരണത്തെ ജയിച്ച ആരാധനീയ രാജാവായ ഞങ്ങളുടെ കർത്താവീശോമ്ശിഹായേ! ഉന്നതരാജ്യത്തിലെ നവമായ ആയുസ്സിനെ ഞങ്ങൾക്കു വാഗ്ദാനം ചെയ്ത ദൈവപുത്രാ! അടിയങ്ങളിൽനിന്ന് ഉപദ്രവങ്ങൾ ഒക്കെയും ദൂരീകരിക്കണമേ! അങ്ങേ പ്രസന്നമായ ആഗമനദിനത്തിൽ അങ്ങയെ പ്രതി

marggam
Digital Library of Christianity in India
www.marggam.com
www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഞങ്ങൾ പുനർജ്ജീവിച്ച്, അങ്ങേ ഇഷ്ടത്തിനൊ
ത്തവണ്ണം അങ്ങേ എതിരേററ്, അങ്ങുന്നു ഞ
ങ്ങളുടെ വർഗ്ഗത്തിന്നു ചെയ്തിട്ടുള്ള കൃപയെക്കുറി
ച്ച് "ഓശാന" വഴിയായി അങ്ങേ തിരുനാമത്തിന്നു
സ്തോത്രം പാടുന്നതിന്നുവേണ്ടി ഞങ്ങളുടെ നാട്ടി
ൽ ശുഭവും ധർമ്മവും അധിവസിപ്പിക്കണമേ! മ
ർത്ത്യരായ ഞങ്ങളുടെനേരെ അങ്ങയുടെ ദയ വ
ർദ്ധിച്ചു; പക്ഷമുള്ളവനായ അങ്ങുന്നു ഞങ്ങളുടെ
മനുഷ്യസ്വഭാവത്തിൽ കാണപ്പെട്ട് ശുദ്ധീകര
ണാമൃതം ഞങ്ങളുടെ കടങ്ങളെ തീർത്ത അങ്ങേ
കൃപാധിക്യത്തെക്കുറിച്ചു അങ്ങേ തിരുനാമത്തി
നു സ്തുതി. തന്റെ അനുഗ്രഹത്താൽ കുററങ്ങളെ
മോചിക്കുന്നവനെ! അങ്ങേ മഹത്വം അങ്ങേ
സ്ഥലത്തിൽ വാഴ്ത്തപ്പെട്ടതാകട്ടേ! അങ്ങേ ദൈവ
ത്വത്തിനു സ്തോത്രവണക്കങ്ങൾ ചെയ്യുന്നതിനും
അങ്ങേ കർതൃത്വത്തിന് എല്ലാപ്പോഴും സ്ഥിരമ
യി സ്തുതി പാടുന്നതിനും ഞങ്ങളേവരേയും യോ
ഗ്യരാക്കണമേ!

പരിശുദ്ധരുടെ തിരുനാളിലെ സംഗീതം:-

ഞങ്ങളുടെ കർത്താവേ! കുററപരിഹാരത്തിന്നായി
വിശുദ്ധ സാധനത്തെ സമർപ്പിക്കയും കൈക്കൊ
ള്ളുകയും ചെയ്ത കരങ്ങൾക്കു ശക്തി നൽകി, അ
വയെ, എല്ലാദിവസവും അങ്ങേ ദൈവത്വത്തി

### സാധാരണ ദിവസങ്ങളിലെ സംഗീതം:-

കർത്താവേ! വിശ്വാസത്തോടുകൂടി ഞങ്ങൾ കൈക്കൊണ്ട ദിവ്യകാരുണ്യം ഞങ്ങൾക്കു കുററപരിഹാരത്തിനു ഹേതുവാകണമേ! ത്രിലോകരാജാവായ മ്ശിഹായേ! അങ്ങുന്നു ദാസനും സ്രഷ്ടാവിനും സാദൃശ്യമാകുന്നു. അങ്ങയിൽ വിശ്വസിച്ച സകലരുടേയും മലിനതയെ, അങ്ങയുടെ മാംസവും രക്തവുംകൊണ്ടു ശുദ്ധീകരിക്കയും കടങ്ങളെ ക്ഷമിക്കയുംചെയ്തു. അങ്ങേയുടെ പരസ്യമായ ആഗമനത്തിങ്കൽ, ഞങ്ങൾ മനോവിശ്വാസത്തോടുകൂടെ അങ്ങേ എതിരേല്പിനു പുറപ്പെടുന്നതിനും സ്വർഗ്ഗീയ ഗണങ്ങളോടൊരുമിച്ചു ശാശ്വതമായി അങ്ങയെ സ്തുതിക്കുന്നതിനും ഞങ്ങളെവരേയും യോഗ്യരാക്കണമേ!

### ശുശ്രൂഷി പൂജക്രമപ്പുസ്തകം മാററുമ്പോൾ :—

അപ്പഴോ, സ്തുത്യവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഒരു ദിവ്യകാരുണ്യത്തിന്റെ സ്വീകരണത്തിനു വരുവാനും റൂഹാദ്കുദ്ശായുടെ വരപ്രസാദ ദാനത്താൽ ഭാഗഭാക്കാകുവാനും യോഗ്യരായ നാമെല്ലാവരും, ഇതിന്റെ ദായകനായ ദൈവത്തെ ഐകകണ്ഠ്യേന സ്തുതിച്ച് അങ്ങേക്ക് ഉപകാരസ്മരണ ചെയ്യണം ∗∗ തന്റെ അവർണ്ണനീയ ദാനത്തെക്കുറിച്ചു തനിക്കു സ്തുതി.

ശുശ്രൂഷികൾ:—

നമുക്ക പ്രാൎത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

കാൎമ്മികൻ ഞായറാഴ്ചയും തിരുനാളിലും

പാടുന്നതു:—

നിത്യപിതാവും നിത്യ കുമാരനും നിത്യ റൂഹാദ് കുദ്ശായുമായ സൎവ്വനാഥാ! അശരീരികളൊരുമിച്ച് അങ്ങേ തിരുനാമത്തെ സ്തുതിപ്പാനും, അങ്ങേ ദിവ്യകാരുണ്യ ദാനത്തെ കൈക്കൊള്ളുവാനും, അങ്ങേ ജീവപ്രദവും ദൈവികവുമായ തിരുവചനങ്ങളുടെ മാധുൎയ്യത്തെ ആസ്വാദിപ്പാനും, അങ്ങേ ഉന്നതമായ ദൈവത്വത്തിനു സൎവ്വനേരവും സ്തുതിസ്തോത്രങ്ങൾ പാടുവാനും, കൎത്താവേ! അങ്ങേ കൃപാധിക്യത്താൽ, മരണമുള്ള മനുഷ്യരുടെ ബലഹീനമായ പ്രകൃതിക്ക യോഗ്യത നൽകിയതിനാൽ അങ്ങേ മഹത്വത്തിന്റെ ആരാധനീയമായ നാമത്തിന് എല്ലാദിവസവും എല്ലാദിവസവും ഏതു കാലത്തും, മണിക്കൂറുകളിൽ ഒക്കയും ഉപകാരസ്മരണയും ആരാധനയും സ്തുതിയും ചെയ്യുന്നതു് ഉചിതവും ന്യായവുമത്രെ.

ഗായകർ:—

ആമ്മേൻ. സ്വാമീ ആശിസ്സു നൽകുക.

കാൎമ്മികൻ തുടൎന്നു പാടുന്നു :—

തന്റെ തിരുശരീരത്തേയും, സൎവ്വത്തും വിശുദ്ധീക

രിക്കുന്ന തന്റെ തിരുരക്തത്തേയും ഉൾക്കൊള്ളുവാൻ തന്റെ കൃപയാൽ നമ്മേ യോഗ്യരാക്കിയ നമ്മുടെ ഈശ്വരനും, കർത്താവും, രാജാവും, രക്ഷകനും ജീവപ്രദായകനുമായ മ്ശിഹാതന്നെ നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും ആലോചനകളിലും നടപടികളിലും തനിക്ക് ഇഷ്ടമുള്ളവരായിരിപ്പാൻ നമുക്ക് മനോഗുണം ചെയ്യട്ടേ! നാം കൈക്കൊണ്ടതും കൈക്കൊള്ളുന്നതുമായ ഈ ഉടമ്പടി, കടങ്ങളുടെ വിമോചനത്തിനും, പാപങ്ങളുടെ പൊറുതിക്കും, കുഴിമാടത്തിൽനിന്നുള്ള ഉയിർപ്പിന്റെ ഉറപ്പുള്ള ശരണത്തിനും, തന്റെ കൃപാധിക്യത്താൽ തനിക്കിഷ്ടപ്പെട്ട എല്ലാവരോടുംകൂടെ സ്വർഗ്ഗരാജ്യത്തിലെ നവമായ ആയുസ്സിനും സാക്ഷാൽ ഫ്യന്നതോക്കും നമുക്ക് ഉപകരണമായിരിക്കട്ടേ!

സാധാരണ ദിവസങ്ങളിൽ കാർമ്മികൻ

പാടുന്നത്:—

ബാവാ പുത്രൻ, റൂഹാദ്കുദ്ശാ ആയ നിത്യ സർവ്വേശ്വരാ കർത്താവേ! അങ്ങേ കൃപയും മനോഗുണവും നിമിത്തം ഞങ്ങളുടെ കടങ്ങളുടെ പൊറുതിക്കായി അങ്ങുന്നു ദയാപൂർവ്വം ഞങ്ങൾക്കു നൽകിയ മഹനീയവും പരിശുദ്ധവും ജീവപ്രദവും ദൈവികവുമായ ഈ ദിവ്യകാരുണ്യ ദാനത്തെക്കു

റിച്ച്, അങ്ങേ പ്രശസ്തമായ ത്രിത്വത്തിന്നു സ്തുതിയും ബഹുമാനവും ആരാധനയും നിത്യമായ ഉപകാരസ്മരണയും ചെയ്യുന്നതിന്നു ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

ഗായകർ :-

ആമ്മേൻ. സ്വാമീ ആശിസ്സു നൽകണമേ!

കാർമ്മികൻ തുടന്നു പാടുന്നു:-

സാക്ഷാൽ ഞങ്ങളുടെ വർഗ്ഗത്തിന്റെ നിത്യാശയായി അഭിഷേകിക്കപ്പെട്ടവനേ! പ്രശസ്തവും പരിശുദ്ധവും ജീവപ്രദവും ദൈവികവുമായ അങ്ങേ ദിവ്യരഹസ്യങ്ങൾ വഴിയായി ഞങ്ങളുടെ കടങ്ങളേയും പാപങ്ങളേയും പരിഹരിക്കുന്നവനും തെറ്റുകളെ ഉന്മൂലനം ചെയ്യുന്നവനുമായ മ്ശിഹായേ! അങ്ങേ ഉന്നതസ്ഥലത്തു്, വന്ദ്യമായ അങ്ങേ ബഹുമതി വാഴ്ത്തപ്പെട്ടിരിക്കുന്നു.

എല്ലാവരും ആരംഭത്തിലെതുപോലെ,

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാ. . .

എന്നുള്ളതു ചൊല്ലുന്നു. അനന്തരം

കാർമ്മികൻ ജപിക്കുന്നതു്:-

പ്രശസ്തവും പരിശുദ്ധവും ജീവപ്രദവും ദൈവികവുമായ തന്റെ ദിവ്യരഹസ്യങ്ങളിൽ, അങ്ങേക്കു നാം ശുശ്രൂഷയും ആചാര ബഹുമാനങ്ങളും ചെയ്ത നമ്മുടെ കർത്താവീശോമ്ശിഹാതന്നെ,

marggam
Digital Library of Christianity in India
www.marggam.com



അങ്ങേ രാജ്യത്തിന്റെ പ്രതാപ മഹിമകളും, അ
ങ്ങേ വിശുദ്ധ ദൂതരോടുകൂടിയുള്ള ആനന്ദത്തിനും,
അങ്ങേ മുഖപ്രസാദത്തിനും, ഉന്നത ഓറശ്ലമിൽ
അങ്ങേ വലത്തുഭാഗത്തുള്ള സ്ഥാനത്തിനും ന
മ്മെ യോഗ്യരാക്കട്ടെ! തന്റെ നിത്യാനുഗ്രഹവും
ദയയും നമ്മുടെമേലും ലോകമൊക്കെയിന്മേലും
സത്യസഭയുടെമേലും അവളുടെ സന്താനങ്ങളുടെ
മേലും ഇപ്പോഴും ✠ എപ്പോഴും ചിന്തപ്പെടട്ടെ!.

കാർമ്മികൻ ശുശ്രൂഷിയുടെനേരെ കുരിശടയാളം
വരക്കുമ്പോൾ അയാൾപറയുന്നതു്: —

സ്വാമീ! ആശിസ്സു നൽകണമേ!

കാർമ്മികൻ ജനങ്ങളെ ആശീർവ്വദിക്കുന്നതിനു
മുമ്പു പാടുന്ന സ്തുതിപ്പുകൾ:—

കർത്താവേ! അങ്ങേ തിരു ശരീരത്തിലും രക്തത്തി
ലും പ്രമോദിക്കുന്നതിന് അങ്ങു ഞങ്ങളെ യോ
ഗ്യരാക്കിയതുപോലെതന്നെ, കഴിഞ്ഞോ ഒഴി
ഞ്ഞോ പോകാത്തതായ അങ്ങേ രാജ്യത്തിൽ,
അങ്ങേ പരിശുദ്ധരേവരോടുംകൂടി ആനന്ദിക്കുന്ന
തിന് ഇപ്പോഴും എപ്പോഴും എന്നെന്നും ഞങ്ങ
ളെ യോഗ്യരാക്കണമേ!

വേറൊന്നു:—

തന്റെ ശരീരത്താൽ നമ്മുടെ കടങ്ങളെ മോ
ചിക്കയും തന്റെ രക്തത്താൽ നമ്മുടെ പാപങ്ങ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ളെ മാഹാത്മ്യവും ചെയ്തതിനായി, തന്റെ സഭയിൽ സ്തുതി. തന്റെ വാഴ്ത്തപ്പെട്ട ജനമേ! നിങ്ങളുടെമേൽ — തന്റെ ഭരണത്തിൽപ്പെട്ട അജക്കൂട്ടമേ! നിങ്ങളുടെമേൽ — തന്റെ വരപ്രസാദം താൻ ചിന്തട്ടേ! തന്റെ അനുഗ്രഹവും ആശിസ്സും നിങ്ങൾക്കു ധാരാളമായി നൽകട്ടേ! ഇപ്പോഴും എപ്പോഴും എന്നന്നേക്കും തന്റെ പരിപാലനയുടെ വലത്തുകൈ നിങ്ങളെ ആദരിക്കട്ടേ!

### ഭാഗ്യപ്പെട്ട കന്യകയും ദൈവ ജനനിയുമായ പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള സ്തുതിപ്പ്.

മറിയമേ! ബ്രഹ്മചാരിണിയായ നീ, ആകാശഭൂലോകങ്ങൾ മുഴുവനിലും നിറഞ്ഞിരിക്കുന്ന സർവ്വവല്ലഭന്, മാതായി തീർന്നതിനാൽ നിനക്കു സ്വസ്തി.

മറിയമേ! നീ കന്യകയായിരുന്നുകൊണ്ട്, സൂര്യനുമുമ്പായിത്തന്നെ, തന്റെ നാമം ഉണ്ടായിരുന്ന ആ പൂർവ്വികന്, അമ്മയായിത്തീർന്നതിനാൽ നിനക്കു ശുഭം.

മറിയമേ! കളിമണ്ണുകൊണ്ട് ആദത്തെ ആകൃതിപ്പെടുത്തിയ സ്രഷ്ടാവിന്ന് നിന്റെ ബ്രഹ്മചര്യത്തോടുകൂടി മാതാവായതിനാൽ നിനക്കു സ്വസ്തി.

മറിയമേ! ഹാവായെ ഉരുവാക്കി ആദത്തിനു ന
ൽകിയ ആ ശ്രുപീകരന്ന് നിന്റെ പാതിപ്രത്യ
ത്തോടുകൂടി അമ്മയായി തീർന്നതിനാൽ, നിന
ക്കു മംഗളം.

മറിയമേ! ലേവിപുത്രന്മാർക്കു വിശുദ്ധവസ്തു ഭാഗി
ച്ചുകൊടുത്ത ദൈവത്തിനു പരിശുദ്ധതയോടുകൂ
ടി മാതാവായി തീർന്നതിനാൽ ഭാഗ്യപ്പെട്ടവൾ നീ.

മറിയമേ! പിതാവാകു ദൈവത്തിന്റെ ഏക ജ്ഞാ
തനും കതിരും സ്വ പുത്രനുമായ താൻ നിന്റെ
ഉദരത്തിൽ വസിച്ചതിനാൽ ഭാഗ്യവതി നീ.

മറിയമേ! സകല സൃഷ്ടികളേയും തീററിപ്പോററു
ന്ന ആൾ നിന്റെ മുലപ്പാൽ കുടിച്ചതിനാൽ
ആശീർവ്വദിക്കപ്പെട്ടവൾ നീ.

മറിയമേ! സ്വർഗ്ഗീയ സൈന്യം ആഘോഷപൂർവ്വം
വഹിച്ചുകൊണ്ടുനടക്കുന്ന അത്യുന്നതന്റെ പുത്ര
നെ നിന്റെ മടിയിൽ കിടത്തുകയും നിന്റെ ഭുജ
ങ്ങളിൽ സബഹുമാനം വഹിക്കയും ചെയ്തതിനാ
ൽ അനുഗൃഹീതാ നീ.

നിന്നിൽനിന്നു ജനിച്ച പുത്രൻ, സകല സകല
സൃഷ്ടികളുടേയും ശാപത്തെ നിർമ്മൂലമാക്കിയതി
നാൽ എല്ലാ തലമുറകളും നിന്റെ കന്യകാപ്ര
തത്തിനു മംഗളം ആശംസിക്കട്ടെ!

ഞങ്ങളും നിന്റെ ബ്രഹ്മചര്യത്തെ ഇപ്പോൾ വ

- ഫാൻ -

ഞങ്ങളിക്കൊണ്ടും നിന്നോട്ടു ഭക്തിപൂർവ്വം അപേക്ഷിച്ചുകൊണ്ടും മംഗളമാശംസിക്കും.

നിന്റെ ഓർമ്മദിനത്തെ ബഹുമാനപൂർവ്വം കൊണ്ടാടിയ ജനത്തിനു ധാരാളമായ അനുഗ്രഹങ്ങൾ ചിന്തുന്നതിന്, പരിശുദ്ധയായ നിന്നിൽനിന്നു ജനിച്ച നാഥനോട്ടു ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

നിന്റെ പ്രാർത്ഥനകൾ വഴിയായി ഒരു പൂജയെ ഞങ്ങളിൽനിന്നു താൻ സ്വീകരിച്ച്, ഞങ്ങളെ താൻ സദാ ഇഷ്ടപ്പെടട്ടെ!

ഈ മറിയത്തിൽ നിന്നു ജനിച്ചവനും ഏക ആളിൽ രണ്ടു സ്വഭാവവും മനസ്സുമുള്ള മനുഷ്യനുമായ് തീർന്ന കർത്താവേ! അങ്ങേക്കു സ്തുതി. വിഭിന്നമായി ത്രി ഏകദൈവമായിരിക്കുന്ന അങ്ങേക്കും അങ്ങേയോടുകൂടി അങ്ങേ പിതാവിനും പരിശുദ്ധാത്രൂപിക്കും ഇപ്പോഴും എപ്പോഴും എന്നന്നേക്കും സ്തോത്രം.

മരിച്ചവർക്കുവേണ്ടിയുള്ളത് —

കർത്താവേ! ഞങ്ങളുടെ പ്രാർത്ഥനയുടെ സ്വരം ദയവോടെ ശ്രവിക്കണമേ! ഞങ്ങളുടെ അപേക്ഷ അങ്ങേ സന്നിധിയിൽ പ്രവേശിക്കട്ടെ! ഞങ്ങളുടെ ബലികളും കാഴ്ചകളും അങ്ങു സ്വീകരിച്ച്, ഞങ്ങളിൽനിന്നു മരിച്ചിരിക്കുന്നവരുടെ കടങ്ങ

ൾക്ക വിമോചനം നൽകണമേ! പ്രാരംഭക്കാര
നായ ഹാബേൽ അൎപ്പിച്ച പ്രഥമ പൂജപോലെ
യും, നിഷ്കളങ്കനും ശുദ്ധനുമായ നോഹും, ക
ൎത്താവിൽ വിശ്വസ്തനായ അബ്രാഹവും, പീ
ഡകൾ സഹിച്ചവനായ യോബും, സത്യപ്രവാ
ചകനായ ഏലിയായും, സെഹിയോൻ മാളി
കയിൽവച്ച പ്രേഷകരും, അൎപ്പിച്ച പൂജപോ
ലെയും, ആ വിധവയുടെ തുട്ടകാശുപോലെയും,
അങ്ങേ ദാസൻെറ (അഥവാ ദാസിയുടെ) പൂജ
യേയും അങ്ങേ ദയയാൽ സ്വീകരിക്കുകയും, അ
ങ്ങേക്ക് ഇഷ്ടമുള്ളവരായിത്തീൎന്ന നീതിമാന്മാര
ഖിലരോടുംകൂടെ അങ്ങേ രാജകീയ മണവറയി
ലേക്ക ഠരം ആളിനു പ്രവേശം നൽകയും ചെയ്യ
ണമേ! ഞങ്ങളുടെ കൎത്താവേ! ഠരം ആളിൻെറ
ബലിയെ കൈക്കൊണ്ട്, ഇയ്യാളുടെ കടങ്ങൾക്ക
പൂൎണ്ണമായ മോചനം നൽകണമേ! ഇയ്യാളുടേ
യും ഇയ്യാളുടെ സഖാക്കളേവരുടേയും തെററുക
ളെ മാച്ചണമേ! ദയാലുവായ കൎത്താവേ! ഭാഗ്യ
പ്പെട്ടവരായ നീതിമാന്മാരോടുകൂടി, പാവപ്പെട്ട
ഠരം ആളിന് ആദ്ധ്യാത്മിക സിംഹാസനത്തിനു
ള്ള യോഗ്യത നൽകണമേ! മഹത്വവും ഭാഗ്യ
വുമുള്ളതായ സ്ഥലത്തിലെ വിശ്രമവും ബഹുമാ
നവും ശാശ്വതമായ സന്തോഷവും ഇന്നുമുതൽ

ഇയ്യാൾക്കു കല്പിച്ചരുളണമേ! അവിടെ ത്രി ഏക സ്വഭാവത്തിന്, സ്തുതിസ്തോത്രങ്ങളും ബഹുമാന വണക്കങ്ങളും ഇടമുറിയാതെ സദാകാലവും ഇയ്യാൾ ചെയ്യുമാറാകട്ടെ! ഇന്നത്തെ ഈ തിരുകർമ്മത്തിൽ ഔത്സുക്യമുള്ളവരായിരുന്ന ആബാലവൃദ്ധരും ഈ സദസ്സിലെ ഗായകരുമായ സകലരും ദൈവാനുഗ്രഹത്താൽ പാപപ്പൊറുതിക്കു യോഗ്യരാകട്ടെ! യോഗ്യതാനുസാരം, ഈ സംഘത്തേയും ഈ വസതിയേയും, ആളുകളേയും, ലോകത്തിൽ ഞങ്ങൾ എല്ലാവരേയും ഇപ്പോഴും എപ്പോഴും എന്നന്നേക്കും സമ്പൂർണ്ണമായി ആശീർവ്വദിക്കണമേ! ഞങ്ങളുടെ കർത്താവേ! ആമ്മേൻ.

കാർമ്മികൻ മദ്ബഹായോടു യാത്ര
പറയുമ്പോൾ ചൊല്ലുന്നതു് :—

ശുദ്ധീകരണ ബലിപീഠമേ! വിശ്രമിച്ചുകൊള്ളുക! ഞങ്ങളുടെ നാഥൻെറ പ്രേതാലയമേ! നിനക്കു സ്വസ്തി! നിന്നിൽനിന്നു ഞാൻ കൈക്കൊണ്ട ദിവ്യകാരുണ്യം എനിക്കു, കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ വിമോചനത്തിനും ഹേതുവാകട്ടെ! വേറൊരു പൂജ. നിൻെറമേൽ അർപ്പിക്കുന്നതിനു ഞാൻ വരുമോ ഇല്ലയോ എന്നു് എനിക്കറിഞ്ഞുകൂടാ.

—: (X) :—

marggam Digital Library of Christianity in India www.marggam.com
www.TheCMSIndia.org CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com



## മരിച്ചവർക്കുവേണ്ടിയുള്ള പൂജാനന്തരം
## കഴിമാടത്തിങ്കൽ നടത്തപ്പെടുന്ന ജപങ്ങൾ.

പരിശുദ്ധനായ രാജാവേ! ഞാൻ അങ്ങേ പുക
ഴ്ത്തും ✡ ഞങ്ങളുടെ രാജാവും രക്ഷകനുമായ മ്ശി
ഹായ! അങ്ങേ ആഗമനദിനത്തിൽ അടിയനെ
ഉയിർപ്പിക്കണമേ! അങ്ങേ മഹത്വം പ്രശോഭിക്കു
ന്ന ദിവസത്തിൽ അങ്ങേ വലതുഭാഗത്ത് അടി
യനെ നിർത്തണമേ! എന്റെ ദൈവമേ! നിന്നിൽ
ഞാൻ ആശ്രയിച്ചു; ഞാൻ ലജ്ജിക്കയില്ല ✡ എ
ന്റെ കർത്താവേ! അങ്ങേ സ്ലീവായെ ഞങ്ങൾ വ
ണങ്ങുന്നു. എന്തുകൊണ്ടെന്നാൽ, അതുമൂലമാ
ണ് ഞങ്ങളുടെ ഉയിർപ്പും നവീകരണവും; ഞങ്ങളി
ൽനിന്നും മരിച്ചുപോയിട്ടുള്ളവർ അതുവഴിയായി
പുനർജ്ജീവിക്കുകയും, അവരുടെ ശരീരങ്ങൾ സ്തു
തിയെ ധരിക്കുകയും ചെയ്യും. ആകാശവും ഭൂമി
യും അവിടുത്തെ സ്വന്തമാകുന്നു ✡ കർത്താവേ! ഇ
ഹപരലോകങ്ങളും അവിടുത്തേതായുള്ളതാകുന്നു. ജീ
വനോടുകൂടിയിരിക്കുന്നവരെ അങ്ങേ കൃപയാൽ
കാക്കണമേ! മരിച്ചവർക്ക് ഉയിർപ്പു പ്രദാനം ചെ
യ്യണമേ!. ദൈവം തന്റെ വാക്കുകളിൽ വിശ്വ
സ്തനാകുന്നു ✡ ഗാഗുൽത്താമലയിൽവച്ച് നിന്നി
ൽനിന്ന്, കള്ളനു ലഭിച്ച വാഗ്ദാനത്തെ നിന്റെ
ത്രിത്വത്തിൽ, വിശ്വസിച്ചനുസരിച്ചവരായി ഞാ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

ങ്ങളിൽനിന്ന് മരിച്ചവർക്കും സിദ്ധിക്കണമേ! അ
ഗതികൾ ഭക്ഷിച്ച തൃപ്തിപ്പെടട്ടേ ✡ ഞങ്ങളുടെ
നാഥാ! ഇത്താന്നസ്സാനംവഴിയായി, അങ്ങേ ധരി
ച്ച മരിച്ചവരുടെ ജഡങ്ങൾ, പാപക്കറകളി
ൽനിന്ന്, അങ്ങുവഴിയായി, വെൺമയാകട്ടേ!
തന്റെ ആനന്ദത്തിൽ അവർ സന്തോഷിക്കും ✡
ഞങ്ങളുടെ കർത്താവേ! അങ്ങേ തിരു ശരീരത്തെ
ഭക്ഷിക്കുകയും, തിരുരക്തത്തെ പാനംചെയ്കയും,
ചെയ്ത മരിച്ചവരുടെ സ്മരണ നീതിമാന്മാർ വസി
ക്കുന്ന സ്ഥലത്താകണമേ! ജലബിന്ദുക്കൾ വഴി
യായി, ഭൂമിയിലെ സസ്യാദികൾ വളന്ന് സമൃ
ദ്ധിയാകും ✡ മഴ യാതൊരു മൂലത്തേയും മുളപ്പി
ക്കാതെ, ഭൂമിയിൽ ഇട്ടേക്കുകയില്ല. (ഇപ്രകാരം)
മ്ശിഹായും യാതൊരംഗത്തേയും ഉയിർപ്പിക്കാതെ
ഭൂഗർഭത്തിൽ ഇട്ടേക്കുകയില്ല. അവയിലൊന്നും ന
ശിച്ചുപോകയില്ല ✡ മരിച്ചഒരുവൻപോലും ഭൂഗർഭ
ത്തിൽ വിസ്മരിക്കപ്പെടുകയില്ല. യാതൊരംഗവും
അതിൽ ശേഷിക്കുകയില്ല. എന്തുകൊണ്ടെന്നാൽ
നല്ലവരേയും തണ്ട്യവരേയും ഭേദംകൂടാതെ ഉയിർപ്പി
ക്കുന്നസ്ഥലം ഒന്നുതന്നെയാകുന്നു. ബാവായ്ക്കും പു
ത്രനും റൂഹാദ്കുദ്ശായ്ക്കും സ്തുതിയുണ്ടാകട്ടേ ✡ പി
താവായ ദൈവമേ! അടിയനെ ജീവിപ്പിക്കണ
മേ! അഭിഷിക്തനായ പുത്രൻതമ്പുരാനേ! മരിച്ച



www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

" ഫ്രമ്ല "

അടിയനെ ഉയൎത്തിക്കണമേ! ആശ്വാസപ്രദനാ
യ റൂഹാദ്ക്കുദ്ശാതമ്പുരാനേ! പ്രകാശമുള്ള ദേ
ശത്തു അടിയനെ എത്തിക്കണമേ! അനവരതം
അപ്രകാരമാകട്ടെ ☆ സൎവ്വത്തും തന്റെ നേത്രങ്ങൾ
ക്ക് പ്രസ്പഷ്ടമായിരിക്കുന്ന മ്ശിഹാ രാജ്ഞാവേ!
അങ്ങേ നീതിയുള്ള വിധിസ്ഥലത്തു്, എന്റെ മ
ലിനതകളെ വെളിപ്പെടുത്തല്ലേ. ആമ്മേനാമ്മേ
നെന്നു ജനം മുഴുവനും പറയും ☆ തന്റെ സ
ത്യത്തിൽ ഞങ്ങളെ സ്ഥിരീകരിച്ച പിതാവായ
ദൈവമേ! അങ്ങേ ജ്ഞാനസ്നാനം വഴിയായി
ഞങ്ങളെ വിശുദ്ധീകരിച്ച പുത്രൻതമ്പുരാനേ!
ഞങ്ങളുടെ സൈന്യനിരയെ നശിപ്പിക്കുന്ന അ
ത്യാഗ്രഹിയായ മരണത്തെ ഞങ്ങളിൽനിന്നു്
തടയണമേ!

നമുക്കു പ്രാൎത്ഥിക്കാം. സമാധാനം നമ്മോടുകൂടി.

പ്രാൎത്ഥന :—

ബാവാ പുത്രൻ റൂഹാദ്ക്കുദ്ശായായ നിത്യ സ
ൎവ്വേശ്വരാ! അങ്ങേ കൃപ ഞങ്ങളെ ആദരിക്കട്ടെ.
അങ്ങേ ദയ ഞങ്ങളുടെ പാപങ്ങളെ വിമോചി
ക്കട്ടെ. ഞങ്ങളുടെ മരണത്തിന്റെയും, ജീവന്റെ
യും ഉടയവനായ അവിടുന്നു സൃഷ്ടിച്ച രണ്ടു
ലോകങ്ങളിലും, അങ്ങേ ആരാധനക്കാരുടെ സ
ഹായത്തിനു്, പ്രശസ്തമായ അങ്ങേ ത്രിത്വത്തി

ൻ നിത്യാനുഗ്രഹമുണ്ടാകട്ടേ! ആമ്മേൻ.

സ്വാമീ! ആശീൎവ്വദിക്കണമേ.

ഞങ്ങളുടെ ജീവന്റെ കാരണഭൂതനും, ഞങ്ങളു
ടെ ആത്മാവിന്റെ നല്ല ആശയും, ഞങ്ങളുടെ
മരണത്തിന്റെയും, ആയുസ്സിന്റെയും, ഉടയവ
നുമായ നിത്യ പിതാവും, നിത്യ കുമാരനും, നി
ത്യ റൂഹാദ്കുദ്ശായുമായ, അങ്ങ് ഭൂമിയിൽ വാ
ഴ്ത്തപ്പെട്ടവനും, സ്വൎഗ്ഗത്തിൽ സ്തുതിക്കപ്പെട്ടവനു
മാകട്ടേ. ആമ്മേൻ.

ഞങ്ങളുടെ കൎത്താവേ! അങ്ങേ ദാസൻ ശുദ്ധ
ഹൃദയത്തോടും, വിശ്വാസത്തോടുംകൂടെ അൎപ്പി
ച്ച ഈ ബലിയെ അങ്ങ് സ്വൎഗ്ഗത്തിൽ സ്വീ
കരിക്കണമേ ☆

ഞങ്ങളുടെ കൎത്താവേ! അങ്ങേ ദാസൻ . . . .

സ്വാമീ! ആശീൎവ്വദിക്കണമേ.

മ്ശിഹാ താങ്കളെ ആശീൎവ്വദിക്കട്ടേ.

പൂൎവ്വ പിതാക്കന്മാരും, നീതിമാന്മാരും, പരിശു
ദ്ധന്മാരുമായ, നോഹ്, അബ്രാഹം, ഇസഹാ
ക്ക്, യാക്കോബ്, നിൎമ്മലനായ യൌസേപ്പ് എ
ന്നിവരുടെ ബലികൾപോലെ ☆ ഞങ്ങളുടെ ക
ൎത്താവേ! അങ്ങേ ദാസൻ . . . .

ഊട്ടുശാലയിൽവച്ച്, ശ്ലീഹന്മാർ അൎപ്പിച്ച ബ
ലിപോലെ ഈ ബലിയും അങ്ങേ സന്നിധാന

തിങ്കൽ പ്രവേശിക്കട്ടേ, സ്വർഗ്ഗത്തിൽ സ്വീകരി
ക്കപ്പെടട്ടെ * ഞങ്ങളുടെ കർത്താവേ! . . . .

### പുരോഹിതന്മാരക്കുറിച്ചുള്ള വാക്യം. (ശൂറായാ)

കർത്താവേ! ദാവീദിനേയും അദ്ദേഹത്തിന്റെ മുഴു
വനായ എളിമസ്ഥിതിയേയും ഓൎക്കണമേ * മരി
ച്ചവരെ ജീവിപ്പിക്കുന്നവനായ അങ്ങേ നാമ
ത്തിന്ന് സ്തുതി. ദാവീദിനേയും അയാളുടെ എളി
മാവസ്ഥ മുഴുവനേയും കർത്താവേ! ഓൎക്കണമേ.
എന്തുകൊണ്ടെന്നാൽ, യാക്കോബിന്റെ ദൈ
വമായ കർത്താവിനോട്ട് അയാൾ ഉറപ്പായിട്ടുചെ
യ്ത ശപഥമെന്തെന്നാൽ, കർത്താവിന്ന് ഒരിടവും,
സത്യദൈവത്തിന്ന്, ഒരു കൂടാരവും, ഞാൻ കണ്ടെ
ത്തുന്നതുവരെക്കും, എന്റെ വസതിക്കകത്ത് ഞാ
ൻ പ്രവേശിക്കുകയാകട്ടെ, എന്റെ കട്ടിലിന്മേ
ൽ ഞാൻ കിടക്കുകയാകട്ടെ, ഉറങ്ങുകയാകട്ടേ,
ഉറക്കം തൂക്കുകയാകട്ടെ ചെയ്കയില്ല. ഇതാ, ബേ
ത്ലഹമ്മിൽ അതുണ്ടെന്നു കേട്ടു. വയലുകളിൽ
അതിനെ നാം കണ്ടെത്തി. തന്റെ കൂടാരത്തി
ൽ നാം പ്രവേശിച്ച് തന്റെ പാദപീഠത്തെ വ
ണങ്ങണം. കർത്താവേ! അങ്ങു വിശ്രമത്തിനാ
യിട്ട് എഴുന്നേൽക്കുക. അവിടുന്നും അങ്ങേ ശ
ക്തിയുടെ പെട്ടകവും. അങ്ങേ പുരോഹിതർ നീ

തിയേയും നീതിമാന്മാർ സ്തുതിയേയും ധരിക്കട്ടെ. ബാവായ്ക്കും പുത്രനും റൂഹാദ്കുദ്ശായ്ക്കും സ്തുതിയായിരിക്കട്ടെ. അനവരതകാലം അപ്രകാരം തന്നെ ആയിരിക്കട്ടെ. ദാവീദിനേയും അയാളുടെ മുഴുവനായ എളിമാവസ്ഥയേയും കർത്താവേ! സ്മരിക്കണമേ. മരിച്ചവരെ ജീവിപ്പിക്കുന്നവനായ അങ്ങേ നാമത്തിന് സ്തുതി. നമുക്ക് പ്രാർത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

### പുരുഷന്മാരെക്കുറിച്ചുള്ള വാക്യം. (ശുറായാ.)

എന്റെ ദുഷ്ടതയിൽനിന്ന്, വീണ്ടും വീണ്ടും എന്നെ ധവളീകരിക്കണമേ. മരിച്ചവരെ ജീവിപ്പിക്കുന്നവനായ അങ്ങേ നാമത്തിന് സ്തുതി. എന്റെ ദുഷ്ടതയിൽനിന്നും വീണ്ടും വീണ്ടും എന്നെ വെണ്മയാക്കണമേ. എന്റെ പാപങ്ങളിൽനിന്ന് എന്നെ ശുദ്ധികരിക്കണമേ. എന്തെന്നാൽ, എന്റെ കുററങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങൾ സദാ എന്റെമുമ്പിൽ ഉണ്ടായിരിക്കുന്നു. അങ്ങേക്കു എതിരായിട്ടു തന്നെ ഞാൻ പാപം ചെയ്തു. അങ്ങേ സന്നിധിയിൽ തിന്മകളെ ഞാൻ പ്രവർത്തിച്ചു. അതിനാൽ അങ്ങേ വാക്കിൽ അങ്ങ് നീതീകരിക്കപ്പെട്ടും, അങ്ങേ വിധികളിൽ അവിടുന്നു ജയിക്കും. എന്തുകൊണ്ടെന്നാൽ, ദുഷ്ടതയിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ

മാതാവു എന്നെ ഗൎഭംധരിച്ചു. എന്നാൽ, അങ്ങ് നീതിയിൽ ഇഷ്ടപ്പെട്ടു. അങ്ങേ ജ്ഞാനത്തിന്റെ രഹസ്യങ്ങളെ എന്നെ ഗ്രഹിപ്പിച്ചു. സോപ്പാകൊണ്ടു, എന്നെ തളിക്കുക. ഞാൻ ശുദ്ധമാകും. അതുകൊണ്ട്, എന്നെ വെളുപ്പിക്കുക. വെണ്മഞ്ഞിനേക്കാൾ ഞാൻ വെൺമയുള്ളവനാകും. അങ്ങേ പരമാനന്ദത്താൽ എന്നെ തൃപ്തിപ്പെടുത്തേണമേ. എന്റെ ഹീനമായ അസ്ഥികൾ സന്തോഷിക്കട്ടെ. എന്റെ പാപങ്ങളിൽനിന്നു അങ്ങേ മുഖത്തെ തിരിക്കണമേ. എന്റെ സകല കുററങ്ങളേയും അങ്ങ് മായിച്ചുകളയണമെ. ബാവായ്ക്കും പുത്രനും റൂഹാദ്കുദ്ശായ്ക്കും സ്തുതിയായിരിക്കട്ടേ. അനവരതം അപ്രകാരം ആയിരിക്കും. എന്റെ ദുഷ്ടതയിൽനിന്നു വീണ്ടുംവീണ്ടും എന്നെ ധവളീകരിക്കണമേ. മരിച്ചവരെ ജീവിപ്പിക്കുന്നവനേ അങ്ങേ നാമത്തിനു സ്തുതി. നമുക്കു പ്രാൎത്ഥിക്കാം. സമാധാനം നമ്മോടുകൂടെ.

### സ്ത്രീകളെക്കുറിച്ചുള്ള വാക്യം. (ശുറായാ.)

സ്വൎഗ്ഗസ്ഥനായ അങ്ങേ അടുക്കലേയ്ക്കു എന്റെ നേത്രങ്ങളെ ഞാൻ ഉയൎത്തി. മരിച്ചവരെ ജീവിപ്പിക്കുന്നവനേ! അങ്ങേ തിരുനാമത്തിനു സ്തുതി. സ്വൎഗ്ഗത്തിൽ നിവസിക്കുന്ന അങ്ങേ അടുക്കലേയ്ക്കു എന്റെ കണ്ണുകളെ ഞാൻ ഉയൎത്തി, ദാസ

ന്മാർ തങ്ങളുടെ യജമാനന്മാരുടെ പക്കലേക്ക
ന്നതുപോലേയും, ദാസി തന്റെ നാഥയുടെ അ
ടുക്കലേക്കുന്നതു പോലേയും, ഞങ്ങളുടെ തമ്പു
രാൻകർത്താവേ! അങ്ങു് ഞങ്ങളെ അനുഗ്രഹിക്കു
ന്നതുവരെക്കും ഞങ്ങളുടെ കണ്ണുകളെ അങ്ങേ അ
ടുക്കൽ, ഞങ്ങൾ ഉയർത്തി; കർത്താവേ! ഞങ്ങളെ
അനുഗ്രഹിക്കേണമേ. ഞങ്ങളുടെമേൽ ദയയായി
രിക്കേണമേ. ബാവായ്ക്കും പുത്രനും റൂഹാദ്കുദ്
ശായ്ക്കും സ്തുതി. അനവരതം അപ്രകാരമായിരിക്ക
ട്ടെ. സ്വർഗ്ഗത്തിൽ നിവസിക്കുന്നവനേ! അങ്ങേ
അടുക്കലേക്കു് എന്റെ നേത്രങ്ങളെ ഞാനുയ
ർത്തി. മരിച്ചവരെ ജീവിപ്പിക്കുന്നവനേ! അങ്ങേ
നാമത്തിനു് സ്തുതി. നമുക്കു പ്രാർത്ഥിക്കാം. സമാ
ധാനം നമ്മോടുകൂടെ.

പ്രാർത്ഥന.

ബാവാ പുത്രൻ റൂഹാദ്കുദ്ശാ ആയ, നീതി
മാനും, കരുണനിറഞ്ഞ വിധിയാളനും, പാപ
ങ്ങളേയും കുററങ്ങളേയും മോചിക്കുന്നവനും, ഞ
ങ്ങളുടെ മരണത്തിന്റെയും ജീവന്റെയും ഉട
യനാഥനുമായ കർത്താവേ! താല്ക്കാലികമായ ഒ
രു ഉയർപ്പിലേക്കു, ലാസറിനെ വിളിച്ചെഴുന്നേല്പി
ച്ച ജീവനുള്ളതും ജീവൻ നൽകുന്നതുമായ അങ്ങേ
സ്വരം തന്നെ സ്വർഗ്ഗത്തിൽനിന്നു് അങ്ങേ നീതി
-----

പ്രത്യക്ഷപ്പെടുവാനിരിക്കുന്നു, വലിയതും, മഹത്വമുള്ളതുമായ ദിവസത്തിൽ, അങ്ങേ ദാസനെ (അഥവാ ദാസിയെ) വിളിച്ചെഴുന്നേല്പിച്ച് അങ്ങേ വലത്തുഭാഗത്ത് നിർത്തട്ടെ. ആമ്മേൻ.

സ്വാമീ! ആശിസ്സു നൽകുക.

കൂട്ടജപം.

മരിച്ചവരെ അങ്ങേ ദയയാൽ, ജീവിപ്പിക്കണമേ. ജീവിച്ചിരിക്കുന്നവരെ അങ്ങേ കൃപാധിക്യത്താൽ കാക്കണമേ. ഞങ്ങളുടെ മരണത്തിന്റെയും ആയുസ്സിന്റെയും ഉടയവനായ അങ്ങ്, ജീവിപ്പിക്കുമെന്നുള്ള ആശയോടെ മരിച്ചിരിക്കുന്നവർക്ക് വിശേഷവിധിയായ ഉയിർപ്പ് നൽകണമേ. നിത്യപിതാവും നിത്യകുമാരനും നിത്യ റൂഹാദ്കുദശായുമായ ദൈവമേ!

ആമ്മേൻ.

സ്വാമീ! ആശീർവ്വദിക്കണമേ.

നിങ്ങളുടെ അനുമതി.

മ്ശിഹായുടെ കല്പന.

അൽമേനികൾക്കുവേണ്ടിയുള്ള

അവസാന പ്രാർത്ഥന.

സർവ്വനാഥനായ ദൈവം തനിക്കു പ്രസാദിച്ചവരും തന്റെ ഇഷ്ടാനുസാരം ജീവിച്ചവരുമായ സകല നീതിമാന്മാരോടും പരിശുദ്ധന്മാരോടുംകൂടെ

വിശേഷ വിധിയായ ഉയൎപ്പും ഉന്നത ഓറശ്ലമിൽ നീതിയുടെ പ്രശസ്തമായ ഉത്ഥാനവും അവസാനമില്ലാത്ത ശോഭനമായ സ്തുതിയും അയാൾക്ക് (അഥവാ അവൾക്ക്) നൾകട്ടെ. നമ്മുടെ കൂട്ടത്തിൽനിന്ന് മരിച്ചിരിക്കുന്ന ഈ ക്രിസ്തീയ അംഗത്തെ സംസ്കരിക്കുന്നതിന് വന്ന് ആഘോഷബഹുമാനപൂൎവ്വം അനുയാത്രചെയ്ത നമ്മുടെ കൂട്ടത്തിനും, ഗണം മുഴുവനും ഈ അംഗത്തിനും വന്ദനീയനായ നമ്മുടെ ദൈവത്തിന്റെ അനുഗ്രഹവും കൃപയും വന്നിറങ്ങി സ്ഥിരമായി അവരിൽ അധിവസിക്കട്ടെ. ഇപ്പോഴും എല്ലായിപ്പോഴും ഈ അംഗത്തിന്മേൽ ഉണ്ടായിരിക്കട്ടെ. ആമ്മേൻ,

സ്വാമി ആശീൎവ്വദിക്കണമേ.

നീതിമാന്മാർ വസിക്കുന്ന സ്ഥലത്തിൽ അടങ്ങിയ ദാസന്റെ (അഥവാ ദാസിയുടെ) ആത്മാവിനെ സമാശ്വാസിപ്പിക്കണമേ കൎത്താവേ.

പുരോഹിതരെക്കുറിച്ചുള്ള അവസാന പ്രാൎത്ഥന.

സൎവ്വത്തിന്റെയും കൎത്താവായ ദൈവം, തന്നെ പ്രസാദിപ്പിച്ച്, തന്റെ ഇഷ്ടാനുസാരം ജീവിതം നയിച്ച നീതിമാന്മാരും പുണ്യവാന്മാരുമായ പിതാക്കന്മാരേവരോടുംകൂടെ അദ്ദേഹത്തിന് വിശേഷ വിധിയായ ഉയൎപ്പും, പ്രശസ്തമായ ഉത്ഥാന

വും പ്രദാനം ചെയ്യട്ടേ. നമ്മുടെ കൂട്ടത്തിൽനി
ന്നു മരിച്ചിരിക്കുന്ന ൟ ക്രിസ്ത്തീയ അംഗത്തെ
സാഘോഷം ബഹുമാനപൂർവ്വം അനുയാത്രചെയ്തു
ഭൂമിദാനംചെയ്ത നമ്മുടെ ഗണം മുഴുവന്റെമേ
ലും, വന്ദനീയനും നമ്മുടെ കർത്താവും രാജാവും,
രക്ഷകനും, നമുക്കു ജീവനെ പ്രദാനം ചെയ്യുന്ന
വനുമായ ദൈവത്തിന്റെ ദയയും കൃപയും, സ
ർവ്വോപരി തന്റെ പരിപാലനയും, ഉണ്ടാകുമാ
റാകട്ടേ. ലോകം മുഴുവനിലും, സർവ്വ സൃഷ്ടികളി
ലും, ൟ ദേശത്തും അതിൽ വസിക്കുന്നവരിലും,
ൟ ഗ്രാമത്തിലും, അതിലെ നിവാസികളിലും,
അവ ധാരാളമായും സ്ഥിരമായും ഉണ്ടായിരി
ക്കട്ടേ. ബലഹീനരും, പാപികളും, ദരിദ്രരും,
പരദേശികളുമായ നമ്മുടെമേലും, ഇപ്പോഴും എ
ല്ലായ്പോഴും അവ ഉണ്ടായിരിക്കട്ടേ. ആമ്മേൻ.
സ്വാമീ! ആശീർവ്വദിക്കേണമേ. നീതിമാന്മാരുടെ
വസതിയിൽ അങ്ങേ പുരോഹിതന്റെ ആത്മാ
വിനെ സമാശ്വസിപ്പിക്കേണമേ.

## നല്ല കുമ്പസാരം കഴിക്കുന്നതിനു ജപങ്ങൾ.

### റൂഹാദ്ക്കുദ്ശായോടപേക്ഷ.

റൂഹാദ്ക്കുദ്ശാ തമ്പുരാനേ! അങ്ങുന്ന് എഴുന്നെള്ളി വ രിക; അങ്ങേ ദിവ്യപ്രകാശത്തിന്റെ കതിരിനെ എന്റെ ആത്മാവിൽ വീശി അതിന്റെ കണ്ണുകളെ തുറക്ക; അന്ധകാരത്തിൽ മറഞ്ഞിരിക്കുന്ന പാപങ്ങളേയും അവയുടെ തിന്മയേയും വലിപ്പത്തേയും അടിയൻ കണ്ടു്, ഈ പാപങ്ങൾ അങ്ങേക്കു് എത്രയോ വെറുപ്പുള്ളതാകുന്നു എന്നറിവാനും അവയെപ്രതി എത്രയും വ്യസനത്തോടുകൂടെ മനസ്താപപ്പെട്ടു് എന്റെ കണ്ണുനീരാൽ ഈ പാപാശുദ്ധതകളെ കഴുകുവാനും കൃപചെയ്യണമേ!

## ദേവമാതാവിനോടപേക്ഷ.

പരിശുദ്ധ കന്യകേ! വരപ്രസാദത്തിന്റെ മാതാവേ! പാപികളുടെ സങ്കേതമേ! അങ്ങേ മനോഗുണം നിറഞ്ഞ കണ്ണുകൾകൊണ്ടു് അടിയനെ തൃക്കൺപാർത്തു്, അടിയൻ ചെയ്തുപോയ എണ്ണമില്ലാത്ത ദോഷങ്ങൾ ഒക്കെയും ഓർപ്പാനും അവയെക്കുറിച്ചു മനസ്താപപ്പെട്ടു്, അതുകൾ ഒക്കെയും ഭയവും ശങ്കയുംകൂടാതെ പട്ടക്കാരനോടു് അറിയിപ്പാനും വീണ്ടും പാപം ചെയ്യാതിരിക്കുന്നതിന്നു് ഉറപ്പുള്ള പ്രതിജ്ഞ ചെയ്യുന്നതിനും അനുഗ്രഹം ചെയ്യരുളണമെന്നു് അങ്ങേ തിരുകുമാരനോടു് അപേക്ഷിക്കണമേ!

## കാവൽമാലാഖയോടപേക്ഷ.

എന്നെകാക്കുന്ന മാലാഖായേ! എന്നെ വിട്ടുപിരിയാത്ത എത്രയും ഉറപ്പുള്ള തുണയേ! ഞാൻ ചെയ്തിരിക്കുന്ന പാപങ്ങളെല്ലാം കണ്ടു് സങ്കടപ്പെട്ടുകയും എന്റെ മൂർക്ക പ്രകൃതത്തെ അറിഞ്ഞിട്ടും എന്നേ കൈ വിടാതെ കാത്തു രക്ഷിക്കയും ചെയ്തുവരുന്നുവല്ലോ. ഇപ്പോൾ ഞാൻ കഴിപ്പാൻപോകു

marggam
Digital Library of Christianity in India
www.marggam.com



ന്ന കുമ്പസാരം കഠിനവിധിക്കു ഹേതുവാകാതെ എന്റെ പാപങ്ങൾക്കു പൊറുതിയും എന്റെ ആത്മീയ വ്യാധികൾക്കു ശാന്തിയും എന്റെ ദുരിച്ഛകൾക്കു അമൎച്ചയും ഉണ്ടാകുന്നതിന്നു് എനിക്കുവേണ്ടി അപേക്ഷിക്കണമെന്നു നിന്നോടു ഞാൻ പ്രാൎത്ഥിക്കുന്നു. ആമ്മേനീശോ.

## ഈശോയുടെ
## തിരുഹൃദയത്തോടുള്ള അപേക്ഷ.

ആരാധനക്കു യോഗ്യനായിരിക്കുന്ന ഈശോയുടെ തിരുഹൃദയമെ! ഞാൻ വിചാരത്താലും വചനത്താലും പ്രവൃത്തിയാലും ചെയ്തിട്ടുള്ള സകല അക്രമങ്ങളേയും ദ്രോഹങ്ങളേയും അങ്ങുന്നു കണ്ടറിഞ്ഞതിനാൽ ആണല്ലോ — പൂങ്കാവനത്തിൽ വച്ചു്, കഠിന വ്യസനമനുഭവിച്ചു്, ദുഃഖസാഗരത്തിൽ മുങ്ങി, അങ്ങേ സൎവ്വാംഗങ്ങളിൽനിന്നും ചോരവിയൎത്തതു്; എന്റെ പാപങ്ങൾ ഒക്കയും ചുമന്നുകൊണ്ടു് അവയ്ക്കു പരിഹാരംചെയ്യുന്നതിന്നു വേണ്ടി അത്യധികമായി സങ്കടമനുഭവിക്കയും, കഠിനമായി അടിക്കപ്പെടുകയും, അന്യായമായി മുൾമുടി ധരിപ്പിക്കപ്പെടുകയും, അവമാനമായി കുരിശു ചുമപ്പിക്കപ്പെടുകയും കടശി അങ്ങേ തിരുപ്രാണനെക്കൂടെ വിട്ടുപിരികയും ചെയ്യുന്നതിന്ന തിരുമനസ്സായതു്.—

കൎത്താവേ! എന്റെ പാപങ്ങൾനിമിത്തം അങ്ങുന്നു് അനുഭവിച്ച വ്യാകുലങ്ങളേയും, നിന്ദാവമാന പീഡകളേയും, നല്ല മനസ്സോടെ കൈക്കൊണ്ട മരണത്തേയും ഓൎത്തു, എന്റെ ഹൃദയം ഉത്തമമനസ്താപമെന്ന വാളാൽ പിളക്കപ്പെടുവാനും, ഇനി ഒരിക്കലും ഇപ്രകാരമുള്ള പാപങ്ങളെ ചെയ്യാതെ, കഴിഞ്ഞ പാപങ്ങൾക്കുവേണ്ടി തപസ്സുചെയ്യാനും മ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

ഭരണം ചെയ്യണമേ! കൎത്താവേ! ആമ്മേനീശോ.

## ആത്മശോധനയുടെ ശേഷം ഉത്തമമനസ്താപ പ്രകരണം.

കരുണാകരനായ കൎത്താവേ! ദയാപരനായ സൎവ്വേശ്വരാ അനുഗ്രഹമുള്ള പിതാവേ! നിൎഭാഗ്യനും മനസ്താപപ്പെട്ടുന്നവനുമായ അടിയനെ അങ്ങേ തിരുമുമ്പിൽനിന്നു തള്ളിക്കളയാതെ, അങ്ങേ കൃപാധിക്യത്തിനൊത്തവണ്ണം തൃക്കൺ പാൎക്കണമേ! അടിയന്റെ പാപാക്രമങ്ങൾ എത്ര മഹാ വലുതായിരുന്നാലും, അങ്ങേ കൃപയും അനുഗ്രഹവും അവയെക്കാൾ അധികമായിരിക്കയാൽ, കൎത്താവേ! അവയെ പൊറുത്ത്, അടിയനെ രക്ഷിച്ചരുളണമേ എന്ന് അങ്ങേയോട്ട് അപേക്ഷിക്കുന്നു. ഹാ! എന്റെ നല്ല പിതാവേ! അങ്ങേക്ക് ഇത്ര വെറുപ്പുള്ളതായ പാപങ്ങളെ അടിയൻ ചെയ്തതിനാൽ, അടിയന്റെ മരണപൎയ്യന്തം കണ്ണുനീരിനുപകരം ചോര ചിന്തുവാനും ദുഃഖാധിക്യത്താൽ ശങ്കുതകൎന്നുപോകുവാനും കഠിന തപസ്സുചെയ്യാനും അടിയൻ ആഗ്രഹിക്കുന്നു. കൃപാനിധിയായ ദൈവമേ! അങ്ങേ പ്രീയമുള്ള ഏക പുത്രനായ ഞങ്ങളുടെകൎത്താവീശോമിശിഹായുടെ മാണിക്കമായ രക്തത്താൽ വീണ്ടുരക്ഷിക്കപ്പെട്ടുകയും തന്റെ തിരു ശരീരത്തെ ആത്മഭോജനമായി അനുഭവിക്കയും എണ്ണമില്ലാത്ത ഉപകാര സഹായങ്ങളെ കൈക്കൊള്ളുകയും ചെയ്ത അടിയൻ, അങ്ങേക്കു യോഗ്യമായ സ്തോത്രങ്ങൾ ചെയ്യാതെയും ഉപകാരനന്മകളെ അറിയാതെയും ഇത്രവളരെ ദ്രോഹങ്ങൾ ചെയ്തുപോയി കൎത്താവേ! അനുഗ്രഹിക്കണമേ!

കരുണനിറഞ്ഞ പിതാവേ! അടിയന്റെമേൽ ദയവായി

ടിക്കണമേ! അടിയൻ ചെയ്ത പാപങ്ങൾ ഒക്കെയും പൊറുക്കേണമേ! ഓ! അനുഗ്രഹമുള്ള പിതാവേ! അളവില്ലാത്ത പക്ഷത്തോടുകൂടെ എന്നെ സ്നേഹിക്കുന്ന പരമ നന്മയേ! അങ്ങയെ സ്നേഹിക്കാതെ, ഇത്രയധികം ദ്രോഹങ്ങൾ ചെയ്തതെങ്ങനെ! കൊടിയ പിശാചുക്കളെ! നിങ്ങളേക്കാൾ അധികം ദുഷ്ടനായ എന്നെ ഇതുവരെ നരകത്തിലേക്കു വലിച്ചുകൊണ്ടുപോകാതിരുന്നതു എന്തുകൊണ്ടാണു? സൃഷ്ടിക്കപ്പെട്ട വസ്തുക്കളെ നിങ്ങളുടെ സ്രഷ്ടാവിനെ നിന്ദിച്ച നീചപ്പുഴുവായ എന്നെ ജീവനോടിരിപ്പാൻ അനുവദിച്ചതെങ്ങനെ! ആശ്ചര്യം! എന്റെ പാപങ്ങളേയും അയോഗ്യതയേയും ഓർത്തു നാണിച്ചു ഞെട്ടിഞെട്ടി വിറക്കുന്നു. ഞാൻ എവിടെ പോയൊളിക്കും?.

രാജാധിപതി രാജാവായ ഈശോമ്ശിഹായുടെ തിരുഹൃദയമേ, അങ്ങേ കൃപയെ കൈക്കൊള്ളുന്നതിനു്, ഞാൻ എത്രയും അയോഗ്യനായിരുന്നാലും, അങ്ങേ മഹിമപ്രതാപം എങ്ങും വിളങ്ങി പ്രകാശിപ്പാനും, മോക്ഷരാജ്യത്തിൽ സന്തോഷം വർദ്ധിപ്പാനും, ഭൂലോകത്തിലുള്ള നീതിമാന്മാർ ആശ്വാസം പ്രാപിപ്പാനും, സകല പാപികൾക്കും അങ്ങയിൽ ശരണമുണ്ടാകുവാനും എല്ലാ ദ്രോഹികളെക്കാൾ വലിയ ദ്രോഹിയായ എന്നോടു പൊറുത്തരുളണമേ!

നിത്യപിതാവേ! അടിയൻ ചെയ്ത അക്രമങ്ങൾക്കു അടിയനുള്ള മനസ്താപം മതിയാകുന്നില്ല. അതുകൊണ്ടു് അങ്ങേക്കു് ഈ പാപങ്ങളോടുള്ള അത്യന്ത വെറുപ്പിനേയും അങ്ങേ തിരുക്കുമാരനായ ഞങ്ങളുടെ കർത്താവീശോമ്ശിഹായുടെ തിരുഹൃദയം പൂങ്കാവനത്തിൽവച്ചു് അതുകൾ നിമിത്തം അനുഭവിച്ച അവർണ്ണനീയമായ മനഃക്ലേശത്തേയും സ്ലീവാ

മരത്തിൽ സഹിച്ച മരണാവേദനയുടെ കഠോരതയേയും അങ്ങേ തൃപ്പാദത്തിങ്കൽ കാണിക്കയായിട്ടും പരിഹാരമായിട്ടും കാഴ്ചവെക്കുന്നു. മ്ശിഹാ എന്നെപ്രതി മരിച്ച്, തന്റെ തിരുരക്തത്താൽ എന്റെ പാപങ്ങളെ കഴുകിയതിനാൽ ഒരം രക്ഷിതാവിന്റെ തിരുമരണത്തേയും തിരുച്ചോരയേയുംകുറിച്ച്, എന്റെ പാപങ്ങളെ പൊറുത്ത്, എന്റെ ആത്മാവിന് അങ്ങേ ദിവ്യ വരപ്രസാദം തന്നരുളണമേ!

ദിവ്യപിതാവേ! ഓ! എന്റെ ദയനിറഞ്ഞ ദിവ്യരക്ഷിതാവേ! മാധുര്യമുള്ള ഈശോയേ! ഞാൻ ഇപ്രകാരമുള്ള പാപങ്ങളെചെയ്തുകൊണ്ടു കൊടിയ പിശാചുക്കളെ എന്റെ ഹൃദയത്തിൽ വാഴിച്ചിരുത്തുകയിൽ, അങ്ങേ തിരുമുമ്പിൽ നില്പാൻ തുനിയുന്നതെങ്ങനെ? എങ്കിലും "നിർഭാഗ്യരും സങ്കടപ്പെടുന്നവരും പാപികളുമായ നിങ്ങൾ എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന് അങ്ങുന്നു അരുളിച്ചെയ്തു, ഞങ്ങളെ ക്ഷണിക്കുന്നുവല്ലോ. ഇതാ സങ്കടപ്പെട്ടു ലജ്ജിച്ച് അങ്ങേ കൃപയിൽ ശരണപ്പെട്ടുകൊണ്ടും എന്റെ പാപങ്ങളെ വെറുത്തുപേക്ഷിച്ച് കുരിശിന്മേൽ തൈക്കപ്പെട്ട അങ്ങേ തൃപ്പാദങ്ങളെ പിടിച്ചുതഴുകിക്കൊണ്ടും, അങ്ങേ തിരുവിലാവിൽനിന്നൊഴുകിയ തിരുച്ചോരയുടെ ഒരു തുള്ളി എന്റെമേൽ വീഴിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. അങ്ങേ തിരുഹൃദയം പൂങ്കാവനത്തിൽവച്ച് ദുഃഖസാഗരത്തിൽ മുഴുകുവാനും സർവ്വാംഗവും മുറിവേററ് അങ്ങേ ദിവ്യാത്മാവു തിരു ശരീരത്തിൽനിന്ന് വേറുപിരിവാനും ഞാനത്രെ കാരണക്കാരനെന്ന് ഏററുപറയുന്നു.

അങ്ങേ കൊലപാതകർക്കുവേണ്ടി അങ്ങുന്ന് അപേക്ഷിച്ചു

എന്നും അങ്ങേ തിരു വിലാവ് കുത്തിത്തുറന്ന പാതകനെ ശുദ്ധീകരിച്ചുവെന്നും അങ്ങുന്നു പിതാവായ ദൈവത്തെനോക്കി സകല പാപികൾക്കുംവേണ്ടി ഉച്ചസ്വരത്തിൽ അപേക്ഷിച്ചു എന്നും എനിക്കറിയാം. അതുകൊണ്ട് അനുഗ്രഹമുള്ള ദിവ്യ ചെമ്മരിയാട്ടിൻകുട്ടി! അങ്ങുന്നു ചിന്തിയ തിരുച്ചോരയെക്കുറിച്ച് എന്നെ കൃപയോടെ തൃക്കൺപാർത്ത് എന്റെ പാപങ്ങളെ പൊറുത്തരുളണമേ!

ഓ! അളവില്ലാത്ത പക്ഷംനിറഞ്ഞ പിതാവേ! ധൂർത്ത പുത്രനായ അടിയനെ കൈക്കൊള്ളണമേ! സദാ സന്നദ്ധനായ നല്ല ഇടയനേ, തെററിപ്പോയ ആട്ടിൻകുട്ടിയായ എന്നെ സ്വീകരിക്കണമേ! ഓ! സ്നേഹത്തിന് എത്രയും യോഗ്യനായ രക്ഷിതാവേ! അങ്ങേ രക്തവിയർപ്പും ചോര ചിന്തലും കഠിന മരണവും എനിക്കു വ്യർത്ഥമായിപ്പോകുവാൻ അനുവദിക്കല്ലേ! അങ്ങുന്നു എനിക്കുവേണ്ടി കുരിശിന്മേൽ അങ്ങേ കൈകളെ വിരിച്ചതിനെഓർത്ത് അങ്ങേപ്പക്കലേക്കു അടിയനെ വിളിക്കണമേ! അടിയനായി അങ്ങേ തിരുഹൃദയം തുറക്കപ്പെട്ടിരിക്കയാൽ അതിൽ അടിയനെ വച്ചു സൂക്ഷിച്ചുകൊള്ളണമേ! ഓ! മാധുര്യമുള്ള തിരു ഹൃദയമേ! ദൈവസ്നേഹത്തിന്റെ ജ്വാലയേ! അടിയന്റെ കഠിനമായ ദുഷ്ട ഹൃദയത്തെ ഇളക്കണമേ! ചെയ്തുപോയ പാപങ്ങളെപ്രതി മനസ്താപപ്പെടുവാനും അങ്ങേ സ്നേഹാഗ്നിയാൽ കത്തിജ്വലിപ്പാനും ഇനിയൊരിക്കലും യാതൊരു ദ്രോഹവും ചെയ്യാതിരിപ്പാനും കടശി നല്ലമരണം പ്രാപിപ്പാനും മനോഗുണംചെയ്യണമേ! കർത്താവേ! ആമ്മനീശോ.

marggam
Digital Library of Christianity in India
www.marggam.com



## വി. കുർബ്ബാന കൈക്കൊള്ളും മുമ്പിലുള്ള അപേക്ഷ.

എന്റെ കർത്താവീശോമ്ശിഹായേ! സ്വാമി! അങ്ങുന്നു മനുഷ്യരെ കൃപാകടാക്ഷത്തോടെ തൃക്കൺപാർത്തുകൊണ്ടു്, "അദ്ധ്വാനപ്പെടുന്നവരും ചുമടു വഹിച്ചിരിക്കുന്നവരുമായ നിങ്ങൾ എവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു് കല്പിച്ചരുളിയല്ലോ. അല്ലേ ഈപ്രകാരമുള്ള അമൃതവചനങ്ങളാൽ അങ്ങുന്നു കാണിച്ച ദയ എത്രയധികം അടിയനെ അങ്ങേ പക്കലേക്കു ആകർഷിക്കുന്നു. അടിയനാർ? അങ്ങുന്നാർ? അങ്ങേ മഹിമക്കും അടിയന്റെ നീചത്വത്തിന്നും എത്രയോ വ്യത്യാസം. എന്റെ ശരീരം അശുദ്ധത നിറഞ്ഞ പാത്രമത്രെ. ആത്മാവോ എന്നാൽ അതും പാപത്താൽ അലങ്കോലമായിട്ടത്രെയിരിക്കുന്നതു്. അങ്ങേപ്പക്കൽ അടിയൻ അടുത്തുവരുന്നതെങ്ങനെ? ആദിമകാലത്തിൽ ഊസാ എന്നവൻ ഗുരുത്വപ്പെട്ടവും ഭയഭക്തിയുംകൂടാതെ വാഗ്ദാനത്തിന്റെ പെട്ടകത്തെ തൊട്ടതിനാൽ ഉടൻ തന്നെ ചത്തുവീണു,

അയ്യോ, അടിയൻ അങ്ങേ പട്ടാങ്ങയായ ദിവ്യശരീരത്തെ കൈക്കൊള്ളുവാൻ അടുത്തുവരുന്നതെങ്ങനെ? മൂശനിവ്യാ അങ്ങേ തിരുവചനം കേൾപ്പാൻ നാല്പതുദിവസം അന്നപാനംകൂടാതെ ഉപവസിച്ചു. അടിയൻ അങ്ങേ തിരുസ്സന്നിധിയിൽ വരുന്നതു് തിരുവചനം കേൾപ്പാൻ മാത്രമല്ല പിന്നെയോ. അങ്ങേത്തന്നെ ഉൾക്കൊള്ളുവാനത്രെ. അപ്പോൾ എന്റെ ഹൃദയം എത്രയോ ശുദ്ധമുള്ളതാകേണ്ടിയിരിക്കുന്നു. ഈ

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

സൈന്യ ശതാധിപന്റെ വീട്ടിലേക്കു, ദീനക്കാരനെ സൗഖ്യപ്പെടുത്തുന്നതിനായി അങ്ങുന്നു എഴുന്നരുളാമെന്നു കല്പിച്ചപ്പോൾ, "അങ്ങുന്നു അടിയന്റെ കൊട്ടിലിൽ പ്രവേശിപ്പാൻ അടിയനയോഗ്യനത്രെ." എന്നു അയാൾ മഹാ എളിമയോടെ മനസ്സുരുകിക്കൊണ്ടു ബോധിപ്പിച്ചു. എന്നാൽ അങ്ങുന്നു അടിയന്റെ വീട്ടിലല്ല, ഹൃദയത്തിൽ എഴുന്നരുളുന്നതാകയാൽ എന്തൊരു പുണ്യയോഗ്യതകളോടുകൂടി അങ്ങേ കൈക്കൊള്ളുവാൻ അടിയൻ തുനിയും? അയ്യോ അനേകം പുണ്യാത്മാക്കൾ, ജീവൻ തരുന്ന അങ്ങേ തിരു ശരീരത്തെ ഉൾക്കൊള്ളുവാനുള്ള ഭാഗ്യം സിദ്ധിക്കുന്നതിനുമുമ്പായി അനേകം ദിവസം ധ്യാനവും ഉപവാസവുമായിരുന്നുകൊണ്ടു അങ്ങേ മഹിമയേയും സ്വന്ത നീചത്വത്തേയും നിരൂപിച്ചു, എളിമയിൽ മുഴുകിയതിനാൽ, ദൈവസ്നേഹാഗ്നിയാൽ അവരുടെ ഹൃദയം എരിഞ്ഞിരുന്നു. അടിയനോ എന്നാൽ അങ്ങേ ദിവ്യ ശരീരത്തെ ഉൾക്കൊള്ളുവാൻ വരികയിൽ, ഒരുനാഴികയെങ്കിലും വേണ്ടുംവണ്ണം ധ്യാനിക്കയാവട്ടെ, അടിയന്റെ ആത്മാവിൽ ദൈവസ്നേഹത്തിന്റെ ആരംഭംപോലും ഉണ്ടാകുകയാവട്ടെ ചെയ്തിട്ടില്ല. എങ്കിലും എന്റെ പിതാവെ! അങ്ങേപ്പക്കൽ വരാതെ അടിയനു രക്ഷപെടുവാൻ പാടില്ലാത്തതുകൊണ്ടു, രോഗിയായ അടിയൻ ദിവ്യ വൈദ്യനായ അങ്ങേ അടുക്കൽ വരുന്നു. വിശപ്പാലും ദാഹത്താലും വലഞ്ഞിരിക്കുന്നയടിയൻ ദിവ്യാമൃതമൊഴുകുന്ന ഉറവയായ അങ്ങേപ്പക്കൽ അടുക്കുന്നു. ദരിദ്രനായ അടിയൻ സ്വർഗ്ഗീയ രാജാവായ അങ്ങേ സന്നിധിയിൽ ഹാജരാകുന്നു. ദാസനായ അടിയൻ യജമാനനായ അങ്ങേപ്പക്കൽ വരുന്നു. അടിയനു വേ

ങ്ങതായ സകല സഹായവും അനുഗ്രഹവും അങ്ങേ അടുക്കൽനിന്നു് അടിയനു ലഭിക്കുമെന്നു് ഉറപ്പായി ശരണപ്പെടുന്നു. ഹാ! ഈശോ ആശയാൽ എന്റെ ഹൃദയം തുടിക്കുന്നു. സ്നേഹത്താൽ എരിയുന്നു. ഹാ! കർത്താവെ, എഴുന്നെള്ളിവരിക. ഒരു നാഴിക അനേകം ദിവസംപോലെ അടിയന്നു തോന്നിപ്പോകുന്നു.

## ശു. കുർബാന ഉൾക്കൊണ്ടതിന്റെ

### ശേഷമുള്ള അപേക്ഷ.

മ്ശിഹായുടെ ദിവ്യാത്മാവെ, എന്നെ ശുദ്ധീകരിക്കണമെ. മ്ശിഹായുടെ തിരു ശരീരമെ, എന്നെ രക്ഷിക്കണമെ. മ്ശിഹായുടെ തിരു രക്തമെ, എന്നെ ലഹരി പിടിപ്പിക്കണമെ. മ്ശിഹായുടെ തിരുവിലാവിലെ വെള്ളമെ, എന്നെ കഴുകണമെ. മ്ശിഹായുടെ പീഡാനുഭവമെ, എന്നെ ധൈര്യപ്പെടുത്തണമെ. നല്ല ഈശോയെ! എന്റെ അപേക്ഷയെ കേൾക്കണമെ. അങ്ങേ തിരുമുറിവുകളുടെ ഇടയിൽ എന്നെ മറച്ചുകൊള്ളണമെ. അങ്ങയിൽനിന്നു പിരിഞ്ഞുപോകുവാൻ എനിക്കു് അനുവദിക്കല്ലെ. ദുഷ്ടശത്രുവിൽനിന്നു് എന്നെ കാത്തുകൊള്ളണമെ. എന്റെ മരണനേരത്തിൽ, എന്നെ അങ്ങേ പരിശുദ്ധന്മാരോടുകൂടെ നിത്യമായി അങ്ങയെ സ്തുതിച്ചുകൊണ്ടാടുന്നതിനു് അങ്ങെ അടുക്കൽ വരുവാൻ എന്നോടു കല്പിക്കണമെ. ആമ്മേൻ.

## മൂന്നു പരിശുദ്ധ ബാലന്മാരുടെ സംഗീതം.

കർത്താവിനാൽ സൃഷ്ടിക്കപ്പെട്ട സകല വസ്തുക്കളെ, കർത്താവിനെ സ്തുതിപ്പിൻ; തന്നെ എന്നേക്കും പുകഴ്ത്തി ഉയർത്തു

വിൻ. കൎത്താവിന്റെ ദൂതന്മാരെ, കൎത്താവിനെ സ്തുതിപ്പിൻ.
പരമണ്ഡലങ്ങളെ, തനിക്കു സ്തോത്രം ചെയ്യിൻ. ആകാശ
ത്തിനുമേൽ നില്ക്കുന്ന ജലമെ, കൎത്താവിനെ സ്തുതിപ്പിൻ; ക
ൎത്താവിന്റെ സകല സൈന്യങ്ങളെ, തന്നെ പുകഴ്ത്തി വാ
ഴ്ത്തുവിൻ. സൂൎയ്യനെ, ചന്ദ്രനെ, കൎത്താവിനെ പുകഴ്ത്തു
വിൻ. ആകാശമണ്ഡലത്തിലുള്ള നക്ഷത്രങ്ങളെ, കൎത്താവി
നെ സ്തുതിപ്പിൻ. മഴയും മഞ്ഞുമായവയെ, കൎത്താവിനെ
സ്തുതിപ്പിൻ. സകല അരൂപികളെ, കൎത്താവിനെ വാഴ്ത്തു
വിൻ. അഗ്നിയെ, ചൂടെ, കൎത്താവിനെ പുകഴ്ത്തുവിൻ. കു
ളിരെ, ഉഷ്ണമെ കൎത്താവിനെ സ്തുതിപ്പിൻ. ഹിമക്കട്ടമെ,
വെണ്ണയെ, കൎത്താവിനെ സ്തുതിപ്പിൻ. പനിവെള്ളമെ,
കുളിരെ, കൎത്താവിനെ പുകഴ്ത്തുവിൻ. ഉറച്ച ജലമെ, പ
നിക്കട്ടയെ കൎത്താവിനെ സ്തുതിപ്പിൻ. രാവെ, പകലെ, ക
ൎത്താവിനെ പുകഴ്ത്തുവിൻ. പ്രകാശമെ, അന്ധകാരമെ, ക
ൎത്താവിനെ പുകഴ്ത്തുവിൻ. മിന്നലുകളെ, മേഘങ്ങളെ, ക
ൎത്താവിനെ സ്തുതിപ്പിൻ. ഭൂമി മുഴുവനും കൎത്താവിനെ സ്തു
തിക്കുമാറാകട്ടെ. സദാകാലവും തന്നെ പുകഴ്ത്തി ഉയൎത്ത
ട്ടെ. പൎവ്വതങ്ങളെ, കുന്നുകളെ, കൎത്താവിനെ പുകഴ്ത്തുവി
ൻ. ഭൂമിയിലുള്ള സകലമാന മുളകളെ. കൎത്താവിനെ വാ
ഴ്ത്തുവിൻ. ഉറവകളേ, കൎത്താവിനെ വാഴ്ത്തുവിൻ. സമു
ദ്രമേ, നദികളേ, കൎത്താവിനെ പുകഴ്ത്തുവിൻ. മത്സ്യങ്ങ
ളേ, ജലത്തിലേ സകല ജന്തുക്കളുമേ, കൎത്താവിനെ സ്തുതി
പ്പിൻ. ആകാശ ജീവികളായ സകല പറവകളേ, കൎത്താ
വിനെ സ്തുതിപ്പിൻ. സകല ജീവികളേ, നാല്ക്കാലി മൃഗങ്ങ
ളേ കൎത്താവിനെ പുകഴ്ത്തുവിൻ. മനുഷ്യപുത്രരേ, കൎത്താ

വിനെ പുകഴ്ത്തുവിൻ. ഇസ്രായേൽജനം കർത്താവിനെ സ്തുതിക്കുമാറാകട്ടെ. സദാകാലവും തന്നെ പുകഴ്ത്തി ഉയർത്തട്ടെ. കർത്താവിന്റെ ഗുരുക്കളെ, കർത്താവിനെ സ്തുതിപ്പിൻ. കർത്താവിന്റെ ശുശ്രൂഷികളേ, കർത്താവിനെ വാഴ്ത്തുവിൻ. പുണ്യവാന്മാരുടെ ആത്മാക്കളെ, ആത്മാക്കളേ, കർത്താവിനെ സ്തുതിപ്പിൻ. നിഷ്കളങ്കമുള്ളവരേ, ഹൃദയ എളിമയുള്ളവരേ, കർത്താവിനെ സ്തുതിപ്പിൻ. ഹനാനിയായേ. അസ്സറിയായെ, മിശായേലേ, കർത്താവിനെ സ്തുതിപ്പിൻ. ശ്ലീഹന്മാരേ, നിവ്യന്മാരേ, കർത്താവിനെ പുകഴ്ത്തുവിൻ. കർത്താവിന്റെ രക്തസാക്ഷികളേ, കർത്താവിനെ സ്തുതിപ്പിൻ. സദാകാലവും തന്നെ പുകഴ്ത്തി ഉയർത്തുവിൻ. പിതാവിനേയും സുതനേയും റൂഹാദ്ക്കുദ്ശായേയും നാം സ്തുതിക്കണം. സദാകാലവും നാം അവരെ വണങ്ങി സ്തുതിക്കണം. കർത്താവേ, ആകാശമണ്ഡലത്തിൽ അങ്ങുന്ന് വാഴ്ത്തപ്പെട്ടവനാകുന്നു. സദാകാലവും അങ്ങുന്നു സ്തുതിക്കപ്പെട്ടവനും മഹത്വപ്പെട്ടവനും എത്രയും പുകഴ്ത്തപ്പെട്ടവനുമാകുന്നു.

## സ്നേഹ പ്രകരണങ്ങൾ.

എന്റെ കർത്താവേ, അങ്ങു എന്റെ ദൈവവും എന്റെ സമസ്തവുമാകുന്നു. എന്റെ ദൈവമേ, അങ്ങേമാത്രം എനിക്കു മതി. അങ്ങേക്കുള്ളവനാകുവാനല്ലാതെ മറ്റൊന്നിനേയും ഞാൻ ആഗ്രഹിക്കുന്നില്ല. കർത്താവേ, എന്നെ ക്കൊണ്ട് അങ്ങേക്കിഷ്ടമാംവണ്ണം ചെയ്ക. എന്റെ സർവ്വേശ്വരാ, അങ്ങു തിരുമനസ്സാകുന്നതുമാത്രം ഞാനും മനസ്സാകുന്നു. സർവ്വത്തും അങ്ങേയിഷ്ടംപോലെ ആകട്ടെ. വേണ്ടപോലും അറിയപ്പെടാത്തവനും സ്നേഹിക്കപ്പെടാത്തവനുമായ എന്റെ ദൈ

വരേ, എല്ലാവരും അങ്ങയേ അറിവാനും സ്നേഹിപ്പാനും കൃപചെയ്യണമേ. കർത്താവേ, പാപിയായ അടിയനെ അനുഗ്രഹിക്കണമേ. എന്റെ ഈശോയേ. എന്റെ ശരണമേ, എന്റെ സ്നേഹമേ, അടിയൻ അങ്ങയെ ഉപദ്രവിച്ചതിനോളം അങ്ങയെ സ്നേഹിപ്പാൻ മനസ്സാക്കണം ചെയ്യണമേ. മേലിൽ അങ്ങയെ സ്നേഹിക്കയില്ലാതെങ്കിൽ ഇപ്പോൾതന്നെ അടിയനെ മരിപ്പിക്കണമേ. കുരിശിൽ എല്ലാവരാലും കൈവിടപ്പെട്ട ഈശോയേ, എന്റെ മരണനേരത്തിൽ അടിയനെ കൈവിടല്ലേ. കർത്താവേ, അടിയന്റെ ഹൃദയത്തിൽ അങ്ങേ സിംഹാസനം സ്ഥാപിച്ചരുളണമേ. എന്റെ ദൈവമായ ഈശോയേ, എല്ലാവസ്തുക്കളേക്കാൾ അങ്ങയേ ഞാൻ സ്നേഹിക്കുന്നു. ആമ്മേൻ ഈശോ.

## ഈശോയുടെ ദിവ്യ കാരുണ്യ ഹൃദയത്തെ ഏററം പ്രസാദിപ്പിക്കുന്ന ഒരു ജപം.

എന്റെ ദൈവമേ! എന്റെ ആത്മാവിന്റെ ശക്തിയോടെയോടുംകൂടെ വിശുദ്ധ കുർബ്ബാനയിൽ നിന്നെ ഞാനാരാധിക്കുന്നു. എന്റെനേരെയുള്ള സ്നേഹത്തെപ്രതി മറഞ്ഞിരിപ്പാൻ തിരുമനസ്സായ, ലോകത്തിന്റെ എല്ലായിടങ്ങളിലുമുള്ള സക്രാരികളിൽ നിന്നെ ഞാൻ വാഴ്ത്തി സ്നേഹിക്കുന്നു. എന്നാൽ എല്ലാററിലും അധികമായി, നീ വണക്കക്കുറവായി അനാദരിക്കപ്പെട്ടുവരുന്ന ദേവാലയങ്ങളിൽ നിന്നെ ആശ്വസിപ്പിച്ച് ആരാധിക്കുന്നതിന് ഞാനാഗ്രഹിക്കുന്നു. നിന്റെ ഏകാന്തത്തിൽ നിന്നോട്ടു സഹതപിക്കയും, മറെറാന്നും ചെയ്വാൻ എനിക്കു വശമില്ലാത്തതിനാൽ മനസ്സുകൊണ്ടും ഹൃദയംകൊ

marggam
Digital Library of Christianity in India
www.marggam.com



ണ്ടും എല്ലാപ്പോഴും നിന്നോടുകൂടിയിരുന്നുകൊള്ളുമെന്നു ഞാൻ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. നീ എന്നെ അനുഗ്രഹിച്ചു എന്റെ രക്ഷയായിരിക്കേണമേ. ആത്മാക്കളുടെ ഏററം എറിവുള്ള സ്നേഹിതാ! എല്ലാ മനുഷ്യരേയും ആശീർവ്വദിച്ചനുഗ്രഹിപ്പാൻ നിന്നോടു ഞാൻ എളിമയോടുകൂടെ പ്രാർത്ഥിക്കുന്നു. എല്ലാവരും നിന്നെയറിഞ്ഞു ഈ ലോകത്തിലും പരലോകത്തിലും നിത്യമായി നിന്നെ സ്നേഹിപ്പാൻ നീ ഇടവരുത്തിയരുളേണമേ. ആമ്മേൻ.

Nihil obstat.

Pr. Joseph Chakalail.
Censor deputatus.

29 – 9 – 23
Palai.

Imprimatur.

Mgr. Jacob Callarakel
V. G.

Changanacherry
11 – 10 – 1923.

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org

SOCIETY OF INDIA